# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



ഒക്ടോബർ - 16 വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ

Vol. LXXVI No. 10 Oct 2026 ഏലിയാ – സ്ലീവാ – മൂശേക്കാലങ്ങൾ



കോട്ടയം അതിരൂപതയുടെ

**സഹായമെത്രാനായി**

അഭിഷിക്തനായ

# മാർ തോമസ് ആനിമൂട്ടിൽ

പിതാവിന്

പാലാ രൂപതയുടെ

## പ്രാർത്ഥനാശംസകൾ



**The Dwelling of the Holy Trinity:**

A Theological and Liturgical Analysis of John 14:15-36

എന്ന വിഷയത്തിൽ

**വടവാതൂർ**

പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസിൽനിന്ന് ഡോക്ടറേറ്റ് നേടിയ

**ഫാ. ജോസഫ് പാണ്ടിയാമ്മാക്കലിന്**

രൂപതാ കുടുംബത്തിന്റെ

## ആശംസകൾ







## 2026 സെപ്റ്റംബർ 6

മാർ സ്ലീവാ മെഡിസിറ്റി അനസ്തേഷ്യോളജി വിഭാഗം സംഘടിപ്പിച്ച
**CME പ്രോഗ്രാം IMPACT 2026**
ബഹു. ജലവിഭവവകുപ്പുമന്ത്രി ശ്രീ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു.
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.











## 2026 സെപ്റ്റംബർ 8

പാലാ കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയും
പി. എസ്. ഡബ്ല്യു. എസും സംയുക്തമായി നടത്തുന്ന സംരംഭമായ

# "കുട്ടികളും കൃഷിയിലേക്ക്"

എന്ന പ്രോഗ്രാമിന്റെ

**ഉദ്ഘാടനവും പച്ചക്കറിത്തൈ വിതരണവും**

നിർവഹിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്













## 2026 സെപ്റ്റംബർ 11

മാർ സ്ലീവാ മെഡിസിറ്റിയുടെ ഏഴാം വാർഷികാഘോഷങ്ങളുടെ ഭാഗമായി അതിനൂതന സൗകര്യങ്ങളോടുകൂടിയ ഗ്യാസ്ട്രോസയൻസസ് ആൻഡ് പൾമണറി ബ്ലോക്കിന്റെ ഉദ്ഘാടനം, ഗ്യാസ്ട്രോസയൻസസ് സെന്റർ ഓഫ് എക്സലൻസ് പ്രഖ്യാപനം, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പൂർത്തിയായ 150 പേരുടെ സംഗമം എന്നിവ ആരോഗ്യവകുപ്പുമന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ചടങ്ങുകൾക്ക് അധ്യക്ഷത വഹിച്ചു സന്ദേശം നൽകി.











2026 സെപ്റ്റംബർ 14

## മാർ സ്ളീവാ മെഡിസിറ്റിയുടെ
# ഹോംഡേയോട് അനുബന്ധിച്ച്

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
വി. കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിച്ച
**Stem Cell and Bone Marrow Transplant**
യൂണിറ്റിന്റെ വെഞ്ചരിപ്പുകർമ്മം
നിർവഹിക്കുകയും ചെയ്തു.

MAR SLEEVA® medicity palai | *A Temple of Health*









2026 സെപ്റ്റംബർ 18

ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ച്
## നാഷണൽ എക്യുമെനിക്കൽ ബിഷപ്സ് ഫെല്ലോഷിപ്പിന്റെയും
## നാഷണൽ ഫെഡറേഷൻ ഓഫ് ചർച്ചസ് ഓഫ് ഇന്ത്യയുടെയും
സംയുക്തയോഗം സമ്മേളിച്ചു
സി. ബി. സി. ഐ പ്രസിഡന്റ് കർദ്ദിനാൾ ആന്റണി പൂള
ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ ഭാരതത്തിലെ വിവിധ ക്രൈസ്തവസഭകളിലെ
മെത്രാന്മാരും പ്രതിനിധികളും പങ്കെടുത്തു.
സി.ബി.സി.ഐ. ഡെസ്ക് ഫോർ എക്യുമെനിസം ചെയർമാൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് സമാപനസന്ദേശം നൽകി.










**2026 സെപ്റ്റംബർ 19**

**ചൂണ്ടച്ചേരി SJIHMCTയിൽ**
**"Entrepreneurial Thinking as Culture: The Future of Hospitality & Tourism Industry"**
**എന്ന വിഷയത്തിന്മേൽ വിളിച്ചുചേർത്ത**
**അന്താരാഷ്ട്ര സെമിനാറിൽ**
**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്**
**സമാപനസന്ദേശം നൽകി.**








**2026 സെപ്റ്റംബർ 24**

**പാലാ സെന്റ് തോമസ് BEd കോളേജിൽ വച്ച്**
**"Human-AI Synergy: Transformative Perspectives on Life, Research, Ethics and Education"**
**എന്ന വിഷയത്തിൽ നടന്ന രാജ്യാന്തര സെമിനാർ**
**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത് മുഖ്യസന്ദേശം നൽകി.**



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

OCTOBER 2026
Vol. LXXVI No. 10

# CONTENTS

സർക്കുലർ ........................................................................ 623

സർക്കുലർ ........................................................................ 629

സർക്കുലർ ........................................................................ 640

അറിയിപ്പ് ........................................................................ 646

വാർത്തകൾ ........................................................................ 652

അഭിവന്ദ്യപിതാവിന്റെ ഡയറി .................................................. 694

No.4325/K-5/KCBC/OL/DS 22.09.2026

# ആഗോളസഭയിൽ ആചരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഫ്രാൻസിസ്കൻവർഷത്തിന്റെ പ്രാധാന്യവും പ്രസക്തിയും

യേശുവിൽ ഏറെ സ്നേഹിക്കപ്പെടുന്ന വന്ദ്യവൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും കാരുണ്യവും സമാധാനവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

ആഗോളസഭ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ വളരെ ഭക്തിപൂർവം ആചരിക്കുന്ന ഈ പുണ്യദിനത്തിൽ, നിങ്ങളേവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തിരുനാൾമംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. റോമിലെ പരിശുദ്ധപിതാവ് ലിയോ പതിന്നാലാമന്റെ ആഹ്വാനപ്രകാരം നാം ആചരിച്ചുവരുന്ന 'ഫ്രാൻസിസ്കൻ വർഷം' നമ്മുടെ ആത്മീയജീവിതത്തെ നവീകരിക്കാനുള്ള അപൂർവമായ ഒരവസരമാണ്. വിശുദ്ധ ഫ്രാൻസിസ് ഇഹലോകവാസം വെടിഞ്ഞ് സ്വർഗീയഭവനത്തിലേക്കു പ്രവേശിച്ചതിന്റെ എട്ടാം ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ, അദ്ദേഹത്തിന്റെ ജീവിതവും സന്ദേശങ്ങളും ഇന്നത്തെ സമൂഹത്തിൽ എത്രത്തോളം പ്രസക്തമാണെന്നു ധ്യാനിക്കാൻ തിരുസ്സഭ നമ്മെ ക്ഷണിക്കുന്നു.

ഇന്നു നാം ജീവിക്കുന്ന ലോകം വലിയ സാങ്കേതികമുന്നേറ്റങ്ങൾക്കും ഭൗതികവളർച്ചയ്ക്കും സാക്ഷ്യം വഹിക്കുന്നുണ്ടെങ്കിലും, മനുഷ്യഹൃദയങ്ങളിൽ സമാധാനവും സന്തോഷവും കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. സ്വാർത്ഥതയും ഉപഭോഗസംസ്കാരവും അക്രമങ്ങളും പ്രകൃതിക്കുമേലുള്ള ചൂഷണങ്ങളും ജീവിതത്തിന്റെ ഭാഗമായി മാറിയ ഒരു കാലഘട്ടത്തി

ലാണ് നാം ജീവിക്കുന്നത്. കൃത്യമായി പറഞ്ഞാൽ, എണ്ണൂറു വർഷങ്ങൾക്കുമുമ്പ് വിശുദ്ധ ഫ്രാൻസിസ് ജീവിച്ചിരുന്ന ആ കാലഘട്ടത്തിൽ, അദ്ദേഹത്തിന്റെ ഇടപെടലുകളുണ്ടായ അക്കാലത്തെ ധാർമ്മിക അപചയങ്ങൾക്കും അസ്വസ്ഥതകൾക്കും ഏറെക്കുറെ സമാനമായ ഒരവസ്ഥയിലൂടെയാണ് ഇന്നത്തെ ലോകവും കടന്നുപോകുന്നത്.

ഇത്തരം അന്ധകാരമയമായ സാഹചര്യങ്ങളിലാണ് ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം നമുക്കു വഴികാട്ടിയാകുന്നത്. സമ്പന്നനായ ഒരു വ്യാപാരിയുടെ മകനായി ജനിച്ച ഫ്രാൻസിസ്, ലോകത്തിന്റെ സുഖഭോഗങ്ങളെയും പദവികളെയും അതിന്റെ സാധ്യതകളെയും പൂർണ്ണമായി ഉപേക്ഷിച്ച് ക്രിസ്തുവിന്റെ ദാരിദ്ര്യവും ലാളിത്യവും സ്വന്തമാക്കാൻ തയ്യാറായി. തനിക്കു ലഭിക്കുമായിരുന്ന സകല ഐഹികനേട്ടങ്ങളെക്കാളും വലിയ നിധിയായി അവൻ സുവിശേഷമൂല്യങ്ങളെ കണ്ടു. ക്രിസ്തുവിന്റെ യഥാർത്ഥമാതൃക ഭൂമിയിൽ ജീവിച്ചുകാണിച്ചതിലൂടെ രണ്ടാം ക്രിസ്തു എന്ന് വിശേഷിപ്പിക്കപ്പെട്ട ആ വിശുദ്ധൻ, ഇന്നത്തെ ഉപഭോഗസംസ്കാരത്തിന് വലിയൊരു തിരുത്തലിനുള്ള മാതൃകകൂടിയാണ് നമുക്കു നൽകുന്നത്.

പ്രിയമുള്ളവരേ, വിശുദ്ധ ഫ്രാൻസിസ് നമ്മെ പഠിപ്പിച്ച ഏറ്റവും വലിയ പാഠങ്ങളിലൊന്ന് 'ലാളിത്യമാർന്ന ജീവിതമാണ്'. ആവശ്യത്തിൽ കൂടുതൽ നേടിയെടുക്കാനും അതു പ്രദർശിപ്പിക്കാനും മത്സരിക്കുന്ന ഇന്നത്തെ ലോകത്തിൽ, 'കുറഞ്ഞതുകൊണ്ട് സംതൃപ്തനാവുക' എന്നതായിരുന്നു ഫ്രാൻസിസിന്റെ ജീവിതശൈലി. നമ്മുടെ വീടുകളിലും കുടുംബങ്ങളിലും അനാവശ്യമായ ആഡംബരങ്ങളും ധൂർത്തും ഒഴിവാക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. ലാളിത്യമുള്ള ഒരു ജീവിതത്തിനു മാത്രമേ ദൈവത്തോടും സഹജീവികളോടും കൂടുതൽ അടുത്തബന്ധം പുലർത്താൻ സാധിക്കൂ എന്നു നാം തിരിച്ചറിയണം.

വിശുദ്ധ ഫ്രാൻസിസിന്റെ കാരുണ്യപൂർണ്ണമായ ഹൃദയം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു. കുഷ്ഠ രോഗികളെ കെട്ടിപ്പുണരാനും, തെരുവുകളിൽ ഉപേക്ഷിക്കപ്പെ ട്ടവരെ ചേർത്തുപിടിക്കാനും അദ്ദേഹം മടിച്ചില്ല. ഇന്ന് നമ്മുടെ ഇടവകകളിലും സമൂഹത്തിലും പാർശ്വവത്കരിക്കപ്പെട്ടവരും ഏകാന്തത അനുഭവിക്കുന്നവരും രോഗികളും പാവപ്പെട്ടവരു മായ ഒട്ടേറെപ്പേരുണ്ട്. അവരിൽ ക്രിസ്തുവിന്റെ മുഖം ദർശി ക്കാനും, നമ്മുടെ കൈവശമുള്ളതിൽനിന്ന് ഒരു പങ്ക് അവർ ക്കായി മാറ്റിവയ്ക്കാനും നമുക്കു സാധിക്കണം. ജീവിക്കുന്ന ദൈവത്തിന്റെ സ്നേഹവും കാരുണ്യവുമാണ് ഒരു ക്രിസ്ത്യാ നിയുടെ യഥാർത്ഥ അടയാളം.

സഹജീവികളോടുള്ള സ്നേഹത്തിനൊപ്പംതന്നെ പ്രകൃ തിയോടുള്ള ആഴമായ ബന്ധവും വിശുദ്ധന്റെ ജീവിതത്തിന്റെ പ്രത്യേകതയായിരുന്നു. സൂര്യനെയും ചന്ദ്രനെയും കാറ്റിനെയും നക്ഷത്രങ്ങളെയും 'സഹോദരൻ' എന്നും 'സഹോദരി' എന്നും വിളിച്ച വിശുദ്ധ ഫ്രാൻസിസ്, ദൈവത്തിന്റെ മുഴുവൻ സൃഷ്ടിക ളെയും ഒരുപോലെ സ്നേഹിച്ചു. 'സൃഷ്ടികളുടെ സങ്കീർത്തനം' (Canticle of the Creatures) വഴി അദ്ദേഹം പ്രകൃതിയുടെ സൗന്ദ ര്യത്തെയും അതുവഴി ദൈവമഹത്വത്തെയും വാഴ്ത്തിപ്പാടി.

ഇന്നു നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് പ്രകൃതിയുടെ നാശവും കാലാവസ്ഥാവ്യതിയാനവുമാണ്. ഭൂമി യെന്ന നമ്മുടെ പൊതുഭവനത്തെ നാം ക്രൂരമായി ചൂഷണം ചെയ്യുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ 'പരിസ്ഥിതിസ്നേഹം' വലിയൊരു ആഹ്വാനമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. പ്രകൃതി ദൈവത്തിന്റെ ദാനമാണ്. അതിനെ സംരക്ഷിക്കാനും, വരുംതലമുറയ്ക്കായി നിലനിർത്താനും നാം ഓരോരുത്തർ ക്കും കടമയുണ്ട്. മരങ്ങൾ നട്ടുപിടിപ്പിച്ചും, പ്ലാസ്റ്റിക് മലിനീ കരണം ലഘൂകരിച്ചും, പ്രകൃതിവിഭവങ്ങൾ വിവേകത്തോടെ ഉപയോഗിച്ചും ഫ്രാൻസിസ്കൻ ചൈതന്യം നമുക്ക് ജീവിത

ത്തിൽ പ്രാവർത്തികമാക്കാം. ഇക്കാര്യത്തിൽ, പുണ്യചരിതനായ ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനങ്ങളെയും നമുക്കു ഹൃദയത്തോടു ചേർക്കാം.

കുടുംബബന്ധങ്ങളിലും സമൂഹത്തിലും വിള്ളലുകൾ വീഴുകയും, സമാധാനം നഷ്ടപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വി. ഫ്രാൻസിസിന്റെ പ്രസിദ്ധമായ സമാധാനപ്രാർത്ഥന നാം ഓർക്കേണ്ടതുണ്ട്: 'ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.' വെറുപ്പുള്ളിടത്ത് സ്നേഹവും, വിദ്വേഷമുള്ളിടത്ത് ക്ഷമയും, സംശയമുള്ളിടത്ത് വിശ്വാസവും വിതയ്ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നിസ്സാര കാര്യങ്ങൾക്ക് വഴക്കിടുകയും, മാപ്പുനൽകാൻ മടിക്കുകയും ചെയ്യുന്ന സംസ്കാരം മാറി, പരസ്പരം ക്ഷമിക്കാനും സ്നേഹിക്കാനുമുള്ള തുറവിയുള്ള ഹൃദയങ്ങൾ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും വളർന്നുവരട്ടെ.

വിശുദ്ധ ഫ്രാൻസിസിനുണ്ടായ ദൈവികദർശനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് പതിമ്മൂന്നാം നൂറ്റാണ്ടിൽ ആരംഭിക്കപ്പെട്ട 'പോർസ്യുങ്കുള ദണ്ഡവിമോചനം' (Portiuncula Indulgence, Pardon of Assisi) അദ്ദേഹത്തിലൂടെ ചൊരിയപ്പെട്ട ദൈവകരുണയുടെ ഉദാഹരണമാണ്. എത്ര വലിയ പാപിയാണെങ്കിലും ദൈവത്തിന്റെ അനന്തമായ കരുണയിൽ ആശ്രയിച്ചാൽ മാപ്പു ലഭിക്കുമെന്ന പ്രത്യാശ വി. ഫ്രാൻസിസ് അസ്സീസിയിലൂടെ സ്വർഗം ലോകത്തിനു നൽകി. ഫ്രാൻസിസ്കൻവർഷം അവസാനപാദത്തിലേക്ക് എത്തിയിരിക്കുന്ന വേളയിൽ, ജീവിതനവീകരണത്തിലൂടെയും ഫ്രാൻസിസ്കൻദേവാലയങ്ങളിലേക്കുള്ള തീർത്ഥാടനങ്ങളിലൂടെയും പാപമോചനവും കൃപാവരങ്ങളും സ്വീകരിക്കാൻ ഏവരെയും സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വരുംനാളുകളിൽ നമ്മുടെ ഇടവകകളിൽ നടക്കുന്ന തീർത്ഥാടനങ്ങളിലും, ഫ്രാൻസിസ്കൻവർഷാചരണപരിപാടികളിലും വിശുദ്ധ ഫ്രാൻസിസിന്റെ മാതൃക പിന്തുടർന്നുള്ള ജീവകാ

രുണ്യ, പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളും വിഭാവനം ചെയ്യുകയും എല്ലാവരും പങ്കാളികളാകുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിശുദ്ധവർഷത്തിൽ സഭ വാഗ്ദാനം ചെയ്യുന്ന പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാൻ തക്കവിധം അനുതാപമുള്ള ഹൃദയത്തോടെ നമ്മെത്തന്നെ ഒരുക്കാം.

സ്നേഹമുള്ള മാതാപിതാക്കളേ, നിങ്ങളുടെ മക്കളെ ഭൗതി കമായ നേട്ടങ്ങൾക്കു മാത്രം പിന്നാലെ പരക്കംപായുന്നവരായി വളർത്തരുത്. വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദൈവഭയമുള്ള വരും എളിമയും ദയയും ഉള്ളവരുമായി അവരെ വളർത്തുക. കഷ്ടപ്പെടുന്നവരെ കാണുമ്പോൾ മടികൂടാതെ സഹായിക്കാൻ അവരെ പഠിപ്പിക്കുക. പ്രകൃതിയെ സ്നേഹിക്കാനും സൂക്ഷി ക്കാനുമുള്ള മനോഭാവം ചെറുപ്പത്തിലേ കുട്ടികളിൽ വളർത്തി യെടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

പ്രിയപ്പെട്ട യുവാക്കളേ, ലോകത്തിന്റെ താൽക്കാലികമായ ആഡംബരങ്ങൾക്കും നൈമിഷികമായ സുഖസന്തോഷങ്ങൾ ക്കും പിന്നാലെ പോകാതെ, അർത്ഥവത്തായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതം നിങ്ങൾക്കു പ്രചോദനമേകട്ടെ. ക്രിസ്തുവിനായി ജീവിതം മാറ്റിവയ്ക്കാൻ ഭയം കൂടാതെ മുന്നോട്ടുവരിക. നിങ്ങളുടെ സർഗവാസനകളും ഊർജവും പാവപ്പെട്ടവരുടെ സേവനത്തിനായും, സമൂഹത്തിൽ നന്മയും സമാധാനവും വിതയ്ക്കുന്നതിനായും വിനിയോഗി ക്കുക.

ഈ ഫ്രാൻസിസ്കൻവർഷാചരണം വെറുമൊരു ചടങ്ങായി അവസാനിക്കരുത്. നമ്മുടെ ഇടവകകളിലും കുടുംബങ്ങളിലും മാറ്റത്തിന്റെ ഒരു പുതിയ തരംഗം ഇതിലൂടെ ആരംഭിക്കണം. ഓരോ കുടുംബവും ലാളിത്യത്തിന്റെ മാതൃകയാകട്ടെ. നമ്മുടെ ഇടവകത്തിരുനാൾ ആഘോഷങ്ങൾ, കുടുംബപരമായ ചട ങ്ങുകൾ തുടങ്ങിയവയിൽ ആഡംബരങ്ങൾ ഒഴിവാക്കി, ആ തുക നിർദ്ധനരെ സഹായിക്കാൻ മാറ്റിവയ്ക്കാൻ സാധിച്ചാൽ,

അതാണ് വിശുദ്ധ ഫ്രാൻസിസിന് നാം നൽകുന്ന ഏറ്റവും വലിയ ആദരം.

പരിശുദ്ധ അമ്മയുടെയും, അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെയും, സകല വിശുദ്ധരുടെയും മാധ്യസ്ഥം എല്ലായ്പോഴും നമുക്കു തുണയായിരിക്കട്ടെ. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ക്രിസ്തുവിന്റെ സമാധാനവും സന്തോഷവും സദാ വസിക്കട്ടെ.

**ആർച്ചുബിഷപ് വർഗീസ് ചക്കാലയ്ക്കൽ**

പ്രസിഡന്റ്, കെസിബിസി

**ബിഷപ് സാമുവേൽ മാർ ഐറേനിയോസ്**

വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് തോമസ് തറയിൽ**

സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

പി.ഒ.സി. കൊച്ചി-682025

NB:- *2026 ഒക്ടോബർ 4, ഞായറാഴ്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾദിനത്തിൽ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്*

Ref: 4324/K-5/KCBC/OL/DS 16.09.2026

# പരിശുദ്ധ പിതാവ് ലിയോ പതിന്നാലാമൻ പാപ്പാ 2026 ഒക്ടോബർ 18-ാം തീയതി നടക്കുന്ന നൂറാമത് ആഗോള പ്രേഷിതഞായറാഴ്ചയോടനു ബന്ധിച്ചു നൽകുന്ന സന്ദേശം

## ''ക്രിസ്തുവിൽ ഒന്നായിത്തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്''

പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധപിതാവ് പീയൂസ് പതിനൊന്നാമൻ സ്ഥാപിക്കുകയും സഭയ്ക്ക് ഏറ്റവും പ്രിയങ്കരമായതുമായ ആഗോള പ്രേഷിതഞായറാചരണത്തിന്റെ നൂറാം വർഷം ആഘോഷിക്കുന്ന ഈ ആണ്ടിൽ ചിന്താവിഷയമായി 'ക്രിസ്തുവിൽ ഒന്നായിത്തീർന്നുകൊണ്ട്, പ്രേഷിതദൗത്യത്തിൽ ഒരുമിച്ചുചേർന്ന്' എന്നത് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. ജൂബിലിവർഷത്തിനുശേഷം സഭ മുഴുവനും തന്റെ പ്രേഷിതയാത്ര പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിലും തീക്ഷ്ണതയിലും തുടരുന്നതു ഞാൻ പ്രോത്സാഹി പ്പിക്കുന്നു. ക്രിസ്തുവിൽ ഒന്നായിത്തീർന്ന ഹൃദയങ്ങളും അനുരഞ്ജിതമായ സമൂഹങ്ങളും വ്യക്തികളും ഉദാരതയോടും പരസ്പരവിശ്വാസത്തോടും സഹകരിക്കാൻ സന്മനസ്സുള്ളവരാകേണ്ടതുണ്ട്.

'ക്രിസ്തുവിൽ ഒന്നായിത്തീർന്നുകൊണ്ട്, പ്രേഷിതദൗത്യത്തിൽ ഒരുമിച്ചുചേർന്ന്' ദൈവകൃപയാൽ നാം നയിക്കപ്പെടാനും പ്രചോദിപ്പിക്കപ്പെടാനും നമ്മെത്തന്നെ വിട്ടുകൊടുക്കാം. അങ്ങനെ നമ്മുടെ പ്രേഷിതവിളിയുടെ അഗ്നിയാൽ നാം തന്നെയും നവീകരിക്കപ്പെടുകയും സഭയുടെ ചരിത്രത്തിലെ 'ഈ പുതിയ പ്രേഷിതയുഗത്തിൽ' സുവിശേഷവൽക്കരണത്തിന്റെ പ്രതിജ്ഞാബദ്ധതയിൽ പുരോഗമിക്കാൻ ഇടവരുത്തപ്പെടുകയും ചെയ്യുമാറാകട്ടെ (ആഗോള പ്രേഷിതരുടെയും കുടിയേറ്റ

ക്കാരുടെയും ജൂബിലിയുടെ അവസരത്തിൽ നടത്തിയ സുവിശേഷപ്രഭാഷണം; 5 ഒക്ടോബർ 2025).

**1. ക്രിസ്തുവിൽ ഒന്നായി – പ്രേഷിതശിഷ്യർ എന്ന നിലയിൽ അവിടുത്തോടും നമ്മുടെ സഹോദരീസഹോദരന്മാരോടും ചേർന്നിരുന്നുകൊണ്ട്**

ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ രഹസ്യമാണ് പ്രേഷിതദൗത്യത്തിന്റെ കാതൽ. തന്റെ പീഡാനുഭവത്തിനുമുമ്പ് യേശു ഇപ്രകാരം പ്രാർഥിച്ചു: ''അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും...''.(യോഹ 17:21). ഈ വാക്കുകൾ വെളിപ്പെടുത്തുന്നത് യേശുവിന്റെ അത്യഗാധമായ ആഗ്രഹവും തന്റെ ശിഷ്യരുടെ സമൂഹം എന്ന നിലയിലുള്ള സഭയുടെ സ്വത്വവും ആണ്. അത് പരിശുദ്ധത്രിത്വത്തിൽനിന്ന് ഉദ്ഭവിക്കുന്ന കൂട്ടായ്മയാണ്; ത്രിത്വം തന്നെയാണ് അതിനെ നിലനിർത്തുന്നതും. ഈ കൂട്ടായ്മ പ്രകാശിതമാകുന്നത് എല്ലാം മനുഷ്യരുടെയും ഇടയിലുള്ള സാഹോദര്യത്തിന്റെ ശുശ്രൂഷയിലും സകലസൃഷ്ടികളുമായുള്ള മൈത്രിയിലുമാണ്.

ഒരു ക്രിസ്ത്യാനി ആയിരിക്കുകയെന്നാൽ ചില അനുഷ്ഠാനങ്ങളിലോ ആശയങ്ങൾ സ്വീകരിക്കുന്നതിലോ അല്ല അടങ്ങിയിരിക്കുന്നത്; അത് ക്രിസ്തുവുമായി ഐക്യപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതമാണ്. അതിൽ പുത്രന് പിതാവുമായുള്ള പുത്രസഹജമായ ബന്ധത്തിൽ നാം പരിശുദ്ധാത്മാവുവഴി ഭാഗഭാക്കുകളായിത്തീരുന്നു. അതിന്റെ അർഥം, മുന്തിരിച്ചെടിയുടെ ശാഖകൾ തായ്ത്തണ്ടിനോടു ചേർന്നിരിക്കുന്നതുപോലെ, ക്രിസ്തുവിൽ വസിക്കുക എന്നതാണ് (യോഹ 15:4 കാണുക); അതായത്, ത്രിത്വത്തിന്റെ ജീവനിൽ ആഴ്ന്നിറങ്ങിയിരിക്കുക എന്നത്. ഈ ഐക്യം വിശ്വാസികളുടെ ഇടയിൽ പരസ്പരമുള്ള ഐക്യം ഉളവാക്കുന്നു; എല്ലാത്തരം പ്രേഷിത ഫലദായകത്വത്തിന്റെയും ഉറവിടവും അതുതന്നെ. വിശുദ്ധ ജോൺപോൾ

രണ്ടാമൻ പഠിപ്പിച്ചതുപോലെ, 'കൂട്ടായ്മ പ്രേഷിതത്വത്തിന്റെ ഉറവിടവും ഫലവും പ്രതിനിധീകരിക്കുന്നു' (അൽമായവിശ്വാസികൾ (*Christfidelis Laici]* 32).

ഈ പശ്ചാത്തലത്തിൽ തന്റെ അംഗങ്ങളുടെ ഇടയിൽ ആത്മീയവും സാഹോദര്യപരവുമായ ഐക്യം നവീകരിക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ് സഭയുടെ പ്രഥമ പ്രേഷിതദൗത്യം. പല സാഹചര്യങ്ങളിലും നാം നേരിടുന്നത് സംഘർഷങ്ങളും ധ്രുവീകരണവും തെറ്റുധാരണകളും പരസ്പരമുള്ള വിശ്വാസമില്ലായ്മയുമാണ്. ഇക്കാര്യം നമ്മുടെ സമൂഹങ്ങളിൽ സംഭവിക്കുമ്പോൾ, ഇത് നമ്മുടെ സാക്ഷ്യത്തിനു കുറവ് വരുത്തുന്നു. ക്രിസ്തു തന്റെ ശിഷ്യരെ ഭരമേൽപ്പിച്ച സുവിശേഷവൽക്കരണദൗത്യം എല്ലാറ്റിനുമുപരിയായി രമ്യതപ്പെട്ട് ഐക്യത്തിനായി കാംക്ഷിക്കുന്ന ഹൃദയങ്ങൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. അക്കാരണത്താലും നാം ഒരുമിച്ച് നിഖ്യാസൂനഹദോസിന്റെ 1700-ാം ആണ്ട് ആഘോഷിച്ച പശ്ചാത്തലത്തിലും എല്ലാ സഭകളും ചേർന്നുള്ള സഭൈക്യശ്രമങ്ങൾ ഊർജിതപ്പെടുത്തേണ്ടതുണ്ട്.

അവസാനമായി, എന്നാൽ പ്രാധാന്യത്തിന് ഒട്ടും കുറവില്ലാത്തവിധം, 'ക്രിസ്തുവിൽ ഒന്നായിരിക്കുക' എന്നത് നമ്മുടെ ദൃഷ്ടികൾ കർത്താവിൽ ഉറപ്പിച്ചുനിർത്താനായി ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവിടുന്ന് യഥാർഥത്തിൽ നമ്മുടെ വ്യക്തിജീവിതങ്ങളുടെയും സമൂഹങ്ങളുടെയും, നമ്മുടെ ഓരോ വാക്കിന്റെയും പ്രവൃത്തിയുടെയും വ്യക്തിബന്ധങ്ങളുടെയും കേന്ദ്രബിന്ദുവായിത്തീരേണ്ടതുണ്ട്. അതുവഴിയായി നമുക്ക് വിസ്മയപൂർവം പറയാൻ കഴിയണം, ''ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്'' എന്ന് (ഗലാ 2:20). അവിടുത്തെ വചനം നിരന്തരം ശ്രവിച്ചുകൊണ്ടും കൂദാശകളിൽനിന്നുള്ള കൃപാവരം സ്വീകരിച്ചുകൊണ്ടും സഭയിൽ സജീവശിലകൾ ആയിത്തീരാൻ നമുക്കു സാധിക്കും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിനെത്തുടർന്നുവന്ന

പാപ്പാമാരുടെ പ്രബോധനത്തിന്റെയും, പ്രത്യേകിച്ച് ഫ്രാൻസിസ് പാപ്പായുടെ ചിന്തകളുടെയും, അടിസ്ഥാനത്തിലുള്ള മുഖ്യപ്രമേയങ്ങൾ സ്വീകരിക്കാൻ സഭ ഇന്നു വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ, 'ഞങ്ങൾ പ്രഘോഷിക്കുന്നത് ഞങ്ങളെയല്ല; പ്രസ്തുത യേശുക്രിസ്തുവിനെ കർത്താവായാണ്' (2 കോറി 4:5). അതിനാൽ വിശുദ്ധ പോൾ ആറാമന്റെ വാക്കുകൾ ഞാൻ ആവർത്തിക്കുന്നു: ''ദൈവപുത്രനായ നസ്രത്തിലെ യേശുവിന്റെ നാമവും പഠനവും ജീവിതവും വാഗ്ദാനങ്ങളും രാജ്യവും രഹസ്യവും പ്രഘോഷിക്കുന്നില്ലെങ്കിൽ അത് യഥാർഥ സുവിശേഷവൽക്കരണം ആവുകയില്ല'' (സുവിശേഷപ്രഘോഷണം *[Evangelii Nuntiandi]* എന്ന അപ്പസ്തോലിക ആഹ്വാനം, 22). സുവിശേഷവൽക്കരണപ്രക്രിയ യഥാർഥത്തിൽ ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ ആരംഭിച്ചുകൊണ്ടാണ് എല്ലാ മനുഷ്യരിലേക്കും എത്തിച്ചേരേണ്ടത്. ആകയാൽ, ക്രിസ്തുവിൽ നമ്മൾ എത്രമാത്രം ഐക്യപ്പെട്ടിരിക്കുന്നുവോ അത്രമാത്രം നന്നായി നമുക്ക് ഒരുമിച്ച് അവിടന്ന് നമ്മെ ഭരമേല്പിച്ചിരിക്കുന്ന പ്രേഷിതദൗത്യം നിർവഹിക്കാൻ ആകും.

**2. പ്രേഷിതദൗത്യത്തിൽ ഒന്നിച്ച് – ലോകം കർത്താവായ ക്രിസ്തുവിൽ വിശ്വസിക്കുന്നതിനായി**

ശിഷ്യരുടെ ഐക്യം അതിൽത്തന്നെ ഒരു ലക്ഷ്യമല്ല; പ്രേഷിതദൗത്യമാണ് അതു ലക്ഷ്യം വയ്ക്കുന്നത്. യേശു അത് വ്യക്തമായി പറയുന്നു: ''അവിടുന്ന് എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കുന്നതിനുവേണ്ടിയാണത്'' (യോഹ 17:21). അനുരഞ്ജനവും സാഹോദര്യവും ഐക്യവും പുലരുന്ന ഒരു സമൂഹത്തിന്റെ സാക്ഷ്യം വഴിയാണ് സുവിശേഷത്തിന്റെ പ്രഘോഷണം അതിന്റെ പൂർണമായ സംവേദനശക്തി പ്രാപിക്കുന്നത്.

ഈ കാഴ്ചപ്പാടിൽ വാഴ്ത്തപ്പെട്ട പൗളോ മന്നയുടെ ആപ്തവാക്യം സ്മരിക്കുന്നത് പ്രസക്തമാണ്: ''ലോകം മുഴുവന്റെയും

മാനസാന്തരത്തിനായി സഭ മുഴുവനും.'' 1916 ൽ 'പൊന്തിഫിക്കൽ മിഷണറി യൂണിയൻ' സ്ഥാപിതമാകുന്നതിനു പ്രേരണയായിത്തീർന്ന ആദർശം സംക്ഷിപ്തമായി ഈ ആപ്തവാക്യം അവതരിപ്പിക്കുന്നു. അതിന്റെ 110-ാം വാർഷികത്തിൽ വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും ഇടയിൽ പ്രേഷിതചൈതന്യം ഉത്തേജിപ്പിക്കുന്നതിനും രൂപപ്പെടുത്തുന്നതിനും എല്ലാ സുവിശേഷവൽക്കരണ ഉദ്യമങ്ങളും ഒരുമിച്ചുകൊണ്ടുവരുന്നതിനു നടത്തിയ ശ്രമങ്ങളുടെയും പിന്നിലുള്ള പ്രതിജ്ഞാബദ്ധതയെ ഓർത്തുകൊണ്ട് ഞാൻ അവരുടെ അംഗങ്ങൾക്കു നന്ദി അർപ്പിക്കുകയും ആശീർവാദം നൽകുകയും ചെയ്യുന്നു. വാസ്തവത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച ഒരാൾക്കും പ്രേഷിതദൗത്യത്തിൽനിന്ന് ഒഴിവാകാനോ അതിനോടു നിസ്സംഗത പുലർത്താനോ അവകാശമില്ല: ഓരോരുത്തരും അവരവരുടെ വിളിയും ജീവിതസാഹചര്യവും അനുസരിച്ച് ക്രിസ്തു തന്റെ സഭയെ ഭരമേല്പിച്ച ഈ മഹത്തായ ദൗത്യത്തിൽ പങ്കുചേരുന്നു. ഫ്രാൻസിസ് പാപ്പ ആവർത്തിച്ച് അനുസ്മരിപ്പിച്ചിരുന്നതുപോലെ സുവിശേഷപ്രഘോഷണം എപ്പോഴും സ്വരച്ചേർച്ചയുള്ളതും സാമൂഹികമാനം ഉള്ളതും സിനഡാത്മകവുമായ പ്രവൃത്തിയാണ്.

ഇക്കാരണത്താൽ, പ്രേഷിതപ്രവർത്തനത്തിലുള്ള ഐക്യം എന്നു പറയുന്നത് കൂട്ടായ്മയുടെയും പ്രേഷിതസഹകരണത്തിന്റെയും ആധ്യാത്മികത സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ മനോഭാവം അനുദിനം വളർത്തുന്നതുവഴി നമ്മുടെ സഹോദരീസഹോദരന്മാരെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണാൻ ദൈവികകൃപാവരം സാവധാനം നമ്മെ പഠിപ്പിക്കുന്നു. ഓരോ വ്യക്തിയിലും ആത്മാവ് ഉണർത്തുന്ന നന്മ സന്തോഷപൂർവം തിരിച്ചറിയാനും നാം പഠിക്കുന്നു; അതായത്, വൈവിധ്യം ഒരു നിധിയായി കരുതാനും, പരസ്പരം ഭാരങ്ങൾ ചുമക്കാനും ഉന്നതത്തിൽ നിന്നുവരുന്ന ഐക്യം എപ്പോഴും അന്വേഷിക്കാനും സാധിക്കുന്നത്. യഥാർ

ഥത്തിൽ നാം എല്ലാവരും ഒരൊറ്റ പ്രേഷിത ദൗത്യത്തിലാണ് പങ്കുചേരുന്നത്; അതായത്, ''ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു ജ്ഞാനസ്നാനം. സകലത്തിനുമുപരിയായവനും സകലത്തിലൂടെയും സകലത്തിലുമായവനും സകലരുടെയും പിതാവും ദൈവവുമായ ഒരുവൻ'' (എഫേ 4:5-6) എന്നതിൽ. പ്രേഷിതശിഷ്യത്വത്തിന്റെ ദൈനംദിനം ഉള്ള ആധ്യാത്മികതയാണ് ഇത് പ്രകാശിതമാക്കുന്നത്. സഭയുടെ സുവിശേഷവൽക്കരണദൗത്യത്തെ സംബന്ധിച്ച ഒരു സാർവത്രികകാഴ്ചപ്പാട് തിരിച്ചുപിടിക്കാനും സംഘാതമായ ശ്രമങ്ങളുടെ കുറവ് നികത്താനും ഇതു സഹായിക്കുന്നു; 'ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോയുടേതാണ്' (1 കോറി 1:10-12 കാണുക) എന്ന തരത്തിൽ ഏകകർത്താവിനെ പിൻചെല്ലുന്നവരുടെ ഇടയിൽ സൃഷ്ടിക്കപ്പെടുന്ന വിഭാഗീയതകളെ അതിജീവിക്കാനും ഇതു സഹായകമാകുന്നു.

പ്രേഷിതപ്രവർത്തനത്തിലെ ഐക്യം (unity) എന്നു പറയുന്നത് ഐകരൂപ്യം (uniformity) ആയി മനസ്സിലാക്കപ്പെടരുത് എന്നു പറയേണ്ടതില്ലല്ലോ; മറിച്ച്, അത് ഒരേ ഉദ്ദേശ്യത്തോടുകൂടിയ വ്യത്യസ്തങ്ങളായ സിദ്ധികളുടെ (charisms) സംഗമമാണ്; അതായത്, ക്രിസ്തുവിന്റെ സ്നേഹം പ്രകടമാക്കുകയും അവിടുത്തെ കണ്ടുമുട്ടാൻ എല്ലാവരെയും ക്ഷണിക്കുകയും ചെയ്യുന്ന പ്രവൃത്തി. പ്രാദേശികസമൂഹങ്ങൾ പരസ്പരം സഹകരിക്കുമ്പോൾ സുവിശേഷവൽക്കരണം സാധ്യമാകുന്നു; അതുപോലെതന്നെ ഒരേ വിശ്വാസത്തിൽ സാംസ്കാരികവും ആത്മീയവും ആരാധനക്രമപരവും ആയ വ്യത്യസ്തതകൾ പൂർണമായും പൊരുത്തപ്പെട്ട് പ്രകാശിക്കപ്പെടുമ്പോൾ. ആകയാൽ, സഭയിലെ എല്ലാ സ്ഥാപനങ്ങളിലും സഭാത്മകപ്രേഷിത കൂട്ടായ്മയുടെ ചൈതന്യം ശക്തിപ്പെടുത്താനും പ്രേഷിത ദൗത്യത്തിനുവേണ്ടിയും ദൗത്യത്തിൽത്തന്നെയും പരസ്പരം സഹകരിക്കുന്നതിനുള്ള സർഗാത്മകവും മൂർത്തവുമായ മാർഗങ്ങൾ വികസിപ്പിച്ചെടുക്കാനും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഇതു സംബന്ധിച്ച്, പ്രേഷിതസഹകരണത്തിനായി പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്തുവരുന്ന സേവനങ്ങൾക്കു ഞാൻ അവർക്കു നന്ദി പ്രകാശിപ്പിക്കുന്നു; ഞാൻ പെറുവിൽ ആയിരുന്ന കാലത്ത് അവരുടെ സേവനം അനുഭവിച്ചത് കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത്, ഹോളി ചൈൽഡ്ഹുഡ്, സെന്റ് പീറ്റർ ദ അപ്പോസ്റ്റൽ ആൻഡ് പൊന്തിഫിക്കൽ മിഷനറി യൂണിയൻ എന്നീ സൊസൈറ്റികൾ എല്ലാ പ്രായത്തിലുമുള്ള വിശ്വാസികളുടെ ഇടയിൽ പ്രേഷിതബോധം ജനിപ്പിക്കാനും രൂപപ്പെടുത്താനും ലോകം മുഴുവനുമുള്ള സമൂഹങ്ങളെ പ്രാർഥനയുടെയും  ഉപവിയുടെയും ശൃംഖലവഴി ബന്ധിപ്പിക്കാനുള്ള ശ്രമവും തുടർന്നുകൊണ്ടേയിരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത് സൊസൈറ്റിയുടെ സ്ഥാപികയായ  വാഴ്ത്തപ്പെട്ട  പൗളിൻ മരീ ജാരിക്കോട്ട് 200 വർഷങ്ങൾക്കു മുമ്പ് 'സജീവ ജപമാല' (Living Rosary) സ്ഥാപിച്ചു എന്നത് ഇവിടെ എടുത്തുപറയേണ്ടതാണ്. ലോകം മുഴുവനുമുള്ള ഒട്ടനവധി വിശ്വാസികളെ ഓരോരോ ആത്മീയവും പ്രേഷിതപരവുമായ ആവശ്യങ്ങൾക്കുവേണ്ടി പ്രാർഥിക്കാൻ ഇന്നും അത് ഒരുമിച്ചു കൂട്ടുന്നു. വിശ്വാസപ്രചാരണസംഘത്തിന്റെ (Society for the Propagation of the Faith) താത്പര്യപ്രകാരം പീയൂസ് പതിനൊന്നാമൻ പാപ്പാ 1926 ൽ 'ആഗോളപ്രേഷിതദിനം' (World Mission Day) സ്ഥാപിക്കുകയുണ്ടായി എന്നതും സ്മരണീയമാണ്. ഈ ദിനം സമാഹരിക്കുന്ന വാർഷികസംഭാവനകൾ സഭയുടെ പ്രേഷിതദൗത്യത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി പാപ്പായുടെ നാമത്തിൽ വിതരണം ചെയ്യപ്പെടുന്നു. ഈ നാല് സൊസൈറ്റികളും ഒരുമിച്ച്, പൊതുവായും, ഓരോരുത്തരുടെയും പ്രത്യേക സവിശേഷത അനുസരിച്ചും, ഇന്നും സഭ മുഴുവനിലുമായി വിലപ്പെട്ട പ്രവൃത്തി നിർവഹിക്കുന്നു. ഐക്യത്തിന്റെയും സഭാത്മകപ്രേഷിത കൂട്ടായ്മയുടെയും സജീവ

അടയാളങ്ങളാണവ. കൃതജ്ഞതാചൈതന്യത്തോടെ അവരോടൊപ്പം പ്രവർത്തിക്കാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു.

**3. സ്നേഹിക്കാനുള്ള പ്രേഷിതദൗത്യം: ദൈവത്തിന്റെ വിശ്വസ്തസ്നേഹം പ്രഘോഷിക്കുക, ജീവിക്കുക, പങ്കുവയ്ക്കുക**

ഐക്യമാണ് പ്രേഷിതദൗത്യത്തിന്റെ വ്യവസ്ഥയെങ്കിൽ സ്നേഹമാണ് അതിന്റെ കാതൽ. ലോകത്തോടു പ്രഘോഷിക്കാനായി നമ്മെ അയച്ചിരിക്കുന്ന സദ്വാർത്ത രൂപഭാവം ഇല്ലാത്ത ഒരു ആദർശമല്ല; അത് ദൈവത്തിന്റെ വിശ്വസ്തസ്നേഹത്തിന്റെ സുവിശേഷമാണ്; അത് യേശുക്രിസ്തുവിന്റെ മുഖത്തും ജീവിതത്തിലും മാംസം ധരിച്ചു.

ശിഷ്യരുടെയും സഭ മുഴുവന്റെയും പ്രേഷിതദൗത്യം പരിശുദ്ധാത്മാവിലുള്ള ക്രിസ്തുവിന്റെ ദൗത്യം തുടരുക എന്നതാണ്. ഈ ദൗത്യം സ്നേഹത്തിൽ ജനിക്കുന്നതും സ്നേഹത്തിൽ ജീവിക്കുന്നതും സ്നേഹത്തിലേക്കു നയിക്കുന്നതുമാണ്. യഥാർഥത്തിൽ കർത്താവ് തന്നെയും തന്റെ പീഡനുഭവത്തിനു മുമ്പുള്ള, പിതാവിനോടു നടത്തിയ ശ്രേഷ്ഠപ്രാർഥനയിൽ, തന്റെ ശിഷ്യരുടെ ഇടയിൽ ഐക്യം ഉണ്ടാകണമെന്ന് ആഹ്വാനം ചെയ്തശേഷം, ഇപ്രകാരം ഉപസംഹരിച്ചു: ''അങ്ങ് എനിക്ക് നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമാണിത്'' (യോഹ 17:26). ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതരായി (2 കോറി 5:14 കാണുക), ക്രിസ്തുവിനുവേണ്ടി സുവിശേഷം പ്രസംഗിക്കാൻ അപ്പസ്തോലന്മാർ ഇറങ്ങിത്തിരിച്ചു. ഇതേ രീതിയിൽ നൂറ്റാണ്ടുകളായി ക്രിസ്ത്യാനികളുടെ വലിയൊരു സംഘം ആളുകൾ - രക്തസാക്ഷികൾ, ആത്മീയാചാര്യർ, പ്രേഷിതർ - ഈ ദിവ്യസ്നേഹം ലോകത്തെ അറിയിക്കാനായി തങ്ങളുടെ ജീവിതങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അങ്ങനെ സ്നേഹത്തിന്റെ അരൂപിയായ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സഭയുടെ സുവിശേഷവൽക്കരണ ദൗത്യം സമയത്തിന്റെ അന്ത്യംവരെ തുടർന്നുകൊണ്ടിരിക്കും.

അതിനാൽ, ഇന്നത്തെ ജനതകളുടെ (*ad gentes*) ഇടയിൽ പ്രവർത്തിക്കുന്ന പ്രേഷിതരോടു നന്ദി പ്രകാശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലെ അവർ തങ്ങളുടെ സ്വദേശവും കുടുംബങ്ങളും എല്ലാത്തരം സുരക്ഷിതത്വവും ഉപേക്ഷിക്കുകയുണ്ടായി. അത് സുവിശേഷം പ്രഘോഷിക്കാനും പലപ്പോഴും വെല്ലുവിളി നേരിടുന്ന ഇട ങ്ങളിലും ദരിദ്രരുടെ ഇടയിലും സംഘർഷഭരിതവും സാം സ്കാരികമായി വ്യത്യസ്തമായതുമായ സാഹചര്യങ്ങളിലും ക്രിസ്തുവിനെയും അവിടുത്തെ സ്നേഹവും കൊണ്ടുവ രാനും വേണ്ടിയാണ്. പ്രതികൂലസാഹചര്യങ്ങളും മാനുഷിക പരിമിതികളും ഉണ്ടെങ്കിൽപ്പോലും അവർ സ്വയം തങ്ങളെ ത്തന്നെ നൽകുന്നത് തുടരുന്നു; എന്തെന്നാൽ, ക്രിസ്തുവി നെയും അവിടത്തെ സുവിശേഷത്തെയും നൽകുക എന്ന താണ് അവർക്കു നൽകാവുന്ന ഏറ്റവും വലിയ നിധി എന്ന് അവർ മനസ്സിലാക്കുന്നു. അവരുടെ സ്ഥിരോൽസാഹംവഴി, ദൈവത്തിന്റെ സ്നേഹം എല്ലാ തടസ്സങ്ങളെയും അതിജീവിക്കു ന്നുവെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ഈ ധീരരായ സാക്ഷികളെ ലോകത്തിന് ഇനിയും ആവശ്യമുണ്ട്; സഭാസമൂഹങ്ങൾക്ക് ഇനിയും പുതിയ പ്രേഷിതദൈവവിളി കളും ആവശ്യമുണ്ട്. നമ്മൾ അവരെ നമ്മുടെ ഹൃദയത്തോടു ചേർത്തുവയ്ക്കുകയും നിരന്തരം അവർക്കുവേണ്ടി പിതാവി നോടു പ്രാർഥിക്കുകയും വേണം. ക്രിസ്തുവിനെ അനുഗമിച്ച് എല്ലാം ഉപേക്ഷിച്ച് സുവിശേഷവൽക്കരണത്തിന്റെ പാതയിൽ ഭൂമിയുടെ അതിർത്തികളോളം പോകാൻ തയ്യാറാകുന്ന യുവജ നങ്ങളുടെയും മുതിർന്നവരുടെയും ദാനം അവിടുന്ന് നമുക്കു നൽകുമാറാകട്ടെ!

സ്ത്രീകളും പുരുഷന്മാരുമായ പ്രേഷിതരോടുള്ള വലിയ ആദരത്തോടുകൂടെ, സുവിശേഷവൽക്കരണദൗത്യത്തിൽ ക്രി സ്തുവിലുള്ള നമ്മുടെ ജീവിതസാക്ഷ്യം, പ്രാർഥന, പ്രേഷി തപ്രവർത്തനത്തിനുവേണ്ടിയുള്ള സംഭാവനകൾ എന്നിവ

വഴിയായി അവരോടു ചേരാൻ സഭ മുഴുവനോടും ഞാൻ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് പറഞ്ഞതുപോലെ, ''സ്നേഹം സ്നേഹിക്കപ്പെടുന്നില്ല;'' 'അദ്ദേഹത്തിന്റെ സ്വർഗപ്രവേശനത്തിന്റെ 800–ാം ആണ്ട് ആചരിക്കുന്ന ഈ വേളയിൽ നാം അദ്ദേഹത്തിലേക്കു പ്രത്യേകമായി നോക്കുന്നു. കർത്താവിനോടുള്ള സ്നേഹത്തിൽ ജീവിക്കാനും ആ സ്നേഹം സമീപത്തും വിദൂരത്തും ഉള്ളവരിലേക്കു പകരാനുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം നമുക്ക് പ്രചോദനമാകട്ടെ. എന്തെന്നാൽ അദ്ദേഹം പറഞ്ഞു, 'ഈ സ്നേഹം കൊണ്ട് ഇത്രയേറെ നമ്മെ സ്നേഹിച്ച അവിടുത്തെ അത്രയേറെ നാം സ്നേഹിക്കണം!' (ബാഞ്ഞോറെജ്ജിയോയിലെ വിശുദ്ധ ബോണവെഞ്ചർ, *വിശുദ്ധ ഫ്രാൻസിസിന്റെ ജീവചരിത്രം,* അധ്യായം *IX, 1; Fonti Francescane,1161*). തന്റെ മരണശേഷവും തന്റെ പ്രേഷിതദൗത്യം തുടരുമെന്നു പ്രഖ്യാപിച്ച വിശുദ്ധ കൊച്ചുത്രേസ്യയിൽനിന്നു നമുക്കു പ്രചോദനം ഉൾക്കൊള്ളാം. 'ഇപ്പോൾ ഞാൻ ഭൂമിയിൽ ചെയ്യുന്നതുതന്നെ സ്വർഗത്തിൽ ആയിരിക്കുമ്പോഴും ചെയ്യാൻ ആഗ്രഹിക്കുന്നു: യേശുവിനെ സ്നേഹിക്കാനും, യേശു സ്നേഹിക്കപ്പെടാൻ പ്രവർത്തിക്കാനും' എന്ന് അവൾ പറഞ്ഞു (അബേ ബലിയേറിനുള്ള കത്ത് 220, ഫെബ്രുവരി 24, 1897).

ഈ സാക്ഷികളാൽ പ്രചോദിതരായി, നമുക്ക് ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ദൈവവിളിയും ദാനങ്ങളും അനുസരിച്ച്, സുവിശേഷവൽക്കരണത്തിന്റെ മഹാദൗത്യത്തിന് നമ്മുടെ സംഭാവന നൽകാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം. നിങ്ങളുടെ പ്രാർഥനയും പ്രായോഗികപിന്തുണയും, പ്രത്യേകിച്ച് ആഗോളപ്രേഷിതദിനത്തിൽ, ദൈവത്തിന്റെ സ്നേഹത്തിന്റെ സുവിശേഷം എല്ലാവരിലേക്കും, ഏറെ പ്രത്യേകിച്ച് ദരിദ്രരിലേക്കും ആവശ്യങ്ങളിൽ ഇരിക്കുന്നവരിലേക്കും, എത്തിക്കുന്നതിൽ വലിയ സഹായമായിരിക്കും. ഓരോ ദാനവും, അതെത്ര ചെറുതായാലും, പ്രേഷിതകൂട്ടായ്മയുടെ അർഥവത്തായ പ്രവൃ

ത്തിയായിരിക്കും. 'ലോകമെമ്പാടുമുള്ള പ്രേഷിതരെ ഞാൻ സഹായിക്കാനായി നിങ്ങളെന്നെ സഹായിക്കുന്നതിന്' (Video Message for World Mission Day 2025, 19 October 2025) ഞാൻ ഹൃദയപൂർവം വീണ്ടും നന്ദിപറയുന്നു. ആത്മീയമായ ഐക്യം വളർത്തുന്നതിന് ഈ ചെറിയ പ്രാർഥനയോടെ ഞാൻ നിങ്ങൾക്ക് എന്റെ ആശീർവാദം നൽകുന്നു:

പരിശുദ്ധനായ പിതാവേ, ക്രിസ്തുവിൽ ഞങ്ങളെ ഒന്നാക്കിത്തീർക്കണമേ. അവിടുത്തെ സ്നേഹമാണല്ലോ ഞങ്ങളെ ഐക്യത്തിൽ നിലനിർത്തുന്നതും നവീകരിക്കുന്നതും. പരിശുദ്ധാത്മാവിനോടു വിധേയപ്പെട്ടുകൊണ്ട്, സഭാംഗങ്ങൾ എല്ലാവരും പ്രേഷിതദൗത്യത്തിൽ ഒന്നായിത്തീരട്ടെ. അങ്ങനെ അവർ ധൈര്യപൂർവം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നവരും എല്ലാ സൃഷ്ടികളോടുമുള്ള അങ്ങയുടെ വിശ്വസ്ത സ്നേഹം പ്രഘോഷിക്കുന്നവരും ദൈനംദിനം അതു പ്രകാശിപ്പിക്കുന്നവരും ആയിത്തീരട്ടെ.

പ്രേഷിതരായ എല്ലാ സ്ത്രീപുരുഷന്മാരെയും അനുഗ്രഹിക്കണമേ; അവരുടെ ഉദ്യമങ്ങളിൽ അവരെ പിന്തുണയ്ക്കണമേ; അവരെ പ്രത്യാശയിൽ കാത്തുസൂക്ഷിക്കണമേ.

പ്രേഷിതപ്രവർത്തനത്തിന്റെ രാജ്ഞിയായ മറിയമേ, ലോകത്തിന്റെ എല്ലാ കോണുകളിലുമായി ഞങ്ങൾ ചെയ്യുന്ന സുവിശേഷവൽക്കരണപ്രവർത്തനത്തെ അനുഗമനം ചെയ്യേണമേ. ഞങ്ങളെ സമാധാനത്തിന്റെ ഉപകരണങ്ങൾ ആക്കണമേ; അങ്ങനെ ലോകം മുഴുവൻ ക്രിസ്തുവിൽ രക്ഷയുടെ വെളിച്ചം തിരിച്ചറിയാൻ ഇടവരട്ടെ, ആമ്മേൻ.

2026 ജനുവരി 25-ാം തീയതി, ആണ്ടുവട്ടത്തിലെ മൂന്നാം ഞായറാഴ്ച, വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ മാനസാന്തരത്തിരുനാളിൽ, വത്തിക്കാനിൽനിന്നു നൽകപ്പെട്ടത്.

**ലിയോ പതിന്നാലാമൻ പാപ്പാ**

വിവർത്തനം: റവ. ഡോ. ജേക്കബ് പ്രസാദ്
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

Prot. No. 0620/2026

### സർക്കുലർ

# ഒക്ടോബർ മിഷൻ മാസാചരണം

## സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭയിൽ മിഷൻ ഞായർ ആചരിക്കുന്നതിനു തുടക്കം കുറിച്ചതു പതിനൊന്നാം പീയൂസ് മാർപാപ്പയാണ്. സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള അവബോധം വിശ്വാസികളിൽ വളർത്തുകയും മിഷൻപ്രവർത്തനങ്ങൾക്കായി പ്രാർഥനയും സാമ്പത്തികസഹായവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, 1926 ൽ ഒക്ടോബറിലെ അവസാനഞായറാഴ്ചയ്ക്കു മുമ്പുള്ള ഞായറാഴ്ച മിഷൻ ഞായറായി ആചരിക്കാൻ മാർപാപ്പ നിർദേശിച്ചു. 1926 ൽ പ്രസിദ്ധീകരിച്ച *Rerum Ecclesiae* എന്ന ചാക്രികലേഖനത്തിലൂടെ മിഷൻപ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും സഭയുടെ വ്യാപനത്തിനും അദ്ദേഹം പ്രത്യേക പ്രാധാന്യം നല്കി. അതുമുതൽ ആദ്യമായി ആചരിക്കപ്പെട്ട മിഷൻ ഞായർ, സഭയുടെ സാർവലൗകികപ്രേഷിതദൗത്യത്തിൽ എല്ലാ വിശ്വാസികളും പങ്കാളികളാണെന്ന് ഓർമിപ്പിക്കുന്ന വാർഷികാചരണമായി വളർന്നു.

സാർവത്രികസഭയോടൊപ്പം ഒക്ടോബർമാസത്തിൽ മിഷൻ ഞായർ ആചരിക്കുന്നതിനു പുറമേ, 2016 മുതൽ ജനുവരി മാസത്തിൽ ദനഹാത്തിരുനാൾ മുതൽ പന്ത്രണ്ടാം തീയതി വരെ മിഷൻ ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനുവേണ്ടി നമ്മുടെ സഭയിൽ മിഷൻവാരമായി ആചരിച്ചുവരികയായിരുന്നു. വിവിധ കാരണങ്ങളാൽ ഈ ആചരണം ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കാതിരുന്നതിനാൽ, 2024 ൽ പാലായിൽ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം, ജനുവരിയിലെ മിഷൻവാരാചരണത്തിനു പകരം ഒക്ടോബർ മാസം മുഴുവനും മിഷൻമാസമായി ആചരിക്കാൻ സീറോ മലബാർ സഭയുടെ മെത്രാൻ സിനഡു തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ച്, 2026 മുതൽ ഒക്ടോബർ മിഷൻ മാസമായി സീറോമലബാർ സഭയിൽ ഇതിനാൽ സ്ഥാപിക്കുകയാണ്. മിഷൻമാസാചരണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ഏകോപിപ്പിക്കുന്നത് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫിസായിരിക്കും.

സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷപ്രഘോഷണം സഭയുടെ പ്രധാനദൗത്യം മാത്രമല്ല, അവളുടെ സ്വത്വംതന്നെയാണ്; സഭ നിലനിൽക്കുന്നതുതന്നെ സുവിശേഷവത്കരണത്തിനുവേണ്ടിയാണ് (*EvangeliiNuntiandi*, 14, 16). അതിനാൽ, മാമ്മോദീസാ സ്വീകരിച്ച ഓരോ വിശ്വാസിയും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായപ്രേഷിതർ എന്നിവരെയും അവരുടെ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മിഷൻപ്രവർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സാഹചര്യങ്ങൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിലും കർത്താവായ ഈശോ

മിശിഹാ നമ്മെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ നാം കുറ വുവരുത്തരുത്.

ആദ്യകാലങ്ങളിൽ മറ്റു സഭകളിൽനിന്നുള്ള മിഷനറിമാർ നമ്മെ വിശ്വാസത്തിൽ വളർത്തുന്നതിനായി സഹായിച്ചതു നന്ദി യോടെ ഓർക്കുന്നു. സാവകാശം, നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ ഉണ്ടാവുകയും നമ്മുടെ വൈദികരും സമർപ്പിതരും ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സുവിശേഷപ്രഘോഷണത്തിനും സാമൂഹികസേ വനങ്ങൾക്കുമായി മിഷൻചൈതന്യത്തോടെ പുറപ്പെടുകയും ചെയ്തു എന്നതു ദൈവത്തിനു നന്ദിപറയേണ്ട വസ്തുതയാണ്. അതുപോലെ, ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളി ലുമുള്ള മറ്റുസഭകളിലെ രൂപതകളിലും സമർപ്പിതസമൂഹങ്ങ ളിലും ചേർന്നു കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കുന്ന സീറോ മലബാർ സഭയുടെ മക്കളായ മെത്രാന്മാരും വൈ ദികരും സമർപ്പിതരും നമ്മുടെ സഭയുടെ അഭിമാനമാണ്. അതുപോലെ, സുവിശേഷപ്രഘോഷണത്തിലേർപ്പെട്ടിരിക്കുന്ന അല്മായപ്രസ്ഥാനങ്ങളിലും സീറോ മലബാർ സഭാംഗങ്ങൾസ ജീവസാന്നിധ്യമാണ് എന്നതും എടുത്തുപറയേണ്ടതാണ്. ഈ മിഷൻപ്രവർത്തനം നമ്മുടെ കടമയാണ്, ഔദാര്യമല്ല എന്നത് അനുസ്മരിക്കാം.

നമ്മൾ ആരംഭിക്കുന്ന മിഷൻമാസാചരണം സുവിശേഷ പ്രഘോഷണത്തിന്റെയും പ്രേഷിതപ്രവർത്തനങ്ങളുടെയും വിവിധ തലങ്ങളെ അറിയുന്നതിനും മനസ്സിലാക്കുന്നതിനും പിന്തുണയ്ക്കുന്നതിനും രൂപതകളെയും ഇടവകകളെയും കുടും ബങ്ങളെയും വ്യക്തികളെയും പ്രചോദിപ്പിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസത്തിലെ നാല് ആഴ്ചകളിൽ നാലു തലങ്ങളിലുള്ള മിഷൻപ്രവർത്തനങ്ങളെ അവതരിപ്പി ക്കുന്നു.

ഒക്ടോബർമാസത്തിലെ ആദ്യ ആഴ്ചയിൽ ആഗോള മിഷൻപ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനും അവയെ

പരിചയപ്പെടുത്തുന്നതിനും പരിശ്രമിക്കുമ്പോൾ രണ്ടാമത്തെ ആഴ്ചയിൽ സീറോ മലബാർ സഭയുടെ മിഷൻപ്രവർത്തന ങ്ങളെ പഠിക്കുന്നതിനും അവയിൽ പങ്കാളികളാകാനുള്ള മാർ ഗങ്ങൾ കണ്ടെത്തുന്നതിനും പ്രാധാന്യം നല്കണം. മൂന്നാ മത്തെ ആഴ്ചയിൽ അതതു രൂപതകൾ ഏറ്റെടുത്തിരിക്കുന്ന മിഷൻപ്രവർത്തനങ്ങളെ പരിചയപ്പെടുകയും അവയിൽ സഹ കരിക്കുകയും വേണം. നാലാമത്തെ ആഴ്ചയിൽ ഓരോ ഇട വകയുടെയുംവിശ്വാസിയുടെയും പ്രേഷിതദൗത്യം തിരിച്ചറിയു ന്നതിനും വിവിധ മിഷൻപ്രവർത്തനങ്ങളെ ഇടവകതലത്തിൽ ഏകോപിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

അതോടൊപ്പം, മിഷൻമാസം മുഴുവനും ഇടവകകളിലും കുടുംബയൂണിറ്റുകളിലും കുടുംബങ്ങളിലും മിഷനുവേണ്ടി പ്രത്യേകം പ്രാർഥിക്കണം. ജപമാലയിലും വിശുദ്ധ കുർബാ നയിലെ പ്രാർഥനകളിലും ലോകമെങ്ങും സേവനം ചെയ്യുന്ന മിഷണറിമാരെയും വിശ്വാസത്തെപ്രതി പീഡനവും മരണവും ഏറ്റുവാങ്ങുന്നവരെയും പ്രത്യേകം അനുസ്മരിക്കണം. ഞായ റാഴ്ചകളിലെ വചനപ്രഘോഷണം, വിശ്വാസപരിശീലന ക്ലാസു കൾ, മിഷൻ അനുഭവങ്ങളുടെ പങ്കുവയ്ക്കൽ, 'മിഷൻക്വിസ്റ്റ്' ക്വിസ് മത്സരം, മിഷൻ സ്കിറ്റുകൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ കുട്ടികളിലും യുവജനങ്ങളിലും മുതിർന്നവരിലും മിഷൻചൈ തന്യം വളർത്താൻ ഉതകുന്ന രീതിയിൽ ക്രമീകരിക്കണം. പ്രത്യേകിച്ചു നവസുവിശേഷവത്കരണസംരംഭങ്ങളിൽ ഏർപ്പെ ട്ടിരിക്കുന്ന അല്മായരെ രൂപതാതലത്തിൽ കണ്ടെത്തി ഏകോ പിപ്പിക്കുകയും മിഷൻപ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നത് വളരെ മാതൃകാപരമാണ്.

നമ്മുടെ സഭയിൽ 'ജീവൻജ്യോതി' എന്ന പേരിൽ ഒരു ഔദ്യോ ഗിക അല്മായപ്രേഷിതമുന്നേറ്റം ആരംഭിച്ച കാര്യം നേരത്തെ എഴുതിയിരുന്നല്ലോ. ജീവൻജ്യോതിയെ നമ്മുടെ എല്ലാ രൂപതക ളിലും സാഹചര്യമനുസരിച്ച് ഇടവകകളിലും പ്രവർത്തനക്ഷമ

മാക്കണം. മിഷൻമാസത്തിൽ സുവിശേഷപ്രഘോഷണരംഗത്തു പ്രവർത്തിക്കുന്ന അല്മായ പ്രേഷിതരെ ഒരുമിച്ചുകൂട്ടി ജീവൻജ്യോതിയുടെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുന്നത് ഉചിതമായിരിക്കും. ജീവൻജ്യോതി ശക്തിപ്പെടുത്തുന്നതുവഴി സഭയിൽ പുതിയൊരു മിഷനറിദിശാബോധം വളരാനും വളർത്താനും ഇടയാക്കുമെന്നു പ്രത്യാശിക്കുന്നു.

മിഷൻമാസാചരണത്തിന്റെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽനിന്ന് ഈ മാസാചരണത്തെക്കുറിച്ചുള്ള കൂടുതൽ പ്രായോഗിക കർമപദ്ധതികളും നിർദേശങ്ങളും ലഭിക്കുന്നതായിരിക്കും. അവയനുസരിച്ചു നമ്മുടെ മിഷൻമാസാചരണം എല്ലാവരുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി ഊർജസ്വലവും ഫലപ്രദവുമാക്കിത്തീർക്കണമെന്ന് അഭ്യർഥിക്കുന്നു.

പ്രിയമക്കളേ, സഭയുടെ ആത്മാവാണ് സുവിശേഷപ്രഘോഷണവും പ്രേഷിതപ്രവർത്തനങ്ങളും. ഈശോയുടെ സുവിശേഷം ലോകത്തിന്റെ അതിർത്തികളോളം എത്തിക്കേണ്ടത് നമ്മുടെ കടമയാണ്. ഇടവകകളും രൂപതകളും സെമിനാരികളും സമർപ്പിതസമൂഹങ്ങളും മാത്രമല്ല, മാമ്മോദിസ സ്വീകരിച്ച ഓരോ വിശ്വാസിയും തങ്ങളുടെ മിഷനറിസ്വഭാവം തിരിച്ചറിയണം. ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നമ്മുടെ സഭ നിർവഹിക്കുന്ന മിഷൻപ്രവർത്തനങ്ങളെ കൂടുതൽ അറിയാനും അവയ്ക്കുവേണ്ടി പ്രാർഥിക്കാനും അവയിൽ പങ്കുചേരാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ സമയവും കഴിവുകളും സമ്പത്തും ഉദാരമായി പങ്കുവയ്ക്കുമ്പോൾ സഭയുടെ സുവിശേഷദൗത്യം കൂടുതൽ ശക്തവും സജീവവുമാകും. അങ്ങനെ ഈശോമിശിഹായിൽനിന്നു നമുക്കു ലഭിച്ച സ്നേഹവും അനുഗ്രഹങ്ങളും മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശമായി മാറുകയും ചെയ്യും. കർത്താവിന്റെ രക്ഷാകരസംഭവത്തിന്റെ 2033 ലെ മഹാജൂബിലിക്കായി ഒരുങ്ങുന്ന നമ്മുടെ

സഭയിൽ മിഷൻമാസാചരണം പുതിയൊരു പ്രേഷിത ഉണർവിനു വഴിതെളിക്കട്ടെ!

ആദ്യമിഷണറിയായ പരിശുദ്ധ അമ്മയും രക്തസാക്ഷികളും മിഷനറിമാരുമായ അപ്പസ്തോലന്മാരും സകല വിശുദ്ധരും ഈ മിഷനറിയാത്രയിൽ നമുക്കു മാർഗദീപമകട്ടെ! പ്രാർഥനയോടെ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026-ാം ആണ്ട് സെപ്റ്റംബർ മാസം 10-ാം തീയതി നല്കപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ സർക്കുലർ 2026 ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# വൈദികതുടർപരിശീലനം - ബാച്ച് II

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപതയിലെ വൈദികർക്കായി 2026 സെപ്റ്റംബർ 28ന് പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് തുടർ പരിശീലനം നടന്നുവല്ലോ. നമ്മുടെ രൂപതയിലെ എല്ലാ വൈദികരും ഇതിൽ സംബന്ധിക്കുക എന്ന ഉദ്ദേശ്യത്തോടെ 2026 ഒക്ടോബർ 12-ാം തീയതി ഒരിക്കൽക്കൂടി തുടർപരിശീലനം സംഘടിപ്പിക്കുക യാണ്.

Artificial Intelligence ന്റെ യുഗത്തിൽ മനുഷ്യവ്യക്തിയുടെ സംര ക്ഷണത്തെക്കുറിച്ച് പരി. പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ നൽകിയ Magnifica Humanitas (മാനവമഹത്വം) എന്ന ചാക്രികലേ ഖനത്തെ അധികരിച്ച് അജപാലനമേഖലയിൽ നാം പ്രായോഗിക മാക്കേണ്ട 'Digital Wellness' - നെക്കുറിച്ചുള്ള ചർച്ചകളും പഠനങ്ങ ളുമാണ് നടത്തുന്നത്.

ഈ പരിശീലനപരിപാടികൾക്കു നേതൃത്വം നൽകുന്നത് തല ശ്ശേരി അതിരൂപതാംഗവും ഇപ്പോൾ എറണാകുളം തേവര സേക്രട്ട് ഹാർട്ട് കോളേജിൽ അധ്യാപകനുമായ റവ. ഫാ. ജോസഫ് കുമ്പു ക്കൽ ആണ്. 2006 ഡിസംബർ 25 നുമുമ്പ് തിരുപ്പട്ടം സ്വീകരിച്ച പാലാ രൂപതാംഗങ്ങളായ എല്ലാ വൈദികരും ഈ പരിശീലനപദ്ധതിയിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു. ഒന്നാംബാച്ചിൽ പങ്കെടുക്കാൻ സാധിക്കാത്തവരും നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികപരിശീല നം നേടുന്ന എല്ലാ മേജർ സെമിനാരിക്കാരും ഇതിൽ സംബന്ധിക്ക ണം. ഗൗരവമായ കാരണങ്ങളാൽ വരാൻ സാധിക്കാത്തവർ വിവരം അറിയിക്കുമല്ലോ.

ബിഷപ്സ് ഹൗസ്
പാലാ, 29.09.2026

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

**2026 ഒക്ടോബർ 12 തിങ്കൾ**

**സ്ഥലം : അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് അരുണാപുരം**

**സമയം : 9.30 am - 01.00 pm**

**Contact Person: Very Rev. Fr. Joseph Kaniyodickal (Ph. 94478 50946)**

# പ്രസ്ബിറ്ററൽ കൗൺസിലിന്റെയും പാസ്റ്ററൽ കൗൺസിലിന്റെയും സംയുക്തസമ്മേളനം

പ്രിയമുള്ളവരേ,

പാലാ രൂപതയുടെ പതിന്നാലാം പ്രസ്ബിറ്ററൽ കൗൺസിലിന്റെയും പാസ്റ്ററൽ കൗൺസിലിന്റെയും സംയുക്തസമ്മേളനം 2026 ഒക്ടോബർ 21 ബുധനാഴ്ച വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽവച്ചു നടക്കുകയാണ്. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സമ്മേളനം ഉച്ചകഴിഞ്ഞ് 3.30 ന് അവസാനിക്കുന്നു. ഈ സമ്മേളനത്തിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

**ഫാ. മാത്യു ആലപ്പാട്ടുമേടയിൽ**
സെക്രട്ടറി, പ്രസിബിറ്ററൽ കൗൺസിൽ

**അഡ്വ. സിജി ആന്റണി തെക്കേടത്ത്**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

**നിർദേശങ്ങൾ :**

1. സമ്മേളനത്തിൽ പങ്കെടുക്കുന്നവർ Whatsaap ൽ നൽകിയിരിക്കുന്ന google form പൂരിപ്പിച്ച് ഒക്ടോബർ 15 നുമുമ്പ് submit ചെയ്യേണ്ടതാണ്.
2. വാഗമണ്ണിലേക്കുള്ള യാത്രയ്ക്കായി ബസ് ക്രമീകരിക്കുന്നതാണ്. കുറവിലങ്ങാട്, പാലാ, ഭരണങ്ങാനം, അരുവിത്തുറ, തീക്കോയി എന്നിവിടങ്ങളിൽനിന്നും ബസിൽ കയറാവുന്നതാണ്. ഏതു സ്ഥലത്തുനിന്നാണു കയറുന്നത് എന്ന വിവരം google form ൽ നൽകേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽ സ്റ്റോപ്പ് ഉണ്ടായിരിക്കുന്നതല്ല.

3. ബസ് പുറപ്പെടുന്ന സ്ഥലങ്ങൾ:

a. കുറവിലങ്ങാട് പള്ളിയുടെ മുത്തിയമ്മ ഹാളിനു മുമ്പിലുള്ള മൈതാനം - 07.45 am

b. പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് – 08.15 am & Bishop House ന് മുൻവശം – 08.20 am

c. ഭരണങ്ങാനം പള്ളിയുടെ മൈതാനം - 08.30 am

d. അരുവിത്തുറ പള്ളിയുടെ മൈതാനം 08.40 am

e. തീക്കോയി പള്ളിയുടെ മുൻവശം 09.00 am

4. കാറിൽ വാഗമണ്ണിൽ എത്തുന്നവർക്ക് അവിടെ കാർ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും.

5. മേല്പറഞ്ഞ യാത്രാസംബന്ധമായ വിവരങ്ങൾ Whatsaap ൽ നൽകിയിരിക്കുന്ന google form ൽ നൽകേണ്ടതാണ്. google form ഉപയോഗിക്കുന്നതിൽ പരിചയമില്ലാത്തവർ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയെ Whatsapp Message മുഖേനയോ നേരിട്ടോ അറിയിക്കേണ്ടതാണ്.

Phone & Whatsapp No. +91 94470 30863.
google form submit ചെയ്തവർ ഫോണിൽ ബന്ധപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## അറിയിപ്പ്

### മിഷൻ സൺഡേ

ഒക്ടോബർ 18-ാം തീയതി മിഷൻഞായറാണല്ലോ. അന്നേദിവസം വിശുദ്ധകുർബാനമധ്യേ മിഷൻഞായർ പിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക നവംബർ 15-ാം തീയതിക്കുമുമ്പായി ബഹു. രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കുകയും ചെയ്യുമല്ലോ.

### പാലാ രൂപത

## വോൾ കലണ്ടർ

2027 വർഷത്തെ വോൾ കലണ്ടർ മംഗളവാർത്തക്കാലം (2026 ഡിസംബർ) മുതൽ ഉപയോഗം തുടങ്ങാവുന്നവിധത്തിൽ തയ്യാറാക്കുന്നു.

വീടുകളിൽ നൽകാൻ ആഗ്രഹം ഉള്ളവർ ഇടവകകളിൽ ആവശ്യമുള്ള എണ്ണം ഒക്ടോബർ 31 നു മുമ്പ് ഓർഡർ ചെയ്യുമല്ലോ. വില 30 രൂപയാണ്. പള്ളിത്തിരുനാളുകളുടെ ഉൾപ്പെടെ ഉചിതമായ പരസ്യങ്ങൾ സ്വീകരിക്കുന്നതാണ്.

(വിവരങ്ങൾക്ക് ബന്ധപ്പെടുക : 9496542361)

**ഫാ. സിറിൽ തോമസ് തയ്യിൽ**
കോർഡിനേറ്റർ

# പാലാ ഹോം പ്രോജക്ട്

| സാമ്പത്തികസഹായം ലഭിച്ചവർ | Amount From Centre | Amount From Parish / Congregation |
|---|---|---|
| അപ്പച്ചൻ, കളത്തൂർ | 25,000 | |
| മരിയ റോയി കുടക്കച്ചിറ | 10,000 | |
| റോയി മുത്തോലപുരം | | 7,00,000 |
| ജോയി പൈക | | 23,302 |
| തോമസ് ജോസഫ് കുന്നോന്നി | | 26,017 |
| സെബാസ്റ്റ്യൻ മുട്ടം | | 5,000 |
| ജോണി, മുട്ടം | | 8,000 |
| തങ്കച്ചൻ, മുട്ടം | | 8,000 |
| ഫ്രാൻസിസ്, മുട്ടം | | 15,000 |
| ചിന്നമ്മ, മുട്ടം | | 20,000 |
| മഞ്ചു, മുട്ടം | | 50000 |
| ഷിബു, മുട്ടം | | 50,000 |
| ജോബിൻ, മുട്ടം | | 76,000 |
| ഷീജ, മുട്ടം | | 62,000 |
| മറിയക്കുട്ടി, മുട്ടം | | 89,000 |
| കിഷോർ, മുട്ടം | | 19,000 |
| കത്രി, മുട്ടം | | 2,95,000 |
| ദേവസ്യ, മുട്ടം | | 2,03,000 |
| ബെന്നി, മുട്ടം | | 2,75,000 |
| ജോർജ്, മുട്ടം | | 60,000 |
| ബേബി, മുട്ടം | | 1,00,000 |
| തങ്കച്ചൻ, മുട്ടം | | 50,000 |
| മേരി, മുട്ടം | | 40,000 |

| സാമ്പത്തികസഹായം നൽകിയവർ | | |
|---|---|---|
| സിജോ ജോഷി | | 20,000 |
| ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ | | 50,000 |
| ജോസുകുട്ടി എ.എം. തോടനാൽ | | 25,000 |
| സി. റ്റെസി പള്ളിക്കാപ്പറമ്പിൽ | | 7,00,000 |
| ഫാ. പോൾ പള്ളത്ത് | | 5,00,000 |
| ഫാ. ജോസഫ് തടത്തിൽ | | 10,000 |

**റവ. ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**റവ. ഫാ. ജോസഫ് കണിയോടിക്കൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി ഗ്യാസ്ട്രോസയൻസസ് ആൻഡ് പൾമണറി ബ്ലോക്ക് ഉദ്ഘാടനവും സെന്റർ ഓഫ് എക്സലൻസ് പ്രഖ്യാപനവും ആരോഗ്യമന്ത്രി നിർവ്വഹിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയുടെ അതിനൂതനസൗകര്യങ്ങളോടുകൂടിയ ഗ്യാസ്ട്രോസയൻസസ് ആൻഡ് പൾമണറി ബ്ലോക്ക് ഉദ്ഘാടനം, ഗ്യാസ്ട്രോസയൻസസ് സെന്റർ ഓഫ് എക്സലൻസ് പ്രഖ്യാപനം, 150 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയായവരുടെ സംഗമം എന്നിവ ആരോഗ്യവകുപ്പു മന്ത്രി കെ.മുരളീധരൻ ഉദ്ഘാടനം ചെയ്തു. ആശുപത്രിയുടെ 7-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായായിരുന്നു പരിപാടികൾ. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ഫ്രാൻസിസ് ജോർജ് എം.പി. മുഖ്യപ്രഭാഷണം നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ റവ.ഫാ. മാത്യു തെക്കേൽ, എം.ജെ. സെബാസ്റ്റ്യൻ എം.എൽ.എ, പ്രഫ. റോണി കെ. ബേബി എംഎൽഎ, കൊഴുവനാൽ പഞ്ചായത്തു പ്രസിഡന്റ് ജോസി ജോസഫ് പൊയ്കയിൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം മേധാവി ഡോ. രമേശ് എം, നെഫ്രോളജി വിഭാഗം മേധാവി ഡോ. മഞ്ജുള രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. പ്രഫ. ഡോ. ടി.സി. തങ്കച്ചൻ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ ചികിത്സാനുഭവം പങ്കുവച്ചു. 150 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയ ടീമിനെയും, ദേശീയ ട്രാൻസ്പ്ലാന്റ്

ഗെയിംസിൽ ജേതാവായ മാർ സ്ലീവാ മെഡിസിറ്റിയിൽ വൃക്കമാറ്റിവയ്ക്കലിനു വിധേയനായ സിബി വർഗീസ്, അടിയന്തരസാഹചര്യത്തിൽ ഗർഭിണിയായ സ്ത്രീയെ രക്ഷാപ്രവർത്തനത്തിലൂടെ ആശുപത്രിയിൽ എത്തിച്ചു സുരക്ഷിതയാക്കിയ നഴ്സ് ലിറ്റി ജോയി എന്നിവരെയും ചടങ്ങിൽ ആദരിച്ചു. മാർസ് ഫെലിസിറ്റാസ് – 2026 ജേതാക്കളായവർക്കു സമ്മാനദാനം, മാർ സ്ലീവൻസ് അവതരിപ്പിച്ച കൾച്ചറൽ പ്രോഗ്രാം റിഥം 2026 എന്നിവയും നടന്നു.

**മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിൽ ബോൺ മാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റിന്റെ ആശീർവാദം നടത്തി.**

മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിലെ അത്യാധുനിക സ്റ്റെം സെൽ ബോൺമാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റിന്റെയും കാർടി സെൽ തെറാപ്പി ചികിത്സാസേവനങ്ങളുടെയും ആശീർവാദം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. അതിനൂതന സംവിധാനങ്ങളടങ്ങിയ 4 ബെഡോടുകൂടിയ ബോൺമാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റ് ആൻഡ് കാർടി സെൽ തെറാപ്പി സൗകര്യങ്ങളാണ് പ്രവർത്തനസജ്ജമായത്. വാർഷികദിനത്തോടനുബന്ധിച്ച് ആശുപത്രി ചാപ്പലിൽ നടന്ന വി. കുർബാനയ്ക്കും ബിഷപ് മുഖ്യകാർമികത്വം വഹിച്ചു. രക്താർബുദങ്ങളും മറ്റു ഗുരുതരരോഗാവസ്ഥകളും ചികിത്സിക്കുന്നതിനുള്ള നൂതന ചികിത്സാരീതികളിൽ പ്രധാനപ്പെട്ടതാണ് പുതുതായി പ്രവർത്തനം തുടങ്ങിയ സ്റ്റെം സെൽ ട്രാൻസ്പ്ലാന്റ് ആൻഡ് കാർ ടി സെൽ യൂണിറ്റ്. സ്റ്റെം സെൽ ട്രാൻസ്പ്ലാന്റിലൂടെ രോഗംമൂലം കേടുപാടുകൾ സംഭവിച്ചതോ നശിച്ചുപോയതോ ആയ രക്തകോശങ്ങൾ നിർമ്മിക്കുന്ന സ്റ്റെം സെല്ലുകൾക്കു പകരം ആരോഗ്യമുള്ള സ്റ്റെം സെല്ലുകൾ നൽകുന്നു. ഇതിലൂടെ ശരീരത്തിനാവശ്യമായ പുതിയ രക്തകോശങ്ങൾ ഉൽപാദിപ്പിക്കാനും പ്രതിരോധശേഷി പുനഃസ്ഥാപിക്കാനും സാധിക്കും. ലുക്കീമിയ, ലിംഫോമ, മൾട്ടിപ്പിൾ മയലോമ, അപ്ലാസ്റ്റിക് അനീമിയ തുടങ്ങിയ വിവിധ ഹെമറ്റോളജിക്കൽ, ഓങ്കോളജിക്കൽ രോഗങ്ങൾക്കും ചില സോളിഡ് ട്യൂമർ കാൻസറുകൾക്കും സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ നിർണായക ചികിത്സയാണ്. മുതിർന്നവർക്കും കുട്ടികൾക്കും ഈ ചികിത്സകൾ ലഭ്യമാണ്. കാർ ടി സെൽ തെറാപ്പി ഒരു അത്യാധുനിക ഇമ്യൂണോതെറാപ്പിയാണ്. രോഗിയുടെ സ്വന്തം ടി-കോശങ്ങളെ ജനിതകമായി മാറ്റം വരുത്തി കാൻസർകോശങ്ങളെ കൂടുതൽ കൃത്യമായി തിരിച്ചറിയാനും ചികിത്സിക്കാനും ഇത് ഉപകരിക്കുന്നു. ചികിത്സിക്കാൻ ബുദ്ധിമുട്ടുള്ള ചില കാൻസറുകൾക്കു പോലും പുതിയ പ്രതീക്ഷ നൽകുന്ന നൂതന ചികിത്സാരീതിയാണിത്. പുതിയ യൂണിറ്റിന്റെ ആശീർവാദച്ചടങ്ങിൽ ആശുപത്രി മാനേജിംഗ് ഡയറക്ടർ ആൻഡ് സി.ഇ.ഒ

റവ.ഫാ. മാത്യു തെക്കേൽ, അസോസിയേറ്റ് ഡയറക്ടർമാർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ. പോളിൻ ബാബു, ഓങ്കോസയൻസസ് വിഭാഗം മേധാവി ഡോ. റോണി ബെൻസൺ തുടങ്ങിയവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഇംപാക്റ്റ് –2026 ദേശീയസെമിനാർ നടന്നു**

മാർ സ്ലീവാ മെഡിസിറ്റിയിൽ അനസ്തേഷ്യോളജി ആൻഡ്പെരി ഓപ്പറേറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇംപാക്റ്റ്–2026 ദേശീയ സെമിനാർ നടന്നു. മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. പാലാ രൂപത ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ റവ. ഫാ. മാത്യു തെക്കേൽ മുഖ്യപ്രഭാഷണം നിർവഹിച്ചു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ഐ.എസ്.എ. കേരള ചാപ്റ്റർ പ്രസിഡൻറ് ഡോ. ബിനിൽ ഐസക് മാത്യു, അനസ്തേഷ്യോളജി വിഭാഗം മേധാവിയും ഇംപാക്റ്റ് ചീഫ് കോർഡിനേറ്ററുമായ ഡോ. മഞ്ജിത്ത് ജോർജ്, ഓർഗനൈസിംഗ് ചെയർപേഴ്സൺ ഡോ.എബി ജോൺ, സെക്രട്ടറി ഡോ. അനു ജനാർദ്ദനൻ എന്നിവർ പ്രസംഗിച്ചു. രാജ്യത്തെ വിവിധ ആശുപത്രികളിൽനിന്നുള്ള ഡോക്ടർമാർ പങ്കെടുത്തു.

**സുസ്ഥിര ആരോഗ്യപരിചരണരംഗത്തെ അന്താരാഷ്ട്രാ അംഗീകാരമായ ഗ്രീൻ ഒ.ടി. സർട്ടിഫിക്കേഷനിൽ പ്ലാറ്റിനം ഗ്രേഡ് നേട്ടവുമായി മാർ സ്ലീവാ മെഡിസിറ്റി**

മാർ സ്ലീവാ മെഡിസിറ്റി പാലായ്ക്ക് ഗ്രീൻ ഒ.ടി. സർട്ടിഫിക്കേഷനിൽ ഏറ്റവും ഉയർന്ന ഗ്രേഡായ പ്ലാറ്റിനം ഗ്രേഡിന്റെ സുവർണനേട്ടം. സുസ്ഥിര ആരോഗ്യപരിചരണരംഗത്ത് ആശുപത്രി കൈവരിച്ച പ്രവർത്തന മികവിനുള്ള അന്താരാഷ്ട്ര അംഗീകാരമാണ് ഈ നേട്ടം. അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട സർട്ടിഫിക്കേഷൻ സ്ഥാപനമായ ബ്യൂറോ വെരിറ്റാസിന്റെ വിലയിരുത്തലിനെ തുടർന്നാണ് മാർ സ്ലീവാ മെഡിസിറ്റി പാലായ്ക്ക് പ്ലാറ്റിനം ഗ്രേഡ് ലഭിച്ചത്. രോഗികളുടെ സുരക്ഷ, ചികിത്സയുടെ ഗുണനിലവാരം, പ്രവർത്തനമികവ് എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെ ശസ്ത്രക്രിയ തിയറ്ററുകളുടെ പ്രവർത്തനങ്ങളിൽ സുസ്ഥിരത ഉറപ്പാക്കാനുള്ള ആശുപത്രിയുടെ സമഗ്രസമീപനത്തിനുള്ള അംഗീകാരം കൂടിയാണ് പ്ലാറ്റിനം ഗ്രേഡ് നേട്ടം. ആശുപത്രിയിൽ നടന്ന ചടങ്ങിൽ കേരള, തമിഴ്നാട് സംസ്ഥാനങ്ങളുടെ സർട്ടിഫിക്കേഷൻ മാനേജർ ചാർലി ചേന്നംപള്ളിയിൽ നിന്നു ആശുപത്രി മാനേജിംഗ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മന്ത്രി മോൻസ് ജോസഫ്

എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. അസോസിയേറ്റ് ഡയറക്ടർമാർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, മെഡിക്കൽ സൂപ്രണ്ട് ഡോ.നിതീഷ് പി. എൻ, അനസ്തേഷ്യോളജി ആൻഡി പെരിഓപ്പറേറ്റീവ് വിഭാഗം മേധാവി ഡോ.മഞ്ജിത്ത് ജോർജ്, ക്വാളിറ്റി വിഭാഗം സീനിയർ മാനേജർ സിറിയക് ജോർജ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ആശുപത്രി ശസ്ത്രക്രിയ തീയറ്ററുകളിൽ  ഊർജം, ജലം, മെഡിക്കൽ ഉപകരണങ്ങൾ ഉപഭോഗവസ്തുക്കൾ, അണുനശീകരണം, വെന്റിലേഷൻ, മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിൽ വലിയതോതിലുള്ള വിഭവ ഉപയോഗം ആവശ്യമാണ്. ഗ്രീൻ ഒ.ടി. പദ്ധതിയിലൂടെ പരിസ്ഥിതിയിലുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനും സുസ്ഥിരമായ പ്രവർത്തനരീതികൾ ശക്തിപ്പെടുത്തുന്നതിനും മാർ സ്ലീവാ മെഡിസിറ്റി പാലാ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. രോഗികളുടെ സുരക്ഷയും ചികിത്സാനിലവാരവും ഉറപ്പാക്കുന്നതിലും പ്രത്യേക ശ്രദ്ധ നൽകി വരുന്നു. ക്ലിനിക്കൽ വിഭാഗങ്ങൾ, നഴ്സിംഗ്, എൻജിനീയറിംഗ് ആൻഡ് ടെക്നിക്കൽ സർവീസസ്, ഇൻഫെക്ഷൻ പ്രിവൻഷൻ, ക്വാളിറ്റി, സപ്പോർട്ട് സർവീസസ് തുടങ്ങിയ വിഭാഗങ്ങൾ ഗ്രീൻ ഒ.ടി പദ്ധതിയിൽ സജീവമായി പങ്കാളികളായി.

**ലോകഹൃദയദിനാഘോഷങ്ങളുടെ ഭാഗമായുള്ള സ്വിം-എ-തോൺ നീന്തൽ റിലേ മത്സരം പാലായിൽ ആവേശമായി**

ലോക ഹൃദയ ദിനാഘോഷത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സെന്റ് തോമസ് കോളേജ് അക്വാട്ടിക് സെന്ററുമായി സഹകരിച്ച് നടത്തിയ സ്വിം-എ-തോൺ നീന്തൽ റിലേ മത്സരം ആവേശകരമായ കാഴ്ചയായി മാറി. ഹൃദയാരോഗ്യത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. വിവിധ ഭാഗങ്ങളിൽ നിന്നുള്ള 11 ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കാൻ എത്തിയത്. ഒരു ടീമിൽ  8 നീന്തൽ താരങ്ങൾ വീതമുള്ള മിക്സഡ് റിലേ മത്സരമാണ് അരങ്ങേറിയത്. ഡോക്ടർമാർ, അധ്യാപകർ, വനിതകൾ, സീനിയർ സിറ്റിസൺസ് തുടങ്ങി വിവിധ പ്രഫഷണൽ രംഗങ്ങളിലുള്ളവരും 85 വയസ്സുള്ള നീന്തൽ താരവും ഹൃദയം സംരക്ഷിക്കേണ്ടതിന്റെയും വ്യായാമത്തിന്റെയും സന്ദേശം പകർന്ന് സ്വിം എ. തോൺ റിലേയിൽ അണിനിരന്നു. പാലാ തോപ്പൻസ് അക്കാഡമി എ ടീം മത്സരത്തിൽ ജേതാക്കളായി. പാലാ സെൻറ് തോമസ് കോളേജ് അക്വാട്ടിക് സെൻറർ എ ടീം രണ്ടാം സ്ഥാനം നേടി. തോപ്പൻസ് അക്കാഡമി ബി ടീമിനാണ് മൂന്നാംസ്ഥാനം. വിജയികളായ ടീമിന് 20,000, 15,000, 10,000 എന്നീ ക്രമത്തിൽ സമ്മാന തുകകൾ നൽകി. ദേശീയ നീന്തൽതാരവും സാഫ് ഗെയിംസ് ജേതാവുമാ

യിരുന്ന ജോസഫ് ചാവറ സമ്മാനദാനം നിർവഹിച്ചു. മാർ സ്ലീവാ മെഡി സിറ്റി മാനേജിംഗ് ഡയറക്ടർ ആൻഡ് സി.ഇ.ഒ. റവ.ഫാ.മാത്യു തെക്കേൽ മുഖ്യസന്ദേശം നൽകി. സെൻറ് തോമസ് കോളജ് ബർസാർ റവ.ഫാ. മാത്യു ആലപ്പാട്ട് മേടയിൽ, മാർ സ്ലീവാ മെഡിസിറ്റി അസോസിയേറ്റ് ഡയറക്ടർമാരായ റവ. ഫാ. ജോസ് കീരഞ്ചിറ, റവ ഡോ. ജോസഫ് കരി കുളം, റവ. ഫാ. ഗർവാസീസ് ആനിതോട്ടത്തിൽ, റവ. ഫാ. മാത്യു തുരു ത്തിപ്പള്ളിൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, കാർഡിയാക് സയൻസസ് വിഭാഗം മേധാവി ഡോ. രാംദാസ് നായിക് തുടങ്ങിയവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ മരുന്നുകൾ വീടുകളിൽ എത്തിച്ചുനൽ കുന്ന മെഡിസിൻ കെയർ @ ഹോം സേവനം ആരംഭിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ രോഗീപരിചരണപ്രവർത്തനങ്ങ ളുടെ ഭാഗമായി മരുന്നുകൾ വീടുകളിൽ എത്തിച്ചു നൽകുന്ന മെഡിസിൻ കെയർ കെയർ @ ഹോം സേവനത്തിനു തുടക്കമായി. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് മെഡിസിൻ സർവീസ് ഡെലിവറി യുടെ ഫ്ലാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. ആശുപത്രിയുടെ 15 കി.മി. പരിധിയിലുള്ളവർക്കാണ് വീടുകളിൽ മരുന്നു ലഭ്യമാകുന്ന സേവനങ്ങ ളുടെ പ്രയോജനം ലഭിക്കുക.

പ്രായമായ രോഗികൾക്കും, മറ്റ് ഗുരുതരരോഗങ്ങളിൽ കഴിയു ന്നവർക്കും ആശുപത്രിയിൽ എത്താൻ ബുദ്ധിമുട്ടു നേരിടുന്നവർക്കും പ്രയോജനപ്പെടുന്നതിനുവേണ്ടിയാണ് പുതിയ സേവനത്തിനു തുടക്കം കുറിച്ചത്. ആശുപത്രിയിൽനിന്നു രേഖപ്പെടുത്തിയ കുറിപ്പടിപ്രകാരം നൽകുന്ന മരുന്നുകൾക്കു പുറമെ മറ്റ് അംഗീകൃത ആശുപത്രികളിലെ കുറിപ്പടി പ്രകാരമുള്ള മരുന്നുകളും സേവനത്തിന്റെ ഭാഗമായി ഉൾപ്പെ ടുത്തിയിട്ടുണ്ട്. കുറിപ്പടികളുടെ കാലാവാധി തീരുന്ന മുറയ്ക്ക് ടെലി മെഡിസിൻ സേവനം പ്രയോജനപ്പെടുത്തി മരുന്നുകൾ ഉറപ്പാക്കുകയും ചെയ്യാം. പ്രത്യേക പാക്കിംഗുകളോടെ ലേബൽ പതിപ്പിച്ചു സുരക്ഷിത മായ രീതിയിലാണ് മരുന്നുകൾ വീടുകളിൽ എത്തിച്ചു നൽകുക.

**ദേശീയ ന്യൂട്രീഷൻ വാരാചരണം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ദേശീയ ന്യൂടീഷൻ വാരാചരണം സംഘടിപ്പിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. ആശുപത്രി ചീഫ് ഓഫ് മെഡി ക്കൽ സർവീസസ് എയർകോമഡോർ ഡോ. പോളിൻ ബാബു, ക്ലിനിക്കൽ ഡയറ്റീഷ്യൻ റിന്റ റോയി എന്നിവർ പ്രസംഗിച്ചു. അസോ. ഡയറക്ടർമാരായ

റവ. ഫാ. ജോസ് കീരഞ്ചിറ, റവ. ഡോ. ജോസഫ് കരികുളം, റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ.ഡോ. മാത്യു ചേന്നാട്ട്, റവ.ഫാ. മാത്യു തുരുത്തിപ്പള്ളിൽ തുടങ്ങിയവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റി പൾമണറിവിഭാഗത്തിൽ നവീകരിച്ച വിവിധ ക്ലിനിക്കുകളുടെ ആശീർവാദം നടത്തി**

മാർ സ്ലീവാ മെഡിസിറ്റി പൾമണറി വിഭാഗത്തിൽ നവീകരിച്ച വിവിധ ക്ലിനിക്കുകളുടെയും, നൂതന അൾട്ര തിൻ ബ്രോങ്കോസ്കോപ്പിന്റെയും ആശീർവാദം നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ ആശീർവാദം നിർവ്വഹിച്ചു. അനക്സ്-1 ബിൽഡിംഗിൽ പ്രവർത്തിക്കുന്ന പൾമണറിവിഭാഗത്തിൽ എല്ലാ ചൊവ്വാഴ്ച്ചയും പൾമണറി റീഹാബിലിറ്റേഷൻ ക്ലിനിക്കും, ബുധനാഴ്ച സ്മോക്കിംഗ് സീസേഷൻ ക്ലിനിക്കും, വ്യാഴാഴ്ച്ച സ്ലീപ് ഡിസോർഡർ ക്ലിനിക്കും, വെള്ളിയാഴ്ച്ച സിവിയർ ആസ്ത്മ ആൻഡ് അലർജി ക്ലിനിക്കും, ശനിയാഴ്ച്ച അലർജി ക്ലിനിക്കും പ്രവർത്തിക്കും. ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയാണ് ക്ലിനിക്കുകളുടെ പ്രവർത്തനസമയം. സാധാരണ ബ്രോങ്കോസ്കോപ്പി വഴി ശ്വാസനാളത്തിൽ കാണാൻ സാധിക്കാത്തതും, ശ്വാസനാളത്തിലെ ചെറിയ മുഴകൾ പോലും കണ്ടെത്താൻ സാധിക്കുന്നതുമാണ് നൂതന അൾട്ര തിൻ ബ്രോങ്കോസ്കോപ്പ്. ആശീർവാദ ചടങ്ങിൽ ആശുപത്രി അസോ. ഡയറക്ടർമാർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ.പോളിൻ ബാബു, പൾമണറി വിഭാഗം മേധാവി ഡോ. ജെയ്സി തോമസ്, കൺസൾട്ടന്റ് ഡോ. രാജ്കൃഷ്ണൻ എസ്, അസോ. കൺസൾട്ടന്റ് ഡോ. മിഥുൻ ജെ, രജിസ്ട്രാർ ഡോ. റിഥു വക്കച്ചൻ തുടങ്ങിയവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ലോക പേഷ്യന്റ് സേഫ്റ്റി ദിനാചാരണം സംഘടിപ്പിച്ചു**

ലോക പേഷ്യന്റ് സേഫ്റ്റി ദിനാചാരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ പൊതുജനങ്ങൾക്കായി ആരോഗ്യരംഗത്തെ അറിവുകളുടെ നേർക്കാഴ്ച്ചയുമായി പ്രത്യേക പ്രദർശനപരിപാടി സംഘടിപ്പിച്ചു. ആശുപത്രിയുടെ പ്രവർത്തനങ്ങളും, വിവിധ വകുപ്പുകളുടെ സേവനങ്ങളും നേരിട്ടു ബോധ്യപ്പെടുന്ന പ്രദർശന പരിപാടി വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പുത്തൻ അറിവുകൾ പകരുന്നതായി മാറി. വിവിധ ആശുപത്രി സുരക്ഷ ഉപകരണങ്ങളുടെയും ചികിത്സ ഉപകരണങ്ങളുടെയും പ്രവർത്തനങ്ങളെക്കുറിച്ചും ബോധവൽക്കരണവും നൽകി. സമ്മേളനത്തിൽ ആശുപത്രി മാനേജിംഗ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. പാലാ മരിയൻ മെഡിക്കൽ സെന്റർ

അഡ്മിനിസ്ട്രേറ്റർ റവ.സിസ്റ്റർ ലിൻസി എഫ്.സി.സി മുഖ്യപ്രഭാഷണം നടത്തി. ആശുപത്രിയിൽ ആരംഭിക്കുന്ന സേഫ്റ്റി ചാമ്പ്യൻ പദ്ധതിയുടെ ലോഞ്ചിംഗ് റവ.ഫാ. മാത്യു തെക്കേലും റവ. സിസ്റ്റർ ലിൻസി എഫ്.സി.സി യും ചേർന്നു നിർവ്വഹിച്ചു. ആശുപത്രി ഓപ്പറേഷൻസ്, പ്രൊജക്ട്സ്, ലീഗൽ ആൻഡ് ലെയ്സൺ അസോ. ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ, ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ക്വാളിറ്റി വിഭാഗം സീനിയർ മാനേജർ സിറിയക് ജോർജ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. രശ്മി നായർ എന്നിവർ പ്രസംഗിച്ചു. ക്വിസ് മത്സരം, പോസ്റ്റർ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു. വിവിധ മത്സരങ്ങളിൽ ജേതാക്കളായവർക്ക് സമ്മാനദാനവും നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കടനാട് സെന്റ് അഗസ്റ്റിൻ ഫൊറോന ചർച്ചിൽ പിതൃവേദിയുമായി സഹകരിച്ചും, കടപ്ലാമറ്റം സെന്റ് മേരീസ് ഫൊറോന പള്ളിയിൽ എ.കെ.സി.സിയുമായി സഹകരിച്ചും സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. കോർപ്പറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി എം. ജി. സർവ്വകലാശാലാ പെൻഷനേഴ്സ് അസോസിയേഷനുമായി സഹകരിച്ച് ചൈതന്യ പാസ്റ്ററൽ സെന്ററിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ജറിയാട്രിക്സ് വിഭാഗം ക്യാമ്പിനു നേതൃത്വം നൽകി. കോട്ടയം റിലയൻസ് സെന്ററിൽ ലോകഹൃദയദിനാചരണത്തോട് അനുബന്ധിച്ചു കാർഡിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും, ജീവിതശൈലി രോഗങ്ങളെക്കുറിച്ചു ബോധവൽക്കണക്ലാസ്സും നടത്തി. ഇടുക്കി പാവനാത്മാ കോളജിൽ പി.ടി.എ അംഗങ്ങൾക്കും അധ്യാപകർക്കും കുട്ടികൾക്കുമായി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിലും മെഡിക്കൽ ക്യാമ്പ് നടത്തി.

**സൗജന്യ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിംഗ് കോളജിലും, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജി കോളജിലും ദേശീയ ന്യൂട്രീഷൻ വാരാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. പാലാ സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിൽ എച്ച്.ഐ.വി, ബ്ലഡ് ഡൊണേഷൻ എന്നിവയെക്കുറിച്ചും, ഉഴവൂർ ഒ.എൽ.എൽ. ഹയർസെക്കണ്ടറി സ്കൂളിൽ മെന്റൽ ഹെൽത്തിനെക്കുറിച്ചും ക്ലാസുകൾ സംഘടിപ്പിച്ചു. കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി കേരള ബേക്കേഴ്സ് അസോസിയേഷനുമായി സഹകരിച്ചു പുതുപ്പള്ളിയിൽ വച്ചു ലൈഫ് സ്റ്റൈൽ ഡിസീസിനെക്കുറിച്ചു ക്ലാസ്സ് സംഘടിപ്പിച്ചു.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മണർകാട് സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിലും, കുര്യനാട് സെന്റ് ആൻസ് ഹയർ സെക്കണ്ടറി സ്കൂളിലും സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾക്കായി സൗജന്യ ബി.എൽ.എസ്. പരിശീലനം സംഘടിപ്പിച്ചു. എമർജൻസി വിഭാഗം നേതൃത്വം നൽകി.

**സൗജന്യവൈദ്യസഹായം ക്രമീകരിച്ചു നൽകി**

ചേർപ്പുങ്കൽ മാർ സ്ലീവാ കൺവൻഷൻ സെന്ററിൽ നടന്ന ഏഷ്യാനെറ്റ് ഗ്രാമോത്സവം, ബേസ് ഇലവണിൽ നടന്ന ചലച്ചിത്രതാരം വിനീത് ശ്രീനിവാസന്റെ ആരവം മ്യൂസിക് ഷോ, ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിംഗ് കോളജിൽ നടന്ന കെ.ടി.യു.സി കബഡി ചാമ്പ്യൻഷിപ്, ഇടുക്കി രാജകുമാരി പള്ളിയിൽ നടന്ന മരിയൻ തീർത്ഥാടനം എന്നീ പരിപാടികൾക്കു മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ ആംബുലൻസ് സേവനവും മെഡിക്കൽ സപ്പോർട്ടും നൽകി.

**സൗജന്യ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിംഗ് കോളജിൽ സൗജന്യരക്തദാനക്യാമ്പ് സംഘടിപ്പിച്ചു.

**കണ്ടിന്യൂയിംഗ് മെഡിക്കൽ എജ്യൂക്കേഷൻ പരിപാടി സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ഐ.എം.എയുമായി സഹകരിച്ച് റേഡിയോതെറാപ്പിയെക്കുറിച്ചു കണ്ടിന്യൂയിംഗ് മെഡിക്കൽ എജ്യൂക്കേഷൻ പരിപാടി സംഘടിപ്പിച്ചു. റേഡിയേഷൻ ഓങ്കോളജി വിഭാഗം മേധാവി ഡോ.ആന്റോ ബേബി പ്രബന്ധം അവതരിപ്പിച്ചു.

**ബിസ്ട്രോ റസ്റ്റോറന്റ് പ്രവർത്തനം തുടങ്ങി**

മാർ സ്ലീവാ മെഡിസിറ്റി അനക്സ്-1 ബിൽഡിംഗിൽ അത്യാധുനികരീതിയിലുള്ള ബിസ്ട്രോ റസ്റ്റോറന്റ് പ്രവർത്തനം തുടങ്ങി. ബുഫെ രീതിയിൽ ഭക്ഷണം കഴിക്കാൻ സൗകര്യത്തോടെയാണ് പുതിയ റസ്റ്റോറന്റിന്റെ പ്രവർത്തനം. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ബിസ്ട്രോയുടെ ആശീർവാദം നിർവ്വഹിച്ചു.

**ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി ജനറൽ മെഡിസിൻ ആൻഡ് ഇൻഫെക്ഷൻ ഡിസീസ് വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ. ശ്രീത ശ്രീനിവാസ് ചുമതലയേറ്റു.

**യു. എസ്. കോൺസുലേറ്റ് പ്രതിനിധികൾ മാർ സ്ലീവാ മെഡിസിറ്റി യിൽ സന്ദർശനം നടത്തി**

അമേരിക്കൻ സിറ്റിസൺസിനു മധ്യകേരളത്തിൽ എത്തുമ്പോൾ മികച്ച ചികിത്സാസൗകര്യം ഒരുക്കുന്ന ആശുപത്രിയുടെ പാനലിലേക്കു മാർ സ്ലീവാ മെഡിസിറ്റിയെ ശുപാർശ ചെയ്തു. യു.എസ്.കോൺസുലേറ്റ് വൈസ് കൗൺസിൽ മാത്യു ലൗഡറ്റോ, എ.സി.എസ്. അസിസ്റ്റന്റ് സുജ സതീഷ് എന്നിവരുടെ നേതൃത്വത്തിൽ ആശുപത്രിയിൽ എത്തി ചികിത്സാസൗകര്യങ്ങളും സേവനങ്ങളും നേരിൽ ബോധ്യപ്പെട്ട ശേഷമായിരുന്നു നടപടി. ആശുപത്രിയിൽ എത്തിയ യു.എസ്.കോൺസുലേറ്റ് പ്രതിനിധികളെ മാനേജിംഗ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ.മാത്യു തെക്കേലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. അസോ. ഡയറക്ടർമാർ പങ്കെടുത്തു.

**ഫാ. മാത്യു തെക്കേൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

---

## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

---

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈയിൻ രൂപതാബിഷപ്)

മാർ ജേക്കബ് അങ്ങാടിയത്ത് (ചിക്കാഗോ രൂപതാ മുൻബിഷപ്)

ജസ്റ്റീസ് ജോബിൻ സെബാസ്റ്റ്യൻ
(അഡ്മിനിസ്ട്രേറ്റീവ് ജഡ്ജ്, ഹൈക്കോർട്ട് ഓഫ് കേരള)

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി സെപ്റ്റംബർ 6–ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയും, കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**വിവിധ ഭാഷകളിൽ വിശുദ്ധ കുർബാന**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ഞാറാഴ്ച്ചകളിലും 2.45 pm ന് ഇംഗ്ലീഷിലും, ആദ്യഞായറാഴ്ച്ച 1.00 pm നും, ശനിയാഴ്ച്ചകളിൽ 3.30 pm ന് ഹിന്ദിയിലും വി.കുർബ്ബാനകൾ നടത്തപ്പെട്ടു.

**രാത്രിയാരാധന**

പാലാ രൂപതാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 26 ശനിയാഴ്ച രാത്രി ആരാധന നടത്തപ്പെട്ടു. വൈകിട്ട് 7 മണിക്ക് വി. കുർബ്ബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ള വി. കുർബ്ബാനയോടെ സമാപിച്ചു. ഫാ. ജോസഫ് ഓണാട്ട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**കോഴ്സ് 2026–2027**

2026–2027 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ സെപ്റ്റംബർ മാസത്തിലെ ക്ലാസ്സുകൾ 4, 6, 12 തീയതികളിൽ നടന്നു. റവ. ഡോ. തോമസ് വടക്കേൽ, റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

**ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾ :**

ഒക്ടോബർ 20 & 21 Church History I - Rev. Dr. James Puliurumpil

**സാഹിത്യമത്സരങ്ങൾ 2026 – 2027**

ഈ വർഷത്തെ രൂപതാതല സാഹിത്യമത്സരങ്ങൾ 2026 ഓഗസ്റ്റ് 30, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു. മത്സരങ്ങളുടെ ഫലം സെപ്റ്റംബർ 11 വെള്ളിയാഴ്ച പ്രസിദ്ധീകരിച്ചു. പങ്കെടുത്ത എല്ലാവർക്കും പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും അനുമോദനങ്ങൾ, വിജയികളായവക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**സ്കൂൾ മതബോധന-സന്മാർഗ്ഗ പരീക്ഷ**

സ്കൂൾ തലത്തിലുള്ള മതബോധനത്തിന്റെയും സന്മാർഗ്ഗപരിശീലനത്തിന്റെയും ഒന്നാം ടേം പരീക്ഷ 2026 സെപ്റ്റംബർ 11-ാം തീയതി നടത്തപ്പെട്ടു.

**പാലാ രൂപത കലോത്സവം**

ഈ വർഷത്തെ രൂപതാതല വിശ്വാസ-പ്രേഷിതപരിശീലന കലോത്സവം 2026 ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 8.15 മുതൽ ചേർപ്പുങ്കൽ ഹോളിക്രോസ് H.S.S ൽ വച്ച് നടത്തപ്പെടുന്നതാണ്. രൂപതാ

കലോത്സവത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയവരുടെ ലിസ്റ്റ് മേഖല കളിൽനിന്നും സൺഡേസ്കൂൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ട അവസാന തീയതി ഒക്ടോബർ 5 ആണ്.

**ഒന്നാം ടേം പരീക്ഷയുടെ ചോദ്യക്കടലാസ് വിതരണവും പരീക്ഷയും**

2026-2027 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ യുടെ ചോദ്യപേപ്പറുകൾ 2026 ഒക്ടോബർ 24 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും വിത രണം ചെയ്യുന്നതാണ്. പരീക്ഷ ഒക്ടോബർ 25-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്. പരീക്ഷയുടെ സമയക്രമം ചുവടെ ചേർക്കുന്നു.

Std I-VII 11.00 am - 01.00 pm

Std VIII-XII: 02.00 pm - 04.00 pm

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ എക്സിക്യൂട്ടീവ് യോഗം സെപ്റ്റംബർ ആറാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3:00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വെച്ച് നടന്നു. രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**രൂപതാകലോത്സവം**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത കലോത്സവം 2026 ഒക്ടോ ബർ മാസം പത്താം തീയതി ചേർപ്പുങ്കൽ ശാഖയിൽ വച്ച് നടക്കും.

**അൽഫോൻസാതീർത്ഥാടനം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സമിതിയുടെ നേതൃത്വ ത്തിൽ നടത്തുന്ന വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിലേക്കുള്ള തീർത്ഥാടനം 2026 ഒക്ടോബർ മാസം പതിനൊന്നാം തീയതി നടക്കും. 8, 9, 10 ക്ലാസ്സുകളിലെ കുട്ടികളാണ് തീർത്ഥാടനത്തിൽ പങ്കെടുക്കുന്നത്. ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് തീർത്ഥാടനം ആരംഭിക്കും.

**സംസ്ഥാന സാഹിത്യമത്സരം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സാഹിത്യമത്സരം സെപ്റ്റം ബർ 21-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. രൂപത വിജയികൾ മത്സരത്തിൽ പങ്കെടുത്തു.

**കുഞ്ഞുമിഷനറി മാസിക**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ കുഞ്ഞുമിഷനറി മാസികയുടെ 2026 സെപ്റ്റംബർ മാസത്തെ പതിപ്പ് സെപ്റ്റംബർ മാസം ആറാം തീയതി പ്രസിദ്ധീകരിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സാഹിത്യോത്സവം**

ഈ വർഷത്തെ കെ.സി.എസ്.എൽ സാഹിത്യോത്സവം സെപ്റ്റംബർ 4 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസിൽ വച്ച് നടത്തപ്പെട്ടു. കഥ, കവിത, ഉപന്യാസം, ചിത്രരചന, ബൈബൾ ക്വിസ്, കെ.സി.എസ്.എൽ ക്വിസ്, സ്കോളർഷിപ്പ് എന്നീ മത്സരങ്ങളാണ് നടത്തപ്പെട്ടത്. വിവിധ സ്കൂളുകളിൽ നിന്നായി 1000 ൽ അധികം കുട്ടികൾ വിവിധതരം മത്സരങ്ങളിൽ പങ്കെടുത്തു.

**അൽഫോൻസാ കളറിംഗ് രൂപതാതലം**

അൽഫോൻസാകളറിംഗ് മത്സരം സ്കൂൾതലത്തിൽ നടത്തി ഫസ്റ്റ് കിട്ടിയ കുട്ടികൾക്കുള്ള രൂപതാതലമത്സരം സെപ്റ്റംബർ 4 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസിൽ വച്ച് നടത്തപ്പെട്ടു.

**ബൈബിൾവാക്യമത്സരം**

എൽ.പി വാഭാഗത്തിലെ കുട്ടികൾക്കായി ബൈബിൾവാക്യമത്സരം സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 10 മണിമുതൽ പാലാ സെന്റ് മേരീസ് എൽ. പി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. നൂറിലധികം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. അൽഫോൻസാ മരിയ എസ് (എൽ. എഫ്.എച്ച്.എസ്, ചെമ്മലമറ്റം) ഒന്നാം സ്ഥാനം കരസ്ഥമാക്കി. മരിയ റ്റെസ്സ (സെന്റ് മേരീസ് ജി. എൽ.പി.എസ്, കുറവിലങ്ങാട്) രണ്ടാം സ്ഥാനവും ജെന്ന റ്റെസ്സ ജോൺസ് (സെന്റ് ജോൺസ് എച്ച്.എസ്, കാഞ്ഞിരത്താനം) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. 5 കുട്ടികൾ പ്രോത്സാഹന സമ്മാനങ്ങൾക്ക് അർഹരായി. കെ.സി.എസ്.എൽ ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ കുട്ടികൾക്ക് ക്യാഷ്പ്രൈസും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**കൈയെഴുത്തുമാസികമത്സരം**

സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ പാലാ സെന്റ്മേരീസ് ജി.എച്ച്.എസ്.എസിൽ വച്ച് കൈയെഴുത്തു മാസിക മത്സരം നടത്തപ്പെടുന്നു. എച്ച്.എസ്.എസ്, എച്ച്.എസ്, യു.പി വിഭാഗങ്ങളിൽ നിന്നായി 17 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**തെഷുവ 2.0**

യുവജനങ്ങളുടെ ആത്മീയശക്തീകരണം മുൻനിർത്തി 2026 സെപ്റ്റംബർ 4 വെള്ളിയാഴ്ച താബോർ ധ്യാനകേന്ദ്രത്തിൽ വച്ച് ഏകദിന ആത്മീയശക്തീകരണ പരിപാടി 'തെഷുവ 2.0' എന്ന പേരിൽ നടത്തപ്പെട്ടു. വിശുദ്ധ കുമ്പസാരത്തെക്കുറിച്ച് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ് നയിച്ചു. തുടർന്ന് റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ക്ലാസ് നയിച്ചു. യുവജനങ്ങൾക്കായി വിശുദ്ധ കുർബാനയും കുമ്പസാരവും നടത്തപ്പെട്ടു.

**മരിയൻതീർത്ഥാടനം**

ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾ സംയുക്തമായി 2026 സെപ്റ്റംബർ 5 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച്ഡീക്കൻ തീർത്ഥാടന പള്ളിയിൽവച്ച് മരിയൻ തീർത്ഥാടനം നടത്തി. പുണ്യശ്ലോകനായ പനംകുഴയ്ക്കൽ വല്യച്ചന്റെ ഗ്രോട്ടോയിൽനിന്ന് ആരംഭിച്ച് ജപമാലപ്രദക്ഷിണമായി പള്ളിയിലേക്കും തുടർന്ന് പരിശുദ്ധ കുർബാനയോടെയും സമാപിച്ചു. ചങ്ങനാശ്ശേരി അതിരൂപത ഡയറക്ടർ റവ.ഫാ. സാവിയോ മണ്ണാട്ട്, കാഞ്ഞിരപ്പള്ളി രൂപത ഡയറക്ടർ റവ.ഫാ. ജിക്കു നരിപ്പാറയിൽ, പാലാ രൂപതഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി എന്നിവരുടെ നേതൃത്വത്തിൽ മൂന്നു രൂപതകളിൽനിന്നുമായി യുവജനങ്ങൾ പങ്കെടുത്തു.

**ക്രിക്കറ്റ് ടൂർണമെന്റ്**

2026 സെപ്റ്റംബർ 19 ന് പൂഞ്ഞാർ ഫൊറോനയുടെ ആതിഥേയത്വത്തിൽ SPL 2K26 സെന്റ് ജോൺ പോൾ II മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റ് നടത്തപ്പെട്ടു.

**Aurora - Night Camp**

വൈ.എ.റ്റി.പി. 33-ാം ബാച്ചിന്റെ അഞ്ചാമത്തെ സെഷൻ രാമപുരം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ സെപ്റ്റംബർ 19 ശനിയാഴ്ച Aurora Night Camp നടത്തപ്പെട്ടു. വൈകുന്നേരം 6 മണിക്ക് ആരംഭിച്ച ക്യാമ്പ് 20-ാം തീയതി രാവിലെ 6 മണിക്ക് സമാപിച്ചു. യുവജനങ്ങൾക്കായി ഇന്ററാക്ടീവ് സെഷൻ മുൻ രൂപതാപ്രസിഡന്റ് എഡ്വിൻ ജോസി നയിച്ചു.

**ലോഗോസ് ജൂനിയർ**

ലോഗോസ് ക്വിസിനോടനുബന്ധിച്ച് എസ്.എം.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ ലോഗോസ് ക്വിസിനായി ഒരുങ്ങുന്ന യുവജനങ്ങൾക്കായി 'ലോഗോസ് ജൂനിയർ' എന്ന പേരിൽ ഒരു ഓൺലൈൻ ലോഗോസ് മോക്ക് ടെസ്റ്റ് 2026 സെപ്റ്റംബർ 21 തിങ്കളാഴ്ച രാത്രി 8:30-ന് സംഘടിപ്പിച്ചു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

## ജീസസ് യൂത്ത്

**ORAH-'26**

പാലാ രൂപതയിലെ യുവജനങ്ങൾക്കായി സെപ്റ്റംബർ 19 മുതൽ 21 വരെ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് ORAH നവീകരണ ധ്യാനം നടത്തപ്പെട്ടു. ജീസസ് യൂത്ത് പാലാ ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, ആനിമേറ്റർ സി. മെൽവിൻ FCC എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രോഗ്രാമിൽ 157 ഓളം യുവജനങ്ങൾ പങ്കെടുത്തു. ഈ സമുദായശക്തീകരണവർഷത്തിൽ സഭയോടുചേർന്നുനിന്നുകൊണ്ട് ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാനും നമ്മുടെ വിശ്വാസം ആഘോഷിക്കാനും പ്രഘോഷിക്കാനും സാധിക്കുന്ന രീതിയിൽ ധ്യാന സെഷനുകൾ, ഗ്രൂപ്പ് ആക്ടിവിറ്റികൾ, ആരാധന, സാക്ഷ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി.

**ORAH പോസ്റ്റർ പ്രകാശനം**

സെപ്റ്റംബർ 19-21, സെന്റ് തോമസ് കോളേജിൽ വച്ച് യുവജനങ്ങൾക്കായി നടത്തപ്പെടുന്ന ORAH പ്രോഗ്രാമിന്റെ പോസ്റ്റർ പ്രകാശനം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**DREAM - 2026**

ജീവൻസമൃദ്ധിയുടെ നേതൃത്വത്തിൽ ജീസസ് യൂത്തിനോടുചേർന്ന് പഠനസഹായം ലഭിക്കുന്ന വിദ്യാർത്ഥികളുടെയും അവരുടെ മാതാപിതാക്കളുടെയും ഈ വർഷത്തെ Outreach Child Support Gathering ഓഗസ്റ്റ് 30

ഞായറാഴ്ച കണ്ണാടിയുറുമ്പ് മേരിമാതാ പബ്ലിക് സ്കൂളിൽ വച്ച് ജീസസ് യൂത്ത് മിഷൻ ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സിവിൽ സർവീസ് റാങ്ക് ഹോൾഡർ ശ്രീമതി സ്മിത സാബു, ബിലാസ് ജോർജ് എന്നിവർ കുട്ടികളും മാതാപിതാക്കളുമായി സംവദിച്ചു. അവരുടെ ശുഭമായ ഭാവി സ്വപ്നം കാണാൻ സഹായിക്കുവാനും പ്രത്യാശയോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്ന രീതിയിലുമാണ് സെഷനുകളും ആക്ടിവിറ്റികളും നടത്തപ്പെട്ടത്.

**PTP - Parish Training Programme**

ജീസസ് യൂത്ത് പാലാ പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 23 മുതൽ 25 വരെ തീയതികളിലായി കണ്ണാടിയുറുമ്പ് മേരി മാതാ പബ്ലിക് സ്കൂളിൽ വച്ച് പാരിഷ് ലീഡേഴ്സിനായി PTP ട്രെയിനിങ് പ്രോഗ്രാം നടത്തപ്പെട്ടു. സെഷനുകൾ, പ്രാർത്ഥന, കൂട്ടായ്മ എന്നിവയിലൂടെ ക്രൈസ്തവവിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുന്നതിനും ആത്മീയ വളർച്ചയ്ക്കും പരസ്പരസൗഹൃദം ശക്തിപ്പെടുത്തുന്നതിനും സഹായകമായ ഈ പ്രോഗ്രാമിൽ 15 യുവജനങ്ങൾ പങ്കെടുത്തു.

**ORAH വോളണ്ടിയഴ്സ് ട്രെയിനിംഗ്**

ക്യാമ്പസ് കുട്ടികൾക്കായി സെപ്റ്റംബർ 19 മുതൽ 21 വരെ തീയതികളിലായി നടത്തപ്പെടുന്ന ORAH പ്രോഗ്രാമിന്റെ ഒരുക്കമയുള്ള വോളണ്ടിയേഴ്സ് ട്രെയിനിംഗ് സെപ്റ്റംബർ 12,13 തീയതികളിലായി കണ്ണാടിയുറുമ്പ് മേരി മാതാ സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഈശോയുടെകൂടെ തങ്ങൾ ചെയ്യാൻ പോകുന്ന ഈ ആത്മീയശുശ്രൂഷയുടെ ഗൗരവത്തെപ്പറ്റിയും അതിന്റെ ഒരുക്കത്തെക്കുറിച്ചും കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ ട്രെയിനിംഗിലൂടെ സാധിച്ചു.

**വെള്ളികുളം ഇടവക പ്രോഗ്രാം**

സി.എം.സി സിസ്റ്റേഴ്സിന്റെയും പാലാ ജീസസ് യൂത്ത് പാരിഷ് മിനിസ്ട്രിയുടെയും നേതൃത്വത്തിൽ ഓഗസ്റ്റ് 30 ന് വെള്ളികുളം ഇടവകയിൽ സൺഡേസ്കൂൾ വിദ്യാർഥികൾക്കായി പ്രോഗാം നടത്തപ്പെട്ടു. വിവിധ ആക്ടിവിറ്റികളിലൂടെയും ക്ലാസുകളിലൂടെയും അവർ ദൈവസ്നേഹത്തെപ്പറ്റിയും ജീസസ് യൂത്ത് മൂവ്മെന്റിനെക്കുറിച്ചും തിരിച്ചറിഞ്ഞു.

**HIDE & SEEK**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പഠനരംഗത്ത് പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ മിഷൻ ടീം ആരംഭിച്ച ഓൺലൈൻ പദ്ധതിയാണ് HIDE & SEEK. ജീസസ് യൂത്തിലെ അധ്യാപകരുടെ സഹകരണത്തോടെ കുട്ടികൾക്ക്

സൗജന്യവിദ്യാഭ്യാസസഹായം, വിഷയങ്ങളിൽ വ്യക്തത ലഭിക്കാനുള്ള മാർഗനിർദേശം, പഠനത്തിൽ ആത്മവിശ്വാസം വർധിപ്പിക്കുന്ന പിന്തുണ എന്നിവ നൽകിവരുന്നു.

**ACT SIXTEEN**

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിനോടുചേർന്നുള്ള സ്പിരിച്വാലിറ്റി സെന്ററിൽവച്ച്, പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ACT SIXTEEN', ഒരു മണിക്കൂർ Praise & Worship നടത്തപ്പെടുന്നു.

**ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചുചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിൽ വച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു. ക്രിസ്ത്യൻ സംഗീതമേഖലയിലുള്ള മരിയ ജോർജ്, സ്റ്റെനിൽ സ്റ്റീഫൻ, നിഖിൽ ജോയ്, ജോമി എബ്രഹാം എന്നിവർ ക്ഷണിക്കപ്പെടുകയും അവർ പങ്കെടുക്കുന്നവരുമായി സംവദിക്കുകയും ചെയ്തു.

**Sing 4 Gsus**

പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, ക്രിസ്തീയഗാനങ്ങളിലൂടെ പ്രാർത്ഥിക്കുവാൻ എന്ന ആശയത്തോടെ നടത്തപ്പെടുന്ന 'Sing 4 Gsus' എന്ന വാട്സാപ്പ് ഗ്രൂപ്പ് - എല്ലാ ദിവസവും ഒരു ക്രിസ്തീയഗാനവും, അതിന്റെ വരികളും, ട്രാക്കും, ഒപ്പം ഒരു ചെറിയ പ്രാർത്ഥനയും ഷെയർ ചെയ്യുന്നു.

**ഇംഗ്ലീഷ് ക്വയർ**

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ വച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, സീറോ മലബാർ കുർബാനയുടെ ഇംഗ്ലീഷ് വേർഷൻ ജനകീയമാക്കുന്നതിനും ആളുകളിലേക്ക് എത്തിക്കുന്നതിനുമായി സിറോ മലബാർ ഇംഗ്ലീഷ് ക്വയർ നടന്നുവരുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ ബുധനാഴ്ചക്കൂട്ടായ്മ നടത്തിവരുന്നു. പ്രാർത്ഥന, വചനം പങ്കിടൽ, ഗാനങ്ങൾ, അനുഭവസാക്ഷ്യങ്ങൾ എന്നിവയിലൂടെ യുവജനങ്ങളെ ഈശോയുടെ സ്നേഹത്തിലേക്ക് കൂടുതൽ അടുപ്പിക്കാൻ ഈ കൂട്ടായ്മ സഹായിക്കുന്നു. ആത്മീയവളർ

ച്ചയ്ക്കും വിശ്വാസജീവിതത്തിലെ സ്ഥിരതയ്ക്കും ഈ കൂട്ടായ്മ വലിയ അനുഗ്രഹമായി മാറുന്നുണ്ട്.

**ഹൗസ്ഹോൾഡ്**

സെപ്റ്റംബർ 6 ഞായറാഴ്ച അരുവിത്തുറ, കടുത്തുരുത്തി എന്നിവിടങ്ങളിലായി ഹൗസ് ഹോൾഡുകൾ സംഘടിപ്പിച്ചു. ജീസസ് യൂത്തിലെ പ്രാർത്ഥനാജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഹൗസ് ഹോൾഡുകൾ സഹായകമായി.

**മധ്യസ്ഥപ്രാർത്ഥന**

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും ORAH പ്രോഗ്രാം സമർപ്പിച്ച് പ്രാർത്ഥിക്കാനുമായി എല്ലാ ദിവസവും 3.30 മുതൽ 4.30 വരെ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് മധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. അതോടൊപ്പം എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പാലാ സോൺ ഒന്നിച്ച് വിവിധ നിയോഗങ്ങൾക്കും ശുശ്രൂഷകൾക്കും കുടുംബങ്ങൾക്കും യുവജനങ്ങൾക്കും വേണ്ടി സമർപ്പിച്ചു നടത്തുന്ന ഈ പ്രാർത്ഥന നിരവധി ആളുകൾക്ക് അനുഗ്രഹമാകുന്നുണ്ട്.

**അനുദിന വിശുദ്ധർ**

വിശുദ്ധരാകാനും വിശുദ്ധിയിൽ വളരാനും അനേകരെ പ്രചോദിപ്പിക്കുവാൻ ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ EVERYDAY SAINTS എന്ന പേരിൽ ഒരു വാട്സാപ്പ് കൂട്ടായ്മ നടന്നുവരുന്നു. പല പേരുകളിൽ, പല ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ ലക്ഷ്യമാക്കി ജീവിച്ച സഭയുടെ വിശുദ്ധരെ ഓരോ ദിവസവും അടുത്ത് അറിയുവാനും അവരുമായുള്ള സൗഹൃദത്തിൽ ഈ കാലഘട്ടത്തിന്റെ വിശുദ്ധരായി മാറുവാനുമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## കുടുംബക്കൂട്ടായ്മ

1. 04/09/2026 വെള്ളി 10.30 am ന് രൂപതാ റിസോഴ്സ് ടീം പരിശീലന പരിപാടി.

2. 06/09/2026 നരിയങ്ങാനം ഇടവകയിലെ കുടുംബക്കൂട്ടായ്മഭാരവാഹികളുടെ സമ്മേളനം നടന്നു. സമ്മേളനത്തിൽ വികാരി ഫാ. തോമസ് പട്ടേരി അധ്യക്ഷത വഹിച്ചു. രൂപതാ കുടുംബക്കൂട്ടായ്മ വൈസ് പ്രസിഡന്റ് ഷിജു അഗസ്റ്റിൻ വെള്ളപ്ലാക്കൽ ക്ലാസ്സ് നയിച്ചു.

3. 12/09/2026 ശനി 10.30 am ന് രൂപതാ റിസോഴ്സ് ടീം പരിശീലനപരിപാടി നടത്തപ്പെട്ടു.

4. 12/9/2026 ശനി 5 pm ന് ഭരണങ്ങാനം സെന്റ് മേരീസ് ഇടവകയിൽ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിലുള്ള കുടുംബക്കൂട്ടായ്മ വാർഡ് തല ക്ലാസുകൾ നടന്നു. വികാരി വെരി. റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ടിന്റെ പ്രാർത്ഥനാശീർവാദത്തോടെ ക്ലാസുകൾ ആരംഭിച്ചു. അസി. വികാരി ഫാ. മാത്യു തയ്യിലിന്റെ നേതൃത്വത്തിൽ ക്ലാസുകൾക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. 14 വാർഡുകളിൽ കൂട്ടായ്മ ക്ലാസുകൾ നടന്നു.

5. 13/9/2026 ഞായർ 3 pm ന് വെള്ളികുളം സെന്റ് ആന്റണീസ് ഇടവകയിലെ 13 വാർഡുകളിലും കുടുംബക്കൂട്ടായ്മ വാർഡുതല ക്ലാസുകൾ നടന്നു. വികാരി റവ. ഫാ. സ്കറിയ വേകത്താനത്തിന്റെ നേതൃത്വത്തിൽ ഇടവകസമൂഹം രൂപത കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം അംഗങ്ങളെ സ്വീകരിച്ചു. വികാരിയച്ചന്റെ പ്രാർത്ഥനാശീർവാദത്തോടെ 13 വാർഡുകളിലും ക്ലാസുകൾ നടന്നു.

6. 18/9/2026 വെള്ളി 2.30 pm ന് രൂപത കുടുബക്കൂട്ടായ്മ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ നടക്കുന്ന ജീവമന്ന ബൈബിൾ വചനപഠനപരമ്പര സീസൺ 2 വിനെക്കുറിച്ചു സംസാരിച്ചു. തുടർന്നു ചർച്ചകൾ നടന്നു. സെപ്റ്റംബർമാസത്തിൽ ജീവമന്ന സീസൺ 2 വിന്റെ പുസ്തകപ്രകാശനം നടത്താനും തീരുമാനിച്ചു.

7. 20/9/2026 ഞായറാഴ്ച 4.30 pm ന് മൂഴൂർ സെൻറ് മേരീസ് ഇടവകയിൽ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിലുള്ള വാർഡുതല ക്ലാസുകൾ നടന്നു. വികാരി റവ. ഫാ. സെബാസ്റ്റ്യൻ കണിയാമ്പടിക്കലിന്റെ പ്രാർത്ഥനയോടെ ക്ലാസുകൾ ആരംഭിച്ചു.

8. 21/09/2026 തിങ്കൾ 10.30 am ന് രൂപതാ റിസോഴ്സ് ടീം പരിശീലന പരിപാടി നടത്തപ്പെട്ടു.

9. 21/9/2026 തിങ്കൾ 4.30 pm ന് ഭരണങ്ങാനം ഇടവകയിലെ 14 വാർഡുകളിലും കുടുംബക്കൂട്ടായ്മ രൂപത റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസ് എടുത്തു. വികാരി വെരി. റവ.ഫാ. സഖറിയാസ് ആട്ടപ്പാട്ടിന്റെ പ്രാർത്ഥനയോടെ ക്ലാസുകൾ ആരംഭിച്ചു.

10. 25/09/2026 വെള്ളി 10.30 am ന് രൂപത റിസോഴ്സ് ടീം പരിശീലന പരിപാടി നടത്തപ്പെട്ടു.

11. 27/9/2026 ഞായർ 4 pm ന് മാവടി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം നടന്നു. വികാരി

റവ. ഫാ. ജോർജ് അമ്പഴത്തിനാൽ അധ്യക്ഷത വഹിച്ചു. സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ ക്ലാസ്സ് നയിച്ചു.

12. 29/9/2026 ചൊവ്വ 11.00 am ന് ജീവമന്ന സീസൺ 2 പുസ്തകം മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പാലാ ബിഷപ്സ് ഹൗസിൽ വച്ച് പ്രകാശനം ചെയ്തു.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)

**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

സെപ്റ്റംബർ 11-13, 25-27 തീയതികളിലെ വിവാഹ ഒരുക്ക ധ്യാനത്തിൽ 221 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

സെപ്റ്റംബർ 25-27, ഒക്ടോബർ 9-11, 19-21 എന്നീ തീയതികളിൽ നടക്കുന്ന വിവാഹ ഒരുക്ക ധ്യാനത്തിലേക്കുള്ള രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

സെപ്റ്റംബർ മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ. ഫാ. തോമസ് വടക്കേൽ ക്ലാസ്സ് എടുത്തു. 431 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**B. പിതൃവേദി**

1. സെപ്റ്റംബർ 5 ശനിയാഴ്ച രാവിലെ 9.30 ന് മണലുങ്കൽ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ അധ്യാപകദിനത്തോടനുബന്ധിച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.
2. സെപ്റ്റംബർ 12 ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് തിടനാട് പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കുടുംബസംഗമത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
3. സെപ്റ്റംബർ 16 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് പിതൃവേദി രൂപതാ എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്ത

പ്പെട്ടു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, അസി. ഡയറക്ടർ ഫാ. മാത്യു കാടൻ കാവിൽ എന്നിവർ യോഗത്തിൽ സംബന്ധിച്ചു. അടുത്തമാസത്തെ രാമപുരം തീർത്ഥാടനവും തുടർന്നുള്ള കർമ്മപദ്ധതികളും യോഗം ചർച്ചചെയ്തു.

**C. മാതൃവേദി**

1. സെപ്റ്റംബർ 3 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ രൂപത മാതൃവേദിയുടെ രൂപത എക്സിക്യൂട്ടീവ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു. തുടർന്നുള്ള മാതൃവേദിയുടെ കർമ്മപരിപാടികളും തിരഞ്ഞെടുപ്പിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു.
2. സെപ്റ്റംബർ 9 ബുധനാഴ്ച രാവിലെ 10 മണിക്ക് ഭരണങ്ങാനം മാതൃവേദി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സംഗമത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.
3. സെപ്റ്റംബർ 10 വ്യാഴാഴ്ച രാവിലെ 10 മണിക്ക് പാലാ രൂപത മാതൃവേദിയുടെ രൂപതാ സമിതി യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ യോഗത്തിനു നേതൃത്വം നൽകി. എല്ലാ അംഗങ്ങളും യോഗത്തിൽ സംബന്ധിച്ച് ചർച്ചകൾ നടത്തി.
4. സെപ്റ്റംബർ 13 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് മലയിഞ്ചിപ്പാറ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വാർഷികാഘോഷത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു സംസാരിച്ചു.
5. സെപ്റ്റംബർ 23 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ രൂപത മാതൃവേദിയുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ചർച്ചകൾക്കു നേതൃത്വം നൽകി.
6. സെപ്റ്റംബർ 29 ചൊവ്വാഴ്ച ചെന്നൈയിൽ വച്ചു നടത്തപ്പെട്ട മാതൃവേദിയുടെ ഗ്ലോബൽ മീറ്റിംഗിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിലും, രൂപതാ എക്സിക്യൂട്ടീവ്

അംഗങ്ങളും പങ്കെടുത്ത് ഈ വർഷത്തെ 'എക്സലൻസ്' അവാർഡ് കരസ്ഥമാക്കി.

**D. തീർത്ഥാടനം**

മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് പാലാ രൂപതാ പിതൃവേദി, മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മുത്തിയമ്മ തീർഥാടനം ഭക്ത്യാദരപൂർവം നടത്തപ്പെട്ടു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ തീർഥാടനം ഉദ്ഘാടനം ചെയ്തു. തുടർന്ന് പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

**E. പ്രൊലൈഫ്**

സെപ്റ്റംബർ 19 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രൊലൈഫ് രൂപതാ സമിതിയുടെ യോഗം നടത്തപ്പെട്ടു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും, അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിലും പങ്കെടുത്ത് ചർച്ചകൾക്കു നേതൃത്വം നൽകി.

**F. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ മാട്രിമണി സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഓൺലൈൻ മീറ്റിംഗ്**

സെപ്റ്റംബർ 19 വൈകുന്നേരം 8.30 ന് നടത്തപ്പെട്ട മാട്രിമണിയുടെ ഓൺലൈൻ മീറ്റിംഗിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**3. മീറ്റിംഗ്**

സെപ്റ്റംബർ 24 വ്യാഴാഴ്ച രാവിലെ 10.30 ന് സീറോ മലബാർ സഭ കാര്യാലയത്തിൽ വച്ച് മേജർ ആർച്ചുബിഷപ്പിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ട സീറോ മലബാർ മാട്രിമണിയുടെ സമ്മേളനത്തിൽ പാലാ

രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയിന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ് പെയിന്റിംഗ്, മെറ്റൽ എമ്പോസിങ്, ഹാന്റ് എംബ്രോയിഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയ് മെയ്ക്കിങ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മെയ്ക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ : 7306293048.

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായമായ മംഗല്യനിധി പദ്ധതി വഴി തിടനാട് ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നല്കി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**രൂപതാ എക്സിക്യൂട്ടീവ്**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത എക്സിക്യൂട്ടീവ് യോഗം പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, അടുക്കളത്തോട്ടമത്സരത്തിന്റെ വിത്തുവിതരണവും സോൺ മീറ്റിങ്ങുകളും അവലോകനം നടത്തി. പ്രവർത്തനമികവ് കാണിക്കാത്ത ഫൊറോനകളും യൂണിറ്റുകളും കേന്ദ്രീകരിച്ച് ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ ഭാരവാഹികളെ ചുമതലപ്പെടുത്തി. പാലാ രൂപത പ്ലാറ്റിനം ജൂബിലി കത്തോലിക്കാ കോൺഗ്രസ് ഭവനങ്ങൾ നിർമാണം ആരംഭിക്കാത്ത ഫൊറോനകൾ ഉടനെ ആരംഭിക്കുന്നതിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ച് ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി. ഇ.എസ്.എയുമായി ബന്ധ

പ്പെട്ട കാര്യങ്ങൾ നിർവഹിക്കുന്നതിന് പ്രസിഡന്റിനെയും ലീഗൽ സെൽ കൺവീനർ അഡ്വ. ജോൺസൺ വീട്ടിയാങ്കലിനെയും ചുമതലപ്പെടുത്തി.

**യൂത്ത് കൗൺസിൽ**

കത്തോലിക്കാകോൺഗ്രസ് യൂത്ത് കൗൺസിൽ കോർഡിനേറ്റേഴ്സിന്റെ രൂപത കമ്മിറ്റി രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ക്ലിന്റ് അരീപ്ലാക്കൽ എന്നിവർ സംസാരിച്ചു ഒക്ടോബറിൽ ഏകദിനസെമിനാർ നടത്താൻ തീരുമാനിച്ചു. തുടർന്ന് എല്ലാ ഫൊറോനകളിലും യൂത്ത് കൗൺസിൽ മീറ്റിങ്ങുകൾ സംഘടിപ്പിക്കുന്നതിനും കോർഡിനേറ്റേഴ്സിനെ ചുമതലപ്പെടുത്തി.

**ഫൊറോനവാർത്തകൾ**

**മുട്ടുചിറ**

മുട്ടുചിറ ഫൊറോന കമ്മിറ്റി പ്രസിഡന്റ് രാജു അരുകുഴിപ്പിലിന്റെ അധ്യക്ഷതയിൽ നടന്നു. മലപ്പുറം പള്ളി വികാരി ഫാ. തോമസ് ചില്ലയ്ക്കൽ യോഗം ഉദ്ഘാടനം ചെയ്തു. സാബു കല്ലിരിക്കുംകാല, തോമസ് അരുകുഴിപ്പിൽ തുടങ്ങിയവർ സംസാരിച്ചു. കാഞ്ഞിരത്താനം ഇടവകയിൽ നിർമ്മിക്കുന്ന ജൂബിലിഭവനത്തിന്റെ നിർമ്മാണപുരോഗതി വിലയിരുത്തി.

**കൂത്താട്ടുകുളം**

കത്തോലിക്കാ കോൺഗ്രസ് കൂത്താട്ടുകുളം ഫൊറോനയും ദീപികയും ചേർന്ന് കൂത്താട്ടുകുളം സ്കൂളുകളിൽ ദീപിക നമ്മുടെ ഭാഷ പദ്ധതി നടപ്പിൽ വരുത്തി. ഫൊറോന ഡയറക്ടർ ഫാ. ജെയിംസ് കുടിലിൽ ഉദ്ഘാടനം നിർവഹിച്ചു. ഫൊറോന പ്രസിഡന്റ് ബേബി ആലുങ്കൽ, സെക്രട്ടറി ബിജു തറമഠം തുടങ്ങിയവർ നേതൃത്വം നല്കി.

**യൂണിറ്റ് വാർത്തകൾ**

**കുറവിലങ്ങാട്**

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പ് തിരുനാൾ ആഘോഷങ്ങൾ ഭക്തിനിർഭരമായി നടത്തുന്നതിന് കത്തോലിക്കാ കോൺഗ്രസ് എ, ബി യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും നേതൃത്വം നല്കി. എല്ലാദിവസവും ഭക്ഷണം ഉണ്ടാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ജപമാലപ്രദക്ഷിണത്തിനും നേതൃത്വം നല്കി.

**ഏഴാച്ചേരി**

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ മികച്ച കർഷകരെ തിരഞ്ഞെടുത്ത് അവാർഡുകൾ നല്കി ആദരിച്ചു. കർഷക അവാർഡുദാനസമ്മേളനത്തിൽ യൂണിറ്റ് പ്രസിഡന്റ് ബിനോയി പള്ളത്ത് അധ്യക്ഷത വഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പള്ളിൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് അവാർഡുകൾ നല്കി. വികാരി ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി, കത്തോലിക്കാ കോൺഗ്രസ് രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, അജോ തൂണുങ്കൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

**മേലുകാവുമറ്റം**

അടുക്കളത്തോട്ടം മത്സരത്തിന്റെ വിത്തുവിതരണം വികാരി ഫാ. കുര്യൻ കോട്ടയിൽ നിർവഹിച്ചു. ചടങ്ങിൽ യൂണിറ്റ് പ്രസിഡന്റ്, ജോർജ് വി.ഐ. അധ്യക്ഷത വഹിച്ചു. യൂണിറ്റ് അംഗവും തുടങ്ങനാട് ഫൊറോന പ്രസിഡന്റുമായ ജിസ്മോൻ തോമസിന് ഡോക്ടറേറ്റ് കിട്ടിയതിൽ ആദരിക്കുകയും ആശംസകൾ നേർന്നു മെമന്റോ നല്കുകയും ചെയ്തു. ഫാ. ജോമിൻ മുകളേൽ, ജോസ് ആൻഡ്രൂസ് തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

**പെരിങ്ങുളം**

യൂണിറ്റ് കമ്മിറ്റി പ്രസിഡന്റ് ബെന്നി പറത്താനത്തിന്റെ അധ്യക്ഷതയിൽ നടത്തി. ഫാ. മാത്യു അമ്പാട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോന സെക്രട്ടറി ജോഷി പള്ളിപ്പറമ്പിൽ ആശംസകൾ നേർന്നു സംസാരിച്ചു.

**ളാലം പുത്തൻപള്ളി**

12-ാമത് അടുക്കളത്തോട്ടമത്സരം 2026 ന്റെ വിത്തുവിതരണം നടത്തി. പള്ളിഹാളിൽ കൂടിയ സമ്മേളനം വികാരി ഫാ. ജോർജ് മൂലേച്ചാലിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് വി.റ്റി. ജോസഫ് അധ്യക്ഷത വഹിച്ചു.

**കടപ്ലാമറ്റം**

യൂണിറ്റിന്റെ നേതൃത്വത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് നടത്തി. ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് മുളഞ്ഞനാൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അഡ്വ. സജീവ് മാത്യു അധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ഫ്രാൻസിസ് വെട്ടികുന്നേൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. നൂറുകണക്കിന് ആളുകൾ ക്യാമ്പിൽ പങ്കെടുത്തു.

**അന്ത്യാളം**

യൂണിറ്റിന്റെ നേതൃത്വത്തിൽ രക്തദാതാക്കളുടെ ഗ്രൂപ്പ് രൂപീകരിച്ചു. അംഗങ്ങളുടെ ലിസ്റ്റ് മാർ ജേക്കബ് മുരിക്കൻ പിതാവ് രാമപുരം ഫൊറോന പ്രസിഡന്റ് അജോ തുണ്ടുങ്കല്ലിനു നല്കി ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് ചെറുകരക്കുന്നേൽ, ഫാ. ജീവൻ കദളിക്കാട്ടിൽ, ഡോ. ബിനു കോഴികൊത്തിക്കൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

**ബിസിനസ് കോൺക്ലേവ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്റർനാഷണൽ ബിസിനസ് കോൺക്ലേവ് സംഘടിപ്പിച്ചു. മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് ശ്രീ രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. വ്യവസായ, വാണിജ്യ, രാഷ്ട്രീയ, സമുദായ നേതാക്കൾ പങ്കെടുത്തു. പാലാ രൂപതയിൽനിന്ന് അഞ്ചു പ്രതിനിധികൾ പങ്കെടുത്തു.

**ഗ്ലോബൽ മീറ്റ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ മീറ്റ് ഒക്ടോബർ 20 മുതൽ 23 വരെ തീയതികളിൽ റോമിൽ നടക്കും. ലെയോ പതിന്നാലാമൻ മാർപാപ്പാ ഈ സമ്മേളനത്തിൽ പ്രത്യേകമായി പങ്കെടുക്കുകയും ആശീർവാദം നൽകുകയും ചെയ്തു. 40 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. അഭിവന്ദ്യ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, സമുദായനേതാക്കൾ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

**പതാക പ്രയാണം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ മീറ്റിങ്ങിനു മുന്നോടിയായി മേജർ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിനു കൈമാറിയ പതാക 32 രാജ്യങ്ങൾ കടന്ന് ഒക്ടോബറിൽ ഇന്ത്യയിൽ എത്തിച്ചേരും. ഇന്ത്യയിലെ വിവിധ രൂപതകളിൽ പ്രയാണം ചെയ്ത് കേരളത്തിൽ എത്തും.

**ആശംസകൾ**

60-ാം പിറന്നാൾ ആഘോഷിച്ച കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത പ്രഡിസന്റ് ശ്രീ എമ്മാനുവൽ ജോൺ നിധീരിക്ക് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങളും ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവം നേർന്നു. രൂപതാഭാരവാഹികൾ പൊന്നാടയണിയിച്ച് അദ്ദേഹത്തെ ആദരിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**തരിശുകണ്ടാൽ അരിശം വന്നിരുന്ന തലമുറയുടെ കണ്ണികളാണ് നമ്മൾ: മാർ ജോസഫ് കല്ലറങ്ങാട്ട് 'കുട്ടികളും കൃഷിയിലേക്ക്' ഉദ്ഘാടനം ചെയ്തു.**

കാർഷികരംഗത്ത് ശാസ്ത്രസാങ്കേതികവിജ്ഞാനം ഫലപ്രദമായി വിനിയോഗിക്കാനും സ്മാർട്ട് കൃഷിയിലൂടെ മികച്ച ഉൽപാദനക്ഷമത ഉറപ്പാക്കി പാലായുടെ കാർഷികസംസ്കാരം വീണ്ടെടുക്കാനുമാവണമെന്നു ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. തരിശുനിലം കണ്ടാൽ അരിശം വന്നിരുന്ന പൂർവികപാരമ്പര്യം തിരിച്ചറിയണമെന്നും 'മനുഷ്യാ നീ മണ്ണാകുന്നു'വെന്നത് ഒരു പ്രാർത്ഥന മാത്രമല്ല അനുദിന ജീവിതയാഥാർത്ഥ്യമാവണമെന്നും വൈദികർക്കു സമാനമാംവിധം അധ്യാപകർക്കും സമൂഹികനിർമ്മിതിയിൽ മുഖ്യപങ്കു വഹിക്കാനാവണമെന്നും കാലികസാഹചര്യത്തിൽ കാർഷികമേഖലയ്ക്കും സിവിൽ സർവീസ്മേഖലയ്ക്കും രൂപത പ്രാധാന്യം നൽകുന്നതായും ബിഷപ്പ് തുടർന്നു പറഞ്ഞു. കൃഷിക്കും കർഷകർക്കും മുഖ്യപരിഗണന നൽകാനും മികച്ച വരുമാനലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് നമ്മുടെ ചെറുപ്പക്കാരെ നാട്ടിൽത്തന്നെ കാർഷികസംരംഭകരാക്കി മാറ്റാനും സാധിക്കണം.

ഇളംതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷികരംഗത്ത് പുത്തനുണർവ് പ്രദാനം ചെയ്യുന്നതിനും ലക്ഷ്യം വച്ച് പാലാ രൂപതാ സോഷ്യൽ വെൽഫെയർ സൊസൈറ്റി രൂപതാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'കുട്ടികളും കൃഷിയിലേക്ക്' പദ്ധതിയുടെ ഈ വർഷത്തെ ഉദ്ഘാടനം ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു ബിഷപ്സ് രൂപതയുടെ എല്ലാ സ്കൂളുകളിൽനിന്നും ചിൽഡ്രൺസ് ഫാർമേഴ്സ് ക്ലബ്ബ് ചുമതലക്കാരായ അധ്യാപകരുടെ സമ്മേളനവും സ്കൂൾകാമ്പസുകളിൽ കൃഷി ചെയ്യുന്നതിനുള്ള പച്ചക്കറിതൈകളുടെ സൗജന്യ വിതരണത്തിന്റെ ഉദ്ഘാടനവും രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ സെക്രട്ടറി ഫാ.ജോർജ് പുല്ലുകാലായിൽ, പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ.ജോസഫ് വാട്ടപ്പിള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപറമ്പിൽ, പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് മാനേജർ ടോണി സണ്ണി, പ്രോജക്ട് കോർഡിനേ

റ്റർ സിബി കണിയാംപടി എന്നിവർ പ്രസംഗിച്ചു. റിട്ടയേർഡ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷേർളി സഖറിയ നൂതന കാർഷികമുറകളെ സംബന്ധിച്ച് ക്ലാസ്സെടുത്തു. പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ്സ് ഫാർമേഴ്സ് ക്ലബ്ബിന്റെ 'പച്ചക്കറി കിറ്റ്' ക്ലബ്ബ് ഇൻചാർജ് അധ്യാപകൻ നോബി ഡൊമിനിക് വേദിയിൽ സമ്മാനിച്ചു.

**പാലനോവ കഫറ്റീരിയ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ (PSWS) പ്രമോഷനിൽ പ്രവർത്തിക്കുന്ന പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ പുതിയ സംരംഭമായ പാലനോവ കഫറ്റീരിയയുടെ വെഞ്ചരിപ്പ് കർമ്മം രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു. കർഷകർ ഉത്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ, നാടൻ ഭക്ഷ്യവിഭവങ്ങൾ എന്നിവ പൊതുജനങ്ങൾക്കു പരിചയപ്പെടുത്തുന്നതിനുള്ള PSWS ന്റെ ഒരു പുതിയ ചുവടുവയ്പാണിത്.

**അഗ്രിമ ഓണവിപണി**

ഓണത്തിന് ഗുണമേന്മയുള്ള എല്ലാവിധ പച്ചക്കറികളും പഴവർഗങ്ങളും ഉറപ്പുവരുത്താൻ അഗ്രിമയിൽ ഓണവിപണി ഉദ്ഘാടനം ചെയ്തു. പച്ചക്കറികൾ, പഴവർഗങ്ങൾ, ഏത്തയ്ക്കാ ചിപ്സ്, ശർക്കരവരട്ടി, പാലനോവ ഓണപ്പായസം, സാമ്പാർ, അവിയൽ, കറിക്കട്ടിങ്ങുകൾ തുടങ്ങിയവ ഓണ വിപണിയുടെ സവിശേഷതയായിരുന്നു. ഓണവിപണിയുടെ ഉദ്ഘാടനം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ നിർവഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപ്പറമ്പിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**സലാഡ് മൽസരം**

വാക്കാട് സ്വാശ്രയസംഘത്തിന്റെ വാർഷികത്തോടനുബന്ധിച്ച് സലാഡ് മത്സരം സംഘടിപ്പിച്ചു. സ്വാശ്രയസംഘം ഡയറക്ടർ ഫാ. മാത്യു കോലോത്തിന്റെ അധ്യക്ഷതയിൽ P.S.W.S അസി ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ മികച്ച കർഷകൻ, പ്രായം കൂടിയ S.H.G അംഗം, ഗ്രൂപ്പിലെ പഞ്ചായത്ത് മെമ്പർ എന്നിവരെ ആദരിച്ചു.

**ഇൻസ്റ്റാൾമെന്റ് പദ്ധതി**

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതിപ്രകാരം സ്റ്റീൽ അലമാരകൾ തവണവ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിനു തുടക്കമായി.

**പഠനസന്ദർശങ്ങൾ**

കെ.വി.കെ സന്ദർശിച്ചു. ഫാത്തിമാപുരം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഫുഡ് പ്രൊഡക്ഷന്റെ ഭാഗമായി കുമരകം കൃഷി വിജ്ഞാന കേന്ദ്രം (കെ.വി.കെ.) സന്ദർശിച്ചു.

**എഫ്.പി.ഒ. ട്രെയിനിങ്**

നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷന്റെ സാമ്പത്തികസഹായത്തോടെ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഫാർമാർ പ്രൊഡ്യൂസർ കമ്പനികളുടെ ഡയറക്ടർ ബോർഡംഗങ്ങൾ, ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, അക്കൗണ്ടന്റ് എന്നിവർക്കായുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചു. പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് സംഘടിപ്പിച്ച പ്രോഗ്രാമിൽ വൈക്കം ബ്ലോക്കിലെ തലയാഴം, പള്ളം ബ്ലോക്കിലെ അയർക്കുന്നം, ഈരാറ്റുപേട്ട ബ്ലോക്കിലെ വെള്ളികുളം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് രൂപീകൃതമായ എഫ്.പി.ഒ കളുടെ വിവിധ വരുമാനവർദ്ധനസംരംഭങ്ങൾക്ക് ആവശ്യമായവിധം രൂപകല്പന ചെയ്ത സോഫ്റ്റുവെയർ പരിചയപ്പെടുത്തുകയുണ്ടായി. പ്രോഗ്രാമിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ അധ്യക്ഷത വഹിച്ചു. പാലാ ചൂണ്ടച്ചേരി സെന്റ് ജോസഫ് എഞ്ചിനീയറിങ് കോളേജ് അധ്യാപകനായ പ്രൊഫ. ദീപു ജോബ് ക്ലാസ്സിനു നേതൃത്വം നൽകി.

**കാഞ്ഞിരമറ്റം കമ്പനി: ലാഭ വിഹിതം വിതരണം ചെയ്തു.**

രൂപതയുടെ കർഷക ശക്തീകരണപദ്ധതിയായ 'കർഷകബാങ്കിന്റെ' ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രൊമോട്ട് ചെയ്ത രൂപതയിലെ ആദ്യ ഫാർമർ പ്രൊഡ്യൂസർ കമ്പനിയായ കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനിയുടെ വാർഷികപൊതുയോഗത്തിൽ വച്ച് തുടർച്ചയായി ഓഹരിയുടമകൾക്ക് 12% ലാഭവിഹിതം വിതരണം ചെയ്തു. കാഞ്ഞിരമറ്റം മാർസ്ലീവാ പള്ളിയുടെ പാരിഷ് ഹാളിൽ ചേർന്ന ഏഴാമത് വാർഷികസമ്മേളനത്തിൽ കമ്പനി ചെയർമാൻ ജോസ് തോമസ് കളരിക്കൽ അധ്യക്ഷത വഹിച്ചു. സമ്മേളനത്തിന്റെ ഉദ്ഘാടനം പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ നിർവഹിച്ചു. കമ്പനി ഔട്ട്ലെറ്റായ ഇക്കോ ഷോപ്പിൽ നിന്ന് കാൻവേ ഉൽപന്നങ്ങൾ വാങ്ങിയവർക്കുള്ള ഇൻസെന്റീവ് പള്ളി വികാരി ഫാ. ജോസഫ് മണ്ണനാലും ലാഭവിഹിതത്തിന്റെ വിതരണോദ്ഘാടനം

നബാർഡ് ജില്ലാ മാനേജർ റെജി വർഗീസും നിർവഹിച്ചു. കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ടോം ജേക്കബ് ആലയ്ക്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ഡാന്റീസ് കൂനാനിക്കൽ, ജെയ്മോൻ പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു. കേരളത്തിലെ ഏറ്റവും മികച്ച കർഷക ഉൽപാദക കമ്പനിക്കുള്ള നബാർഡിന്റെ സംസ്ഥാന അവാർഡ് സ്വന്തമാക്കാൻ കാഞ്ഞിരമറ്റം കമ്പനിക്ക് കഴിഞ്ഞവർഷം സാധിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തികവർഷം തന്നെ ഒന്നരക്കോടി രൂപയുടെ ടേൺ ഓവറിലേക്കെത്തിയ കമ്പനി വളർച്ചയുടെ പാതയിലാണ്.

**വാർഷികയോഗങ്ങൾ**

കടനാട് സോണൽ വാർഷികവും കടുത്തുരുത്തി, ചോലത്തടം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങളും നടന്നു. ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളുടെ അവലോകനവും വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

**കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷൻ 11-ാം വാർഷികം**

കാർഷികരംഗത്തെ ഫലപ്രദമായ ഇടപെടലുകൾക്കും സംരംഭകത്വമുന്നേറ്റങ്ങൾക്കും മാതൃകയായി മാറാൻ കാഞ്ഞിരമറ്റത്തെ കർഷക കൂട്ടായ്മയ്ക്ക് സാധിക്കുന്നതായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ പറഞ്ഞു. കാർഷികരംഗത്ത് അനുഭവസമ്പന്നരായ ചെറുകിടസംരംഭകരുടെ നാടാണ് ഇവിടമെന്നും കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി അധികൃതരും കാൻവേ പ്രൊഡക്ഷൻ യൂണിറ്റിലെ കർഷകസംരംഭകരുമായി ആശയവിനിമയം നടത്തുവാൻ പുതുതലമുറയ്ക്ക് അവസരം ഉണ്ടാക്കിക്കൊടുക്കണമെന്നും ഈ രംഗത്ത് കാർഷികഗവേഷണപ്രവർത്തനങ്ങൾക്ക് പ്രസക്തി വർദ്ധിക്കുന്നതായും ഫാ. വാട്ടപ്പിള്ളിൽ തുടർന്നു പറഞ്ഞു. കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷന്റെ പതിനൊന്നാമത് വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു. കാഞ്ഞിരമറ്റം മാർസ്ലീവാ പള്ളിയുടെ പാരിഷ് ഹാളിൽ ചേർന്ന സമ്മേളനത്തിൽ ഫെഡറേഷൻ രക്ഷാധികാരി ഫാ. ജോസഫ് മണ്ണനാൽ അധ്യക്ഷത വഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടം, കോർഡിനേറ്റർ ജിജി സിന്റോ, ഫെഡറേഷൻ പ്രസിഡന്റ് ഡാന്റീസ് കൂനാനിക്കൽ, സെക്രട്ടറി ജെയ്മോൻ പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

**അവലോകനയോഗങ്ങൾ**

സ്വയംസഹായസംഘങ്ങളുടെ അവലോകനയോഗങ്ങൾ വിവിധ ഇടവകകളിൽ സംഘടിപ്പിച്ചു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണവും കൃഷി സംബന്ധമായ ബോധവത്കരണക്ലാസുകളും നടന്നു.

**ലോക ബാങ്ക് പദ്ധതി ഉദ്യോഗസ്ഥരുടെ സന്ദർശനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രൊമോട്ട് ചെയ്യുന്ന കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി, പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനി, ഫാത്തിമാപുരം ഫാർമർ പ്രൊഡ്യൂസർ കമ്പനി, പാലാ ഹരിതം ഫാർമർ പ്രൊഡ്യൂസർ കമ്പനി എന്നിവ ലോകബാങ്ക് സഹായത്തോടെ 'കേര' പദ്ധതിയുടെ ഉദ്യോഗസ്ഥർ സന്ദർശിച്ചു. കേരളാ ഗവ. കൃഷിവകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതിയിൽ കമ്പനികൾക്ക് 2 കോടി രൂപ വരെ ഗ്രാന്റിന് അർഹതയുണ്ട്.

**സേവ് എ ഫാമിലി പ്ലാൻ ഭവനനിർമ്മാണപദ്ധതി**

സേവ് എ ഫാമിലി പ്ലാനിന്റെ സ്ഥാപകൻ മോൺ. അഗസ്റ്റിൻ കണ്ടത്തിലച്ചന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച്, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കുന്ന സ്മാരക ഭവനനിർമ്മാണ പദ്ധതിയിലൂടെ അർഹരായ 10 നിർദ്ധനകുടുംബങ്ങൾക്ക് പാർപ്പിടമൊരുങ്ങുന്നു. സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നവരിൽ നിന്നു കണ്ടെത്തിയ ഈ 10 കുടുംബങ്ങൾക്ക് 4,00,000 രൂപ വീതം ആകെ 40 ലക്ഷം രൂപയുടെ സാമ്പത്തികസഹായമാണ് പദ്ധതിയിലൂടെ ലഭ്യമാക്കുന്നത്. അർഹരായവർക്ക് സുരക്ഷിതമായ ഒരു ഭവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഈ പദ്ധതിയുടെ നിർമ്മാണമേൽനോട്ടവും അനുബന്ധപ്രവർത്തനങ്ങളും സൊസൈറ്റിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ സമയബന്ധിതമായി പൂർത്തിയാക്കും.

**ഫാ. ജോസഫ് വാട്ടപ്പിള്ളിൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**മരിയൻ തീർത്ഥാടനം**

DCMS പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത് മറിയം അർക്കദിയാക്കോൻ തീർത്ഥാടനദേവാലയത്തിൽ മരിയൻതീർത്ഥാടനം നടത്തി. രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 250 ലധികം ഡി.സി.എം.എസ്. സഹോദരങ്ങൾ മരിയൻ തീർത്ഥാടനറാലിയിൽ പങ്കെടുത്തു. രൂപത ഡയറക്ടർ,

കുറവിലങ്ങാട് ഫൊറോനാ ആർച്ചുപ്രീസ്റ്റ്, കുറവിലങ്ങാട് ഫൊറോനാ ഡയറക്ടർ, രൂപത ഭാരവാഹികൾ, ഫോറോനാ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ജപമാലറാലിക്കു നേതൃത്വം നൽകി.

**യൂത്ത് എമ്പവർമെന്റ് ക്യാമ്പ്**

പാലാ രൂപത DCMS ന്റെ ആഭിമുഖ്യത്തിൽ, ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് (ISI) ബാംഗ്ലൂരിന്റെ സഹകരണത്തോടെ ദളിത് യുവജനങ്ങൾക്കായി നടത്തുന്ന കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിങ് പ്രോഗ്രാം അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 2026 സെപ്റ്റംബർ 19,20,21 തീയതികളിൽ നടന്നു. 35 കുട്ടികൾ പങ്കെടുത്ത ക്യാമ്പിന് ISI കോർഡിനേറ്റർ ജെഫിൻ സാം, സോനാ, ശാന്തി, ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത്, ബിന്ദു ആന്റണി, ജെഫിൻ ജോമോൻ, സുബിൻ ബാബു, ജെറിൻ സണ്ണി എന്നിവർ നേതൃത്വം നൽകി.

**കുടുംബസംഗമം**

DCMS പാലാ രൂപത സമിതിയുടെ ആഹ്വാനപ്രകാരം കടപ്ലമാറ്റം യൂണിറ്റിൽ സെപ്റ്റംബർ 13 ന് കുടുംബസംഗമം നടന്നു.

**യൂണിറ്റ് സന്ദർശനം**

DCMS കുടുംബാംഗങ്ങളെ നേരിട്ടു കാണുന്നതിനും, അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനുമായുള്ള അവസരങ്ങൾക്കായി രൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനങ്ങൾ നടത്തുന്നു. അതിന്റെ ഭാഗമായി ആദ്യ യൂണിറ്റായി മണലുങ്കൽ യൂണിറ്റ് തിരഞ്ഞെടുക്കുകയും അവിടെ ഡയറക്ടറും, രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളും പോവുകയും, യൂണിറ്റ് ഡയറക്ടർ, യൂണിറ്റ് ഭാരവാഹികൾ, DCMS സഹോദരങ്ങൾ എന്നിവരുമായി സംവദിക്കുകയും വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**ജസ്റ്റിസ് സൺഡേ ആചരണം**

നീതി നിഷേധിക്കപ്പെട്ട ദളിത്സമൂഹത്തിന്റെ പക്ഷം ചേരുന്നതിന്റെ ഭാഗമായി CBCI യുടെ ആഹ്വാനപ്രകാരം വർഷം തോറും നടത്തുന്ന ജസ്റ്റിസ് സൺഡേ ആചരണം രൂപതയിലെ വിവിധ ഇടവകകളിൽ നടത്തപ്പെട്ടു.

**ഫാ. തോമസ് കിഴക്കേകൊല്ലിത്താനം** (ഡയറക്ടർ)

# കെയർ ഹോംസ്

**എക്സിക്യൂട്ടീവ്**

11-09-2026 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**ഉദ്ഘാടനം**

25-08-2026 ന് മരിയസദനത്തിൽ മദർ തെരേസദിനവും അഗതി-അനാഥദിനാചരണവും ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്തു.

**പ്രിൻസിപ്പൽ മീറ്റിംഗ്**

21-09-2026 സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽമാരുടെ മീറ്റിംഗ് ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തി.

**എ.ഐ ട്രെയിനിംഗ്**

സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിന് എ.ഐ മേഖലയെക്കുറിച്ച് ഒരു ദിവസത്തെ ട്രെയിനിംഗ് നൽകാൻ തീരുമാനമായി.

**കലോൽസവം**

സ്പെഷ്യൽ സ്കൂൾ കലോൽസവം നടത്തുന്നതിനു തീരുമാനിച്ചു.

**മെഡിസിറ്റി - കെയർ ഹോം പ്രോജക്ട്**

മെഡിസിറ്റി - കെയർ ഹോം പ്രോജക്ടിൽ പുതിയ പ്രോഗ്രാമുകൾ ഉൾപ്പെടുത്തി റിന്യു ചെയ്യാൻ തീരുമാനിച്ചു

**എയ്ഡഡ്-എം.കെ.എ**

എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ ഡോക്യുമെന്റ്സ് തയ്യാറാക്കുന്നു

**ഇലക്ഷൻ**

സ്പെഷ്യൽ സ്കൂൾ എക്സിക്യൂട്ടീവ് ഇലക്ഷൻ നടത്തി.

1. പ്രസിഡന്റ് - സിസ്റ്റർ ഷാർലറ്റ് ജോസ് എഫ്.സി.സി
2. വൈസ് പ്രസിഡന്റ്- സിസ്റ്റർ റിൻസി എൽ.എ.ആർ
3. സെക്രട്ടറി - സിസ്റ്റർ റോസ്മിതാ എസ്.എം.എസ്
4. ജോയിന്റ് സെക്രട്ടറി - സിസ്റ്റർ ആനി ജോസ് എഫ്.സി.സി
5. ട്രഷറർ - സിസ്റ്റർ ജോയൽ എസ്ആർ ഐ

**എക്സിക്യൂട്ടീവ് മെമ്പേഴ്സ്**

1. സിസ്റ്റർ ആനി സി.എം.സി
2. സിസ്റ്റർ അമൽജോ എസ്.എച്ച്

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## കെ.എൽ.എം.

**എക്സിക്യൂട്ടീവ്**

16-09-2026 ബുധനാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് എക ്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**ഓൺലൈൻ മീറ്റിംഗ്**

3-09-2026 വ്യാഴാഴ്ച കെ.എൽ.എം സംസ്ഥാന ഓൺലൈൻ മീറ്റിംഗിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**ക്ഷേമനിധി**

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

**വിവിധ ക്ഷേമനിധികൾ**

1. അസംഘടിത തൊഴിലാളി ക്ഷേമനിധി
2. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
3. തയ്യൽതൊഴിലാളി ക്ഷേമനിധി
4. **സുരക്ഷാക്ഷേമനിധി**

അംഗത്വം എടുക്കുവാൻ താത്പര്യമുള്ളവർ ഈ നമ്പറിൽ ബന്ധപ്പെടുക.

**റിസോഴ്സ് ടീം**

വിവിധ തൊഴിൽമേഖലകളിൽ നൈപുണ്യം ഉള്ളവരുടെ കൂട്ടായ്മ, ജോലി നൽകൽ എന്നിവയ്ക്കായി ഡേറ്റാശേഖരണവും റിസോഴ്സ് ടീം രൂപീകരണവും തുടങ്ങുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിംഗ്)**

സെപ്റ്റംബർ 6,13,20,27,30 തീയതികളിൽ AA മീറ്റിംഗുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

**ധ്യാനം**

സെപ്റ്റംബർ 6, 7 തീയതികളിൽ അഡാർട്ടിൽ ചികിത്സ നേടുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും, ചികിത്സ പൂർത്തിയാക്കിയവർക്കും ധ്യാനം നടത്തി. ധ്യാനത്തിന് ഫാ. ഐസക് പെരിങ്ങാമലയിൽ, ബ്രദർ ജോസ് കാവാലി, ബ്രദർ ബേബി ജോസഫ്, ബ്രദർ ജോർജുകുട്ടി ആഗസ്തി, ബ്രദർ ആവുത്തച്ചൻ പനച്ചിക്കൽകരോട്ട് എന്നിവർ ക്ലാസ് നയിച്ചു.

**അഡാർട്ട് സന്ദർശനം**

കോട്ടയം മെഡിക്കൽ കോളേജ് ബി.എസ്.സി മൂന്നാം വർഷ നഴ്സിംഗ് വിദ്യാർത്ഥികൾ അഡാർട്ട് സന്ദർശിച്ചു. രണ്ടു സെക്ഷനായി 84 വിദ്യാർത്ഥികൾ പങ്കെടുത്തു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, സീനിയർ കൗൺസിലർ ജോയി കെ. മാത്യു, ലിജോ ജോസ് എന്നിവർ ക്ലാസ് നയിച്ചു.

സെന്റ് തോമസ് കോളേജ് ബയോ കെമിസ്ട്രി വിദ്യാർഥികൾ അഡാർട്ട് സന്ദർശിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, സീനിയർ കൗൺസിലർ ജോയി കെ. മാത്യു എന്നിവർ ക്ലാസ് നയിച്ചു.

**മധ്യസ്ഥപ്രാർത്ഥന**

പാലാ ഇവാഞ്ചലൈസേഷനും അഡാർട്ടും സംയുക്തമായി ചികിത്സയിൽ കഴിയുന്നവർക്കുവേണ്ടി 12, 19, 26 തീയതികളിൽ പ്രത്യേക മധ്യസ്ഥപ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷൻ അംഗങ്ങൾ, അഡാർട്ട് സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

**ഭവനസന്ദർശനം**

അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ ചങ്ങനാശ്ശേരി, തൃക്കൊടിത്താനം ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനങ്ങൾ അഡാർട്ട് ഡയറക്ടർ സന്ദർശിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2026 ഭംഗിയായി നടത്തുവാൻ സഹായിച്ച എല്ലാവർക്കും നന്ദി. ഒക്ടോബർ 23 നു ഫലം പ്രഖ്യാപിക്കുന്നതായിരിക്കും.

**2. ലോഗോസ് ഫാമിലി ക്വിസ്**

ലോഗോസ് ഫാമിലി രൂപതാതല മത്സരം 2026 നവംബർ ഒന്നാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഒരു മണിക്ക് ഷലോം പാസ്റ്റൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**3. തീർത്ഥാടനയാത്ര**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സ് 2025-2026 ബാച്ചിന്റെ അവസാനത്തെ ക്ലാസ്സ് ഒരു തീർത്ഥാടനയാത്രയായി സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി അക്കരപ്പള്ളി, നല്ലതണ്ണി ആശ്രമം പട്ടുമല പള്ളി എന്നിവിടങ്ങളിൽ സന്ദർശിച്ചു ബൈബിൾ കോഴ്സ് നടത്തിയ വൈദികനും രൂപതാ ഡയറക്ടറും യാത്രയ്ക്കു നേതൃത്വം നൽകി.

**4. ജീവമന്ന**

വചനപഠനപരമ്പരയായ ജീവമന്നയുടെ പ്രവർത്തനങ്ങളിൽ ബൈബിൾ അപ്പോസ്തലേറ്റ് സഹകരിച്ചുവരുന്നു.

ജീവമന്ന സീസൺ 2 പുസ്തകം സെപ്റ്റംബർ 29 തിങ്കളാഴ്ച മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പാലാ ബിഷപ്പ് ഹൗസിൽ വച്ച് പ്രകാശനം ചെയ്തു.

**5. ഓൺലൈൻ ബൈബിൾ ക്ലാസ്സ്**

ഓൺലൈൻ ബൈബിൾ ക്ലാസ് ഞായറാഴ്ചകളിൽ വൈകിട്ട് 8 മണി മുതൽ 9 മണി വരെയുള്ള സമയത്ത് ഗൂഗിൾ മീറ്റിലൂടെ നടത്തപ്പെടുന്നു. നിരവധി ആളുകൾ അതിൽ പങ്കെടുത്തുവരുന്നു.

**ഫാ. പോൾ കുന്നുംപുറത്ത്** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**ഹോസ്പിറ്റൽ മിനിസ്ട്രി**

പാലാ രൂപത ഹോസ്പിറ്റൽ മിനിസ്ട്രിയുടെ ശുശ്രൂഷ മൂലമാറ്റം ബിഷപ് വയലിൽ മെമ്മോറിയൽ ഹോസ്പിറ്റലിൽ വച്ച് 15-09-2026 ന്

നടത്തി. രാവിലെ 9.30 ന് പ്രാർത്ഥനയോടെ തുടങ്ങി. രോഗികളെ കണ്ട് പ്രാർത്ഥിക്കുകയും സംസാരിക്കുകയും ചെയ്തു കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ പൈലി, സി. ജയ്സി CMC എന്നിവരുടെ നേതൃത്വത്തിൽ 12 അംഗങ്ങൾ പങ്കെടുത്തു.

കരിസ്മാറ്റിക് സോൺ, കുടുംബക്കൂട്ടായ്മ, ബൈബിൾ കൺവെൻഷൻ, ഹോസ്പിറ്റൽ മിനിസ്ട്രി എന്നിവ ഇവാഞ്ചലൈസേഷന്റെ കീഴിൽ ഉള്ളതാണ്.

**ബൈബിൾ കൺവെൻഷൻ**

3/09/2026 വ്യാഴാഴ്ച ബിഷപ്സ് ഹൗസിൽ വച്ച് 44-ാം രൂപത ബൈബിൾ കൺവെൻഷൻ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. തോമസ് ഓലായത്തിൽ, അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത്, ഉൾപ്പെടെ 14 അംഗങ്ങൾ പങ്കെടുത്തു.

23/09/2026 ൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കൺവെൻഷൻ മിനിസ്ട്രി ലീഡേഴ്സിന്റെ മീറ്റിംഗ് ഡയറക്ടർ ഫാ. തോമസ് ഓലായത്തിലിന്റെ നേതൃത്വത്തിൽ കൂടി ചർച്ച ചെയ്തു. 24 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)

**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

## കരിസ്മാറ്റിക് വാർത്തകൾ

**വെള്ളിയാഴ്ച കൺവെൻഷൻ**

പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ എല്ലാ വെള്ളിയാഴ്ചയും രാവിലെ 9 മണി മുതൽ 1.30 വരെ ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. തോമസ് ഓലായത്തിലച്ചന്റെയും, അസി. ഡയറക്ടർ ഫാദർ പോൾ കുന്നുംപുറത്തിന്റെയും സോണൽ സേവനസമിതിയുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്നു. കുരിശിന്റെ വഴി, കരുണക്കൊന്ത, ജപമാല, നിയോഗപ്രാർത്ഥന, സ്തുതിയാരാധന, വചനപ്രഘോഷണം, ആരാധന, വി. കുർബാന, നേർച്ചക്കഞ്ഞി എന്നിവ നടത്തപ്പെടുന്നു. സെപ്റ്റംബർ 4,11,18,25 തീയതികളിൽ കൺവെൻഷൻ നടത്തപ്പെട്ടു. സെപ്റ്റംബർ 18-ാം തീയതി ബ്ര. ഡോമിനിക് പി.ഡി (മരിയൻ യൂക്രിസ്റ്റിക് മിനിസ്ട്രി, യു.എസ്.എ) ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള വചനം പങ്കുവച്ചു. ധാരാളം ആളുകൾ വന്നു പങ്കെടുത്ത് അനുഗ്രഹം ലഭിച്ചു മടങ്ങുന്നു.

**കുടുംബസംഗമം**

പാലാ സോൺ കരിസ്മാറ്റിക് സേവനസമിതിയംഗങ്ങളും, സബ് സോൺ സേവനസമിതിയംഗങ്ങളും ചേർന്നുള്ള കുടുബസംഗമം കിഴതടിയൂർ സെന്റ് ജോസഫ് & സെന്റ് ജൂഡ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് 25-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. കുടുംബസംഗമത്തിൽ 20 ഫൊറോനാകളിൽനിന്നായി ഏകദേശം 200 ഓളം ആളുകൾ പങ്കെടുത്തു. കരിസ്മാറ്റിക് അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ കുന്നുംപുറം വചനസന്ദേശം നൽകി. രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചയ്ക്ക് ഒരു മണിക്ക് ഉച്ചഭക്ഷണത്തോടുകൂടി അവസാനിച്ചു.

**രാത്രിയാരാധന**

എല്ലാ മാസവും അവസാനത്തെ ശനിയാഴ്ച അൽഫോൻസാ ചാപ്പലിൽ നടത്തിവരുന്ന രാത്രിയാരാധന സെപ്റ്റംബർ 26-ാം തീയതി ശനിയാഴ്ച രാത്രി 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ചു. ആരാധന, വചനസന്ദേശം, പ്രൈസ് & വർഷിപ്, ജപമാല, കരുണക്കൊന്ത, കുരിശിന്റെ വഴി, നിയോഗ മധ്യസ്ഥപ്രാർത്ഥന എന്നിവ നടന്നു. വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. ബഹുമാനപ്പെട്ട ഫാ. ജോസഫ് ഓണാട്ട് VC, പത്തനംതിട്ട 7 മണിക്ക് കുർബാന അർപ്പിച്ചു വചനം പങ്കുവച്ച് ആരാധന നടത്തി. ഡയറക്ടർ തോമസ് ഓലായത്തിലച്ചനും, പോൾ കുന്നുംപുറത്തച്ചനും സോണൽ സേവനസമിതിയംഗങ്ങളും നേതൃത്വം നൽകി.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)

**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ സെപ്റ്റംബർ 11 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണക്ലാസ്**

സെപ്റ്റംബർ 10ന് പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

**സോണൽ മീറ്റിംഗ്**

കോട്ടയം ജില്ലാ ജീസസ് ഫ്രട്ടേണിറ്റി സോണൽ മീറ്റിംഗ് സെപ്റ്റംബർ 16ന് കാഞ്ഞിരപ്പള്ളിയിൽ വച്ചു നടത്തപ്പെട്ടു മീറ്റിങ്ങിൽ അംഗങ്ങളെല്ലാം പങ്കെടുത്തു. തുടർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച

ചെയ്യുകയും കേരള സംസ്ഥാന ജില്ലാ ജയിലുകളിലെയും സബ്ജയിലുകളിലെയും ക്ലാസുകൾക്കുള്ള വിഷയം സമർപ്പിക്കുകയും ചെയ്തു.

**കൗൺസെലിങ്**

പാലാ മീനച്ചിൽ സബ് ജയിലിൽ കഴിയുന്ന അന്തേവാസികൾക്കായി സെപ്റ്റംബർ 16, 23 തീയതികളിൽ കൗൺസെലിങ് നടത്തി.

**യൂണിറ്റ് സമ്മേളനം**

സെപ്റ്റംബർ 25 ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം:** രണ്ടാം ശനിയാഴ്ചകൾ തോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - സെപ്റ്റംബർ 12 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം:** സെപ്റ്റംബർ 13 മുതൽ 19 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3. Adorator Regni Dei :** മൗണ്ട് നെബോ ആബാഭവനത്തിൽ വന്ന് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കു ദൈവരാജ്യാനുഭവത്തിൽ വളരുന്നതിനായി ക്രമീകരിച്ചിരിക്കുന്ന Adorator Regni Dei എന്ന വേദിയുടെ ഈ മാസത്തിലെ സെഷനുകൾ സെപ്റ്റംബർ 28 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ നടത്തി. ദിവസം മുഴുവനും നിശ്ശബ്ദമായ ദിവ്യകാരുണ്യ ആരാധന, കുമ്പസാരിക്കാനും വ്യക്തിപരമായി ആത്മീയ ഉപദേശം തേടാനുമുള്ള അവസരം, പൊതുവായ വിശുദ്ധ കുർബാനയർപ്പണം, തിരുവചന വിചിന്തനം എന്നിവയാണ് ആത്മീയാന്വേഷകർക്കായി ഈ വേദിയിൽ ക്രമീകരിച്ചിട്ടുള്ളത്.

**4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:**

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm

ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2026 ഒക്ടോബർ 11 ഞായർ, 5 pm - 17 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം.

2026 ഡിസംബർ 27 ഞായർ, 5 pm - 2027 ജനുവരി 2 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിംഗിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**എക്സിക്യൂട്ടീവ്**

3-09-2026 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് നടത്തപ്പെട്ടു.

**ഭാഷാപദ്ധതി**

1. കളത്തൂർ സെന്റ് മേരീസ് സ്കൂൾ
2. ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ
3. അറക്കുളം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ
4. ഉഴവൂർ ഒ.എൽ.എൽ.എച്ച്.എസ്

**ദീപികയ്ക്കൊപ്പം അധ്യാപകർ**

സമുദായശക്തീകരണവർഷത്തിൽ പാലാ രൂപതയിലെ അധ്യാപകരും ദീപികയ്ക്കൊപ്പം എന്ന പദ്ധതി സ്കൂളുകളിൽ ഉദ്ഘാടനം ചെയ്തു.

**സ്കൂളുകൾ**

1. പാലാ സെന്റ് തോമസ് ഹൈസ്കൂൾ
2. എസ് എം.എച്ച്.എസ്, പാലാ
3. എസ്.എം.എൽ.പി.എസ്, പാലാ
4. എസ്.എം.എച്ച്.എസ്, പ്രവിത്താനം
5. സെന്റ് മാത്യൂസ് എൽപിഎസ്, പ്രവിത്താനം
6. സെന്റ് മേരീസ് ഹൈസ്കൂൾ, ഭരണങ്ങാനം
7. സെന്റ് തോമസ് ടി.ടി.ഐ, പാലാ
8. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ, പാലാ

9. സെന്റ് ആന്റണീസ് ഹൈസ്കൂൾ, പ്ലാശനാൽ
10. സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ, പ്ലാശനാൽ
11. ഹോളിക്രോസ് ഹൈസ്കൂൾ, ചേർപ്പുങ്കൽ
12. ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂൾ, ചേർപ്പുങ്കൽ
13. സെന്റ് ജോസഫ് ടി.ടി.ഐ, മുത്തോലി
14. സെന്റ് ജോസഫ് ഹൈസ്കൂൾ, മുത്തോലി
15. സെന്റ് ജോൺസ് നെപുംസ്യാൻസ് ഹൈസ്കൂൾ, കൊഴുവനാൽ
16. സെന്റ് ജോൺസ് നെപുംസ്യാൻസ് ഹയർ സെക്കൻഡറി സ്കൂൾ കൊഴുവനാൽ
17. ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ, കാഞ്ഞിരമറ്റം
18. ലിറ്റിൽ ഫ്ളവർ എൽ.പി.എസ്, കാഞ്ഞിരമറ്റം
19. സെന്റ് മേരീസ് എൽ.പി.എസ്, മുഴൂർ
20. സെന്റ് ജോസഫ് ഹൈസ്കൂൾ, മഞ്ഞാമറ്റം
21. സെന്റ് ജോസഫ് എൽ.പി.എസ്, മഞ്ഞാമറ്റം
22. ഹോളി ഫാമിലി എൽ.പി.എസ്, മണലുങ്കൽ
23. സെന്റ്റ് അലോഷ്യസ് ഹൈസ്കൂൾ, മണലുങ്കൽ
24. സെന്റ് ജോസഫ് ഹൈസ്കൂൾ, മാൻവെട്ടം
25. സെന്റ് തോമസ് എൽ.പി.എസ്, മരങ്ങാട്ടുപിള്ളി
26. സെന്റ് തോമസ് ഹൈസ്കൂൾ, മരങ്ങാട്ടുപിള്ളി
27. സെന്റ് മേരീസ് ഹൈസ്കൂൾ, കുറവിലങ്ങാട്
28. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ, കുറവിലങ്ങാട്
29. സെന്റ് മേരീസ് എൽ.പി. സ്കൂൾ, കുറവിലങ്ങാട്
30. സെന്റ് മേരീസ് ബോയ്സ് എൽ.പി.എൽ.പി, കുറവിലങ്ങാട്
31. സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, കുറവിലങ്ങാട്
32. സെന്റ് ആഗ്നസ് ഗേൾസ് ഹൈസ്കൂൾ, മുട്ടുചിറ
33. സെന്റ് മേരീസ് എൽ.പി സ്കൂൾ, മുട്ടുചിറ
34. ഹോളിഗോസ്റ്റ് ബോയ്സ് ഹൈസ്കൂൾ, മുട്ടുചിറ
35. സെന്റ് മൈക്കിൾസ് എൽ.പി സ്കൂൾ, കടുത്തുരുത്തി
36. വൊക്കേഷണൽ ഹൈസ്കൂൾ, മണ്ണാറപ്പാറ

37. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, മണ്ണാറപ്പാറ
38. സെന്റ് സേവ്യേഴ്സ് എൽ.പി സ്കൂൾ, മണ്ണാറപ്പാറ
39. ഇമ്മാനുവൽസ് ഹയർ സെക്കൻഡറി സ്കൂൾ, കോതനല്ലൂർ
40. ഇമ്മാനുവൽസ് ഹൈസ്കൂൾ, കോതനല്ലൂർ
41. സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂൾ, പ്രവിത്താനം
42. സെന്റ് മേരീസ് എൽപിഎസ്, വെള്ളിലാപ്പള്ളി
43. സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ, വെള്ളിലാപ്പള്ളി
44. സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂൾ, രാമപുരം
45. എസ് എച്ച്.ജി. ഹൈസ്കൂൾ, രാമപുരം
46. എസ് എച്ച് ജി.എൽ.പി സ്കൂൾ, രാമപുരം
47. സെന്റ് ജോസഫ് ഹൈസ്കൂൾ, മാനത്തൂർ
48. സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, കടനാട്
49. സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ, കടനാട്
50. സെന്റ് മാത്യൂസ് എൽ.പി സ്കൂൾ, കടനാട്
51. സെന്റ് ജോർജ് എൽ.പി സ്കൂൾ, എലിവാലി
52. സെന്റ് ജോൺസ് ഹൈസ്കൂൾ, കുറുമണ്ണ്
53. സെന്റ് ജോസഫ് യു. പി സ്കൂൾ, നീലൂർ
54. സെന്റ് മേരീസ് എൽ.പി. സ്കൂൾ, മേരിലാന്റ്
55. ലിറ്റിൽ ഫ്ളവർ യു. പി. സ്കൂൾ, മുണ്ടാങ്കൽ
56. പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ, പാലാ.
57. സെന്റ് മേരീസ് എൽ.പി.എസ്, പാലാ
58. സെന്റ് മേരീസ് ഹൈസ്കൂൾ, പാലാ

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# ഇൻഫാം

---

പാലാ കാർഷികജില്ലാ സെക്രട്ടറി തോമസ് മറ്റത്തിന്റെ സഹോദര ന്റെ നിര്യാണത്തിൽ 12-9-2026 ലും മാതാവിന്റെ നിര്യാണത്തിൽ 17-9-2026 ലും ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, നാഷണൽ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ എക്സി. കമ്മിറ്റി അംഗങ്ങൾ എന്നിവർ ഭവനം സന്ദർ

ശിച്ച് ഒപ്പീസ് ചൊല്ലുകയും റീത്ത് സമർപ്പിച്ച് സന്ദേശം നൽകുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി**

17-9-2026 ൽ സെക്രട്ടറി തോമസ് മറ്റത്തിന്റെ ഭവനത്തിൽ വച്ച് ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റികൂടി അദ്ദേഹത്തിന്റെ സഹോദരന്റെയും മാതാവിന്റെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. പാലാ കാർഷികജില്ലാ റാലിയും സമ്മേളനവും നടത്തുന്നതിനെപ്പറ്റി ആലോചിച്ചു. സാധ്യമായാൽ ഡിസംബർ 12-ാം തീയതി നടത്തുന്നതു സംബന്ധിച്ചു ചർച്ച ചെയ്തു.

**സംസ്ഥാന സമിതി**

21-9-2026 ൽ പാറത്തോട് എം.ഡി.എസിൽ കൂടിയ സംസ്ഥാന സമിതി യോഗത്തിൽ പാലായിൽ നിന്ന് ഫാ. ജോസ് തറപ്പേൽ, ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, മാത്യു മാമ്പറമ്പിൽ, സണ്ണി അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര, തോമസ് മറ്റം എന്നിവർ പങ്കെടുത്തു. നവംബർ 10 നുമുമ്പ് ജില്ലാ അസംബ്ലികൾ നടത്തുന്നതിനും കേരഗ്രാമം പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിനും പദ്ധതിയുടെ സീസ് ബാങ്കായി താമരശ്ശേരി രൂപതയെ ചുമതലപ്പെടുത്തുന്നതിനും സംസ്ഥാനസമിതിയോഗം തീരുമാനിച്ചു.

**ഫാ. ജോസഫ് തറപ്പേൽ** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## SEPTEMBER 2026

| | | |
|---|---|---|
| 3 | 9.30 am | റവ.ഡോ.ജേക്കബ് കട്ടയ്ക്കലച്ചന്റെ സ്മരണാർത്ഥം 'Mysticism: East and West' എന്ന വിഷയത്തെ ആധാരമാക്കി വടവാതൂർ സെമിനാരിയിൽവച്ചു നടന്ന സിംപോസിയത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ചു സന്ദേശം നൽകി. |
| 4 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 5 | 11.30 pm | ഇടമറ്റം പള്ളിയിൽവച്ച് ബഹു. ജോസഫ് നരിതൂക്കിലച്ചന്റെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. |
| 6 | 10.30 am | മാർ സ്ലീവാ മെഡിസിറ്റി അനസ്തേഷ്യോളജിവിഭാഗം സംഘടിപ്പിച്ച CME പ്രോഗ്രാമിൽ അധ്യക്ഷത വഹിച്ചു. |
| 7 | 4.00 pm | കോതമംഗലം രൂപതയിലെ നെടിയശാല പള്ളിയിൽ പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 8 | 10.00 am | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർഥാടനപ്പള്ളിയിൽ എട്ടുനോമ്പുതിരുനാളിന്റെ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 3.00 pm | പാലാ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയും പി.എസ്.ഡബ്ല്യു.എസും സംയുക്തമായി നടത്തുന്ന സംരംഭമായ 'കുട്ടികളും കൃഷിയിലേക്ക്' എന്ന പ്രോഗ്രാമിന്റെ ഉദ്ഘാടനവും പച്ചക്കറിത്തൈവിതരണവും നിർവഹിച്ചു. |
| | 6.00 pm | പൈങ്ങുളത്ത് പുതിയ പള്ളിക്ക് അടിസ്ഥാനശില ആശീർവദിച്ചു സ്ഥാപിച്ചു. |

| | | |
|---|---|---|
| 9-10 | 2.30 pm | കുടയത്തൂർ പള്ളിയിൽ പുത്തേട്ട് ശ്രീ കുര്യൻ മത്തായിയുടെ സംസ്കാരശുശ്രൂഷകളിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 6.00 pm | മൂന്നാർ മൗണ്ട് കാർമ്മൽ ബസിലിക്കയിൽ വച്ചു നടന്ന റീജിയണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു. |
| 11 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ PDMET മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 5.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ ഗ്യാസ്ട്രോ സയൻസ് ആൻഡ് പൾമനറി ബ്ലോക്കിന്റെ ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. |
| 12 | 3.45 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ ശ്രീ ജോർജുകുട്ടിസാറിന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു. |
| 13 | | പിറവം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 14 | | മാർ സ്ലീവാ മെഡിസിറ്റിയിൽ ഹോം ഡേയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിക്കുകയും ബോൺ മാരോ ആൻഡ് സ്റ്റെംസെൽ ട്രാസ്പ്ലാന്റ് യൂണിറ്റിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. |
| | 12.00 pm | കുറവിലങ്ങാട് ദേവമാതാ കോളേജിൽ പുതിയ Exam Centre വെഞ്ചരിച്ചു. |
| 15 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ NCF മീറ്റിങ്ങിൽ പങ്കെടുത്തു. |
| 16 | 11.00 am | ഭരണങ്ങാനം പള്ളിയിൽ വച്ച് കൂറ്റനാൽ മാത്യുവിന്റെയും സാന്ദ്രയുടെയും വിവാഹം ആശീർവദിച്ചു. |
| | 11.30 am | ചേർപ്പുങ്കൽ സ്കൂളിൽ അധ്യാപകനായിരുന്ന പരേതനായ ഇല്ലിക്കൽ മജോസാറിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 18-19 | | ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ചു നടന്ന CBCI സ്റ്റാൻഡിങ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു. |
| 19 | 2.30 pm | ചൂണ്ടച്ചേരി SJIHMCT യിൽ വച്ചുനടന്ന അന്താരാഷ്ട്ര സെമിനാറിൽ സമാപനസന്ദേശം നൽകി. |

| | | |
|---|---|---|
| 20 | 8.15 am | ഉരുളികുന്നം ഇടവകയിൽ പുതിയ പാരിഷ് ഹാളിന്റെ കല്ലിടീൽകർമ്മം നിർവഹിച്ചു. |
| 21 | 9.00 am | തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ അബ്രാഹം മോർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| | 02.30 pm | പെരിങ്ങുളംപള്ളിയിൽവച്ച് പ്രളയദുരന്തത്തിൽ നിര്യാതനായ ഉറവപ്പാവിൽ ജോസഫിന്റെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 22 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 24 | 10.00 am | പാലാ B.Ed. കോളേജിൽ രാജ്യാന്തരസെമിനാർ ഉദ്ഘാടനം ചെയ്തു. |
| | 2.00 pm | ചൂണ്ടച്ചേരി SJCET യുടെ രജതജൂബിലിസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. |
| 25 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | പാലാ അൽഫോൻസാ കോളേജിൽ Outreach and Social Commitment Initiatives and Handing Over the Report of Free Water Quality Testing Drive എന്ന പ്രോഗ്രാമിൽ അധ്യക്ഷത വഹിച്ചു. |
| 26 | 4.30 pm | നവീകരിച്ച അരുവിത്തുറപ്പള്ളിയുടെ വെഞ്ചരിപ്പ് നടത്തി. |
| 26-27 | | നമ്പ്യാകുളം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 4.00 pm | പാലാ സെന്റ് വിൻസെന്റ് പ്രൊവിഡൻസ് ഹോമിൽ സന്ദർശനം നടത്തി. |
| 28 | 9.45 am | പാലാ രൂപതാ വൈദികരുടെ തുടർപരിശീലനപരിപാടി അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 29 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |












## 2026 സെപ്റ്റംബർ 25

പാലാ അൽഫോൻസാ കോളേജിൽ വച്ചുനടന്ന

**"OUTREACH AND SOCIAL COMMITMENT INITIATIVES & HANDING OVER THE REPORT OF FREE WATER QUALITY TESTING DRIVE"**

എന്ന പ്രോഗ്രാമിന്റെ ഉദ്ഘാടനം
കേരള ജലവിഭവവകുപ്പുമന്ത്രി
ശ്രീ. മോൻസ് ജോസഫ് നിർവഹിച്ചു.
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
അധ്യക്ഷത വഹിച്ചു സംസാരിച്ചു.



2026
സെപ്റ്റംബർ
25

## ബേസ് അപ്രേം നസ്രാണി ദയറയുടെ 20-ാം ശിലാസ്ഥാപന വാർഷികാഘോഷം













അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു.
കൽദായ സുറിയാനി സഭയുടെ മാർ ഔഗിൻ മെത്രാപ്പോലിത്ത,
യാക്കോബായസഭയുടെ മാത്യൂസ് മോർ തിമോത്തിയോസ് മെത്രാപ്പോലിത്ത
എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി



**2026 സെപ്റ്റംബർ 26**

നവീകരിച്ച അരുവിത്തുറ സെന്റ് ജോർജ്ജ് ഫോറോനാ പള്ളിയുടെ

# വെഞ്ചരിപ്പ് കർമ്മം

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**2026 സെപ്റ്റംബർ 28**

ബാച്ച് I

പാലാ രൂപതാ

# വൈദികരുടെ തുടർപരിശീലനപരിപാടി



**“Digital Wellness”**

എന്ന വിഷയത്തെ സംബന്ധിച്ച് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. തേവര കോളേജ് പ്രൊഫസർ ഫാ. ജോസഫ് കുമ്പുക്കൽ ക്ലാസുകൾ നയിച്ചു.

# ഇടയനടുത്ത സന്ദർശനം

## - പിറവം -

**2026 സെപ്റ്റംബർ 12, 13**





















ഇടയനടുത്ത
സന്ദർശനം
2026 സെപ്റ്റംബർ 26-27,
നമ്പ്യാകുളം

ജീവമന്ന
വചനം ജീവിതമാകാൻ
ജീവിതം സ്വർഗ്ഗമാകാൻ
Season II-2026-2027

29 സെപ്റ്റംബർ 2026

## പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന

## ജീവമന്ന സീസൺ 2
പഠന പുസ്തകം

## അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് പ്രകാശനം ചെയ്തു.



# സ്നേഹസ്മരണയ്ക്ക്



**സി. അലോഷ്യ SABS**
**വരിയ്ക്കമാക്കൽ**

ഇടവക : കുറുമണ്ണ്
ജനനം : 17.07.1939
നിത്യവ്രതം : 20.05.1965
മരണം : 14.09.2026
മൃതസംസ്കാരം : ചീങ്കല്ലേൽ

**സേവനമണ്ഡലങ്ങൾ**

സേവ്യർപുരം, കടുത്തുരുത്തി, വടകര, കാഞ്ഞിരമറ്റം, കടനാട്, മുട്ടുചിറ, പൈക, റോസ്ഭവൻ



**സി. ആൻസി മേരി CMC**
**മുപ്പറത്തറ**

ഇടവക : കിളിരൂർ
ജനനം : 22.12.1937
നിത്യവ്രതം : 31.05.1967
മരണം : 23.09.2026
മൃതസംസ്കാരം : മുട്ടുചിറ

**സേവനമണ്ഡലങ്ങൾ**

കാങ്കർ,കുറവിലങ്ങാട്, കാളികാവ്, കിരണ്ടൂർ, കൊണ്ടകാവ്, പിറവം, മുട്ടുചിറ



**സി. ഷാർളിൻ SABS**
**കണിയാരകത്ത്**

ഇടവക : രാമപുരം
ജനനം : 03.05.1946
നിത്യവ്രതം : 27.05.1969
മരണം : 26.09.2026
മൃതസംസ്കാരം : നെല്ലിയാനി

**സേവനമണ്ഡലങ്ങൾ**

നെല്ലിയാനി, കിളിയന്തറ, നസ്രത്ത്ഹിൽ, ചീങ്കല്ലേൽ, പൈക, മരങ്ങാട്ടുപിള്ളി, കുന്നോന്നി, അരുവിത്തുറ, മുട്ടം, കുര്യനാട്, മൈസൂർ, കടുത്തുരുത്തി, ക്രൈസ്റ്റ് ഹാൾ, വടകര ശാലോം, ഉരുളികുന്നം, കളത്തൂർ

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




## 2026 സെപ്റ്റംബർ 24

25 വർഷത്തെ മികവിന്റെ പാരമ്പര്യവുമായി സുവർണ്ണശോഭയിൽ നിൽക്കുന്ന
പാലാ സെന്റ് ജോസഫ്സ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ്
ടെക്നോളജി (SJCET) ഓട്ടോണമസിന്റെ
**സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് പ്രൗഢഗംഭീരമായ തുടക്കം.**



*Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil*